
KNANAYADEEPAM

# ക്നാനായദീപം

Vol: 37 / Issue: 4 April 2026 ₹:20/-



# 1st Death Anniversary
29th April 2026



# Rev. Fr. T. M. Mathew
## Thykuttathil, Kallissery / Florida

One year in the presence of the God you faithfully served, yet forever alive in our hearts. Your light, grace, and legacy of service and prayer remain in every memory and heart you touched. Though gone from our sight, your spirit continues to guide and bless us all.

Matthew 25:21 – “Well done, good and faithful servant… Enter into the joy of your master.”

With love and gratitude for a life of faithful service — Thykuttathil family, Florida

Advt - O

# ക്നാനായ ദീപം

2026 ഏപ്രിൽ പുസ്തകം 37 ലക്കം 4

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ഏലിയാവിന്റെ യാഗപീഠവും... 09
അഖിൽ മനോജ് പുന്നുച്ചേരിൽ

അവധിക്കാലം: കുട്ടികൾക്ക് 15
സുനിൽ ഡി. കുരുവിള

നിത്യതയുടെ തീരത്തുള്ള യാത്ര 17
പ്രൊഫ. എം.എ. ഏബ്രഹാം മണിമലേത്ത്

വിശ്വാസത്തിന്റെ ശക്തമായ... 18
ജയ്നമ്മ മർക്കോസ്

മതി യഹോവേ എന്റെ പ്രാണനെ.... 19
സണ്ണി ഇളംപുരയിടത്തിൽ

ഏവൻഗേലിയോൻ ദീപം 20
ഫാ. റ്റിജു ഏബ്രഹാം വാലുപറമ്പിൽ
ഫാ. ശൈനോ മർക്കോസ് കൊച്ചുമംഗര

അബ്രഹാമിന്റെ വിശ്വാസം... 23
സണ്ണി ജേക്കബ് കാട്ടുവേലിൽ

ക്ഷമയുടെ മഹത്വം 24
സി.ഐ. ചാക്കോ കൊച്ചുപറമ്പിൽ

ആത്മവിദ്യാലയം 25
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

35 അമ്മയെന്ന എന്റെ ചിന്ത
മനോജാ ജേക്കബ് കരോട്ട്

37 രണ്ടാം വരവ്
കൊച്ചുമോൻ പള്ളിക്കപറമ്പിൽ

38 **Commit your burdens...**
Seema Shinto, Kanniyel

39 മഹതിയാം ബാബിലോൺ
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

41 മല്പാനോട് ചോദിക്കാം

43 മാട്രിമോണിയൽ


**SCAN & PAY**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan) Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.knanayadeepam.in


**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**




**വേഗം വരുന്ന നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദീപം വായനക്കാർക്ക് സ്നേഹവന്ദനം**

കർത്താവിൽ പ്രിയരെ,

ലോകചരിത്രത്തിലേക്കും ഏറ്റവും അത്ഭുതകരമായ മഹദ് സംഭവമാണ് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം. യേശുവിനെ പരസ്യമായിട്ടാണ് ഗോഗുൽത്താ മലയിൽ ക്രൂശിച്ച് കൊന്നതും, ശരീരം അടക്കം ചെയ്തതും. റോമാ ഗവൺമെന്റിന്റെ മുദ്ര കല്ലറയിൽ കുത്തിയതും. എന്നാൽ മൂന്നാം ദിവസം കല്ലറ ശൂന്യമായിക്കിടന്നു. യേശു ഉയർത്തെഴുന്നേറ്റു. കേട്ടവർ അത്ഭുതപ്പെട്ടു. താൻ ഉയർത്തെഴുന്നേൽക്കുമെന്നു യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു എങ്കിലും അവർ അത് അത്ര കാര്യമാക്കിയില്ല. എന്നാൽ വാസ്തവമായി അത് സംഭവിച്ചു. പ്രത്യാശയുടെ പെരുന്നാളാണ് പുനരുത്ഥാനം. ഈ ലോകത്തിലെ ദോഷശക്തികളുടെമേൽ യേശു വിജയം വരിച്ചു. ചരിത്രപുരുഷനായ യേശുവിനെ സമകാലികനായ ക്രിസ്തുവാക്കി മാറ്റിയ നിസ്തുല സംഭവമായ പുനരുത്ഥാനംവഴി നിരാശയിൽ നിന്നും പ്രത്യാശഭംഗത്തിൽ നിന്നും മോചിക്കപ്പെട്ട് ജ്വലിക്കുന്ന ഒരു പുതു ശക്തിയാൽ രൂപാന്തരപ്പെട്ട ശിഷ്യന്മാരുടെ ജീവിതം ഒരു സാക്ഷ്യമായിത്തീർന്നു. നമ്മുടെ പിതാക്കന്മാർ ആരാധനയ്ക്കു കൂടുമ്പോൾ യേശു ഉയർത്തെഴുന്നേറ്റു എന്ന് പട്ടക്കാരൻ പ്രഖ്യാപിക്കുമ്പോൾ അത്രേ അവൻ വാസ്തവമായി ഉയർത്തിരിക്കുന്നു എന്ന് ജനങ്ങൾ പ്രത്യുത്തരമായി പ്രസ്താവിക്കും. ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനപ്രമാണമത്രേ പുനരുത്ഥാനം എന്ന തത്വം. ഈ പുനരുത്ഥാനത്തെപ്പറ്റിയുള്ള പ്രഘോഷണമത്രെ ക്രിസ്തുമതം എന്ന് പറയുന്നത്. വി. പൗലോസ് പറയുന്നു "ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു എന്നു പ്രസംഗിച്ചുവരുന്ന അവസ്ഥയ്ക്ക് മരിച്ചവരുടെ പുനരുത്ഥാനം ഇല്ലാ എന്ന് നിങ്ങളിൽ ചിലർ പറയുന്നതു എങ്ങനെ? മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കോരി. 15:12-14). എല്ലാ വിശുദ്ധ കുർബ്ബാനയിലും വിശ്വാസികൾ ഇങ്ങനെ ഏറ്റു പറയുന്നു "കർത്താവേ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും, നിന്റെ ഉയർപ്പിനെ ഏറ്റുപറയുകയും രണ്ടാമത്തെ വരവിനായി നോക്കിപാർക്കുകയും ചെയ്യുന്നു" ഇതാണ് സത്യവിശ്വാസം. ഈ വിശ്വാസമത്രെ ഏതു കാലത്തുമുള്ള തന്റെ ഭക്തന്മാരെ ഭരിച്ചിരുന്നത്. ഈ തത്വം പരാജയത്തിൽ നിന്ന് വിജയവും മരണത്തിൽ നിന്ന് ജീവനും, ശൂന്യതയിൽ നിന്ന് ഉണ്മയും കൈവരുത്തുവാൻ കഴിവുള്ള ദൈവം ജീവിക്കുന്നു എന്നത്രെ ക്രിസ്തീയ അനുഭവം. ആത്മീയമായി അധഃപതിച്ച് പാപത്തിൽ മരിച്ചുകിടക്കുന്ന മനുഷ്യവർഗ്ഗത്തെ ജീവന്റെ പുതുക്കത്തിൽ നടത്തുവാൻ കഴിവുള്ള ക്രിസ്തുവിന്റെ ശക്തിയത്രെ അവനിലുള്ള വിശ്വാസം. തകർന്നു കിടക്കുന്ന ഏത് ആത്മാവിന്നും ചൈതന്യം നൽകി ശക്തിപ്പെടുത്തി ദൈവകൃപയിൽ നടത്തുവാൻ ഈ വിശ്വാസത്തിന് ശക്തിയുണ്ട്. അതത്രേ അവന്റെ പുനരുത്ഥാനശക്തി. ഭൗമികമായ സുഖങ്ങളെ പാപത്തിന്റെ താത്ക്കാലിക ഭോഗങ്ങളെക്കാൾ ഉപരിയായി ദൈവ ഇഷ്ടത്തെ കരുതുന്നവർക്കു മാത്രമേ ഈ അപ്രമേയ ശക്തി പ്രാപിക്കുവാൻ കഴിയുകയുള്ളൂ. അവന്റെ പുനരുത്ഥാന ശക്തിയിൽ നാം വിശ്വസിക്കുന്നുവെങ്കിൽ നാം അനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങളും നമുക്ക് സകലവും നന്മയ്ക്കായി ഉതകുകതന്നെ ചെയ്യും.

ഈസ്റ്റർ ദിനത്തിൽ കല്ലറയിലേയ്ക്ക് പോയ ആളുകൾക്ക് യേശു ഉയർത്തെഴുന്നേറ്റു എന്ന അസന്നിഗ്ദ്ധമായ പ്രഖ്യാപനവും വാർത്തയുമാണ് കേൾക്കാൻ സാധിച്ചത്. ഈ വാക്കുകളെ ആഘോഷിക്കാനും ജീവിക്കുന്ന ക്രിസ്തുവിനെ ആരാധിക്കുവാനുമായി നാം "യേശുക്രിസ്തു ഉയർത്തു ജീവിക്കുന്നു പരലോകത്തിൽ ജീവിക്കുന്നു. ഹാ, ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ യേശു കർത്താവ് ജീവിക്കുന്നു. എന്നേശു ജീവിക്കുന്നായതിനാൽ ഞാനും എന്നേക്കും ജീവിക്കയാം, ഇനി തന്നെ പിരിഞ്ഞൊരു ജീവിതമില്ല" എന്ന വരികൾ ഹൃദയം തുറന്നു നമുക്ക് പാടാം. ഓരോ നാളും കർത്താവിന്റെ സാന്നിദ്ധ്യം നമ്മെ സന്തോഷിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. യേശുവിന്റെ അമിതമായ ശക്തി നമ്മുടെ അകത്തെ മനുഷ്യനിൽ വ്യാപരിച്ച് നമ്മെ തന്റെ സ്വരൂപത്തിൽ ആകൃതിപ്പെടുത്തുകയും നാം അഭിമുഖീകരിക്കേണ്ടി വരുന്ന പോരാട്ടങ്ങളിലും പരീക്ഷകളിലും വിജയിക്കാനായി സഹായിക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച് തന്റെ പുനരുത്ഥാന ശക്തി അനുഭവിച്ച ലോകമെമ്പാടുമുള്ള ജനസമൂഹത്തെയാണ് സഭ എന്ന് പറയുന്നത്. ഈ സമൂഹത്തിൽ വ്യത്യസ്ത ചിന്താഗതിക്കാരും സംസ്ക്കാരമുള്ളവരും ഉണ്ടായിരിക്കാം. ക്രൈസ്തവർ ദേശത്തിനും, ഭാഷയ്ക്കും അപ്പുറമായി എന്തൊക്കെ വ്യത്യാസങ്ങളുണ്ടെങ്കിലും അവയെല്ലാം മറന്ന് കൂട്ടായ്മയുടെ കരം കൊടുക്കുവാൻ സന്നദ്ധരാകണം. പരസ്പരം വിശ്വസിക്കുവാനും സ്നേഹിക്കുവാനും സഭ തയ്യാറാകേണ്ടതാണ്. കാരണം സഭയ്ക്ക് ഒരു നാഥനും ഒരു സന്ദേശവും ഒരു ശുശ്രൂഷയുമാണുള്ളത്. മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവാണ് പരിശുദ്ധാത്മാവിനെ എല്ലാവർക്കും പ്രാപിക്കത്തക്കവണ്ണം നൽകിയത്. പരിശുദ്ധാത്മാവിനെ തിരിച്ചറിഞ്ഞ് ശക്തിപ്പെടുകയാണ് വിശ്വാസി ചെയ്യേണ്ടത്.

ഈ നൂറ്റാണ്ടിലെ മനുഷ്യൻ ഒന്നിനും വേണ്ടത്ര വില കല്പിക്കാതെയും ആരേയും കാര്യമായും അനുസരിക്കാതെയും ജീവിക്കുകയാണ്. ദൈവത്തിനും ആരാധനാലയങ്ങൾക്കും, മതഗ്രന്ഥങ്ങൾക്കും മാതാപിതാക്കൾക്കും കല്പിച്ചിരുന്ന ആദരവും ബഹുമാനവും എല്ലാം നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. നന്ദിയും കടപ്പാടും കാണിക്കാനും അനേകരും തയ്യാറാകുന്നില്ല. മായവും കൃത്രിമങ്ങളും ചേർന്ന ആഹാര സാധനങ്ങളാണ് ഭക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നത്.

മനുഷ്യസ്വഭാവവും ചിന്താഗതികളും മനോഭാവങ്ങളും നിരാശാജനകമായിത്തീർന്നിട്ടും മതപരമായ ആഘോഷ

*(ശേഷം പേജ് 10-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2026 ഏപ്രിൽ മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്; ഈ മാസത്തിന്റെ തുടക്കത്തിൽ തന്നെ വലിയ വെള്ളിയും ഈസ്റ്ററും ഭക്തിപൂർവ്വം നാം ആചരിച്ചു, തുടർന്ന് നാല്പതാം ദിവസത്തിൽ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം സഭ ആചരിക്കുന്നു. സ്വർഗ്ഗാരോഹണം ക്രിസ്തീയ വിശ്വാസത്തിലെ അതിഗൗരവമേറിയ രഹസ്യങ്ങളിലൊന്നാണ്, കാരണം ഭൂമിയിൽ മനുഷ്യനായി അവതരിച്ച ദൈവപുത്രൻ മനുഷ്യരക്ഷ യാഥാർത്ഥ്യമാക്കിയതിനു ശേഷം പിതാവിന്റെ മഹത്വത്തിലേക്ക് ഉയരുന്നു എന്നതാണ് ഇതിന്റെ കേന്ദ്രസന്ദേശം. ''ദൈവം മനുഷ്യനായത് മനുഷ്യൻ ദൈവികതയിൽ പങ്കാളിയാകേണ്ടതിനായിട്ടാണ്'' എന്ന സഭാപിതാവായ വി. അത്താനാസിയോസിന്റെ വാക്കുകൾ ഈ രഹസ്യത്തിന്റെ ആഴം വെളിപ്പെടുത്തുന്നു. അതിനാൽ, സ്വർഗ്ഗാരോഹണം ക്രിസ്തു ഭൂമിയെ വിട്ടുപോയ ഒരു സംഭവം മാത്രമല്ല; മനുഷ്യസ്വഭാവം ദൈവസന്നിധിയിലേക്ക് ഉയർത്തപ്പെട്ട മഹത്തായ സത്യത്തിന്റെ പ്രഖ്യാപനമാണ്. പാപത്തെയും മരണത്തെയും ജയിച്ച് പിതാവിന്റെ വലതു ഭാഗത്ത് ഇരിക്കുന്ന ക്രിസ്തുവിലൂടെ മനുഷ്യർക്കായി ഒരു പുതിയ വഴി തുറക്കപ്പെടുകയും ദൈവത്തോടുള്ള ബന്ധം ജീവിക്കുന്ന അനുഭവമായി മാറുകയും ചെയ്യുന്നു. സ്വർഗ്ഗാരോഹണം നമ്മെ പഠിപ്പിക്കുന്നത് ഭൂമിയിലെ ജീവിതം ദൈവത്തിലേക്കുള്ള ഒരു തീർത്ഥയാത്രയാണെന്നും ക്രിസ്തുവിന്റെ സാക്ഷികളായി ലോകത്തിൽ ജീവിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ടെന്നുമാണ്; നിങ്ങൾ എന്റെ സാക്ഷികളാകും" എന്ന യേശുവിന്റെ വാക്കുകൾ ഈ സന്ദേശത്തെ കൂടുതൽ ശക്തമാക്കുന്നു. അതുകൊണ്ട് സ്വർഗ്ഗാരോഹണം ഒരു വിടവാങ്ങൽ മാത്രമല്ല, മറിച്ച് ദൈവിക സാന്നിധ്യത്തിന്റെ പുതിയ രൂപമാണ്; ക്രിസ്തു നമ്മെ വിട്ടുപോയിട്ടില്ല, എല്ലായിടത്തും എല്ലാ സമയത്തും നമ്മോടൊപ്പം ഇരിക്കാൻ അവൻ ഉയർന്നിരിക്കുകയാണ്, ഈ വിശ്വാസം നമ്മെ ശക്തിപ്പെടുത്തുകയും പ്രത്യാശയിലേക്ക് നയിക്കുകയും ചെയ്യണം.

സ്വർഗ്ഗാരോഹണത്തിനുശേഷം പെന്തിക്കോസ്തിവരെയുള്ള പത്തു ദിവസങ്ങൾ സഭ "കാത്തിരിപ്പിന്റെ ദിനങ്ങൾ" ആയി ആചരിക്കുന്നു; ഈ ദിനങ്ങൾ പ്രത്യാശയുടെയും പ്രാർത്ഥനയുടെയും ആത്മീയ ഒരുക്കത്തിന്റെയും വിശുദ്ധ കാലമാണ്. ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ മഹത്വത്തിൽ ഇരിക്കുമ്പോൾ, ശിഷ്യന്മാർ ഭൂമിയിൽ ദൈവ വാഗ്ദാനത്തിന്റെ നിറവേറലിനായി കാത്തിരിക്കുന്നു. എന്നാൽ ഈ കാത്തിരിപ്പ് ഭയത്തിന്റെയോ അനിശ്ചിതത്വത്തിന്റെയോ അല്ല; "പരിശുദ്ധാത്മാവിനെ നിങ്ങൾ സ്വീകരിക്കും" എന്ന യേശുവിന്റെ ഉറച്ച വാഗ്ദാനത്തിൽ നിറഞ്ഞ പ്രതീക്ഷയുടെ കാത്തിരിപ്പാണ് ഇത്. അപ്പസ്തോലന്മാർ ഒരുമിച്ചു കൂടി, നിരന്തര പ്രാർത്ഥനയിൽ നിലനിൽക്കുകയും ദൈവത്തിന്റെ പദ്ധതിയിൽ അചഞ്ചലമായ വിശ്വാസത്തോടെ കാത്തിരിക്കുകയും ചെയ്തു. വിശുദ്ധ ദൈവമാതാവിന്റെ സാന്നിധ്യം ഈ കാത്തിരിപ്പിന് കൂടുതൽ ആത്മീയ ആഴം നൽകുന്നു, കാരണം ദൈവത്തിന്റെ വാഗ്ദാനങ്ങളെ ഹൃദയത്തിൽ സൂക്ഷിച്ച് നിശ്ശബ്ദമായി കാത്തിരിക്കാൻ മാതാവ് നമ്മെ പഠിപ്പിക്കുന്നു. ഈ പത്തു ദിവസങ്ങൾ ആത്മപരിശോധനയ്ക്കും മാനസാന്തരത്തിനും പ്രാത്ഥനയുടെ ആഴത്തിലേക്കുള്ള യാത്രയ്ക്കുമായി നമുക്ക് നൽകിയിരിക്കുന്ന അവസരമാണ്; നമ്മെ രൂപാന്തരപ്പെടുത്തുന്നതും, ആത്മാവിനെ ദൈവത്തിനായി ശുദ്ധീകരിക്കുന്ന ഒരു ആത്മീയയാത്രയായി മാറണം. അതിനാൽ, ഈ വിശുദ്ധകാലത്ത് നാം നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ച്, പ്രാർത്ഥനയിൽ ഉറച്ചുനിന്ന്, ദൈവകൃപയ്ക്കായി തുറന്നവരായി ജീവിക്കാൻ ശ്രമിക്കണം.

ഏപ്രിൽ, മെയ് മാസങ്ങളിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മ സഭ ഭക്തിപൂർവ്വം ആചരിക്കുന്നു; സഭയിൽ ഏറെ ആദരിക്കപ്പെടുന്ന രക്തസാക്ഷികളിൽ പ്രമുഖനാണ് അദ്ദേഹം. റോമൻ സൈനികനായിരുന്നെങ്കിലും, തന്റെ ജീവിതത്തിൽ ക്രിസ്തുവിന് അദ്ദേഹം മുൻതൂക്കം നൽകി. ക്രിസ്തുവിനോടുള്ള അചഞ്ചലമായ സ്നേഹവും സമർപ്പണവും അധികാരത്തിന്റെയും പീഡനത്തിന്റെയും മുമ്പിൽ പോലും തളരാത്തതുമാണ് അദ്ദേഹത്തെ മഹാനാക്കുന്നത്. ക്രിസ്തുവിനെ നിഷേധിക്കാൻ സമ്മർദ്ദം വന്നപ്പോൾ, ഭയമില്ലാതെ തന്റെ വിശ്വാസം പ്രഖ്യാപിച്ച അദ്ദേഹം ആത്മീയ യുദ്ധത്തിലെ വിജയിയായി സഭയിൽ വാഴ്ത്തപ്പെടുന്നു. "ഡ്രാഗൺ" കഥ ദുഷ്ടതയ്ക്കെതിരായ ആത്മീയ പോരാട്ടത്തിന്റെ പ്രതീകമായി നമ്മെ ഓർമ്മിപ്പിക്കുമ്പോൾ, വിശുദ്ധരുടെ ജീവിതം ആത്മീയ സത്യങ്ങളുടെ ദൃശ്യഭാഷയാണെന്ന പിതാക്കന്മാരുടെ ഉപദേശം ഇതിലൂടെ വ്യക്തമാണ്. അതു

*(ശേഷം പേജ് 10-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

50 ദിവസത്തെ നോമ്പിനും പ്രാർത്ഥനയ്ക്കും ശേഷം, യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ വലിയ സന്തോഷത്തിലും സമാധാനത്തിലുമാണല്ലോ നമ്മുടെ സമുദായം ഇപ്പോൾ ആയിരിക്കുന്നത്. ഈ ഈസ്റ്റർ അനുഭവം നൽകുന്ന പ്രകാശവും ആത്മവിശ്വാസവും വർഷം മുഴുവൻ നമ്മുടെ ജീവിതത്തിൽ നിലനിൽക്കട്ടെ എന്ന് ആദ്യമേ പ്രാർത്ഥിക്കുന്നു.

അടുത്ത അഞ്ചുവർഷം കേരളം ആരു ഭരിക്കണമെന്ന് തീരുമാനിക്കുന്നതിനുള്ള വോട്ടെടുപ്പ് പൂർത്തിയായല്ലോ. സമ്മതിദാനാവകാശം വിനിയോഗിക്കുക എന്നത് ഓരോ പൗരന്റെയും പരമപ്രധാനമായ കടമയാണ്. ആ ഉത്തരവാദിത്വം കൃത്യമായി നിറവേറ്റിയ എല്ലാവർക്കും അഭിനന്ദനങ്ങൾ. ഇപ്പോൾ നാം ഇലക്ഷൻ ഫലത്തിനായുള്ള കാത്തിരിപ്പിലാണ്. വിവേകപൂർവ്വം വോട്ട് രേഖപ്പെടുത്തിയ എല്ലാ വോട്ടർമാരുടെയും ആഗ്രഹംപോലെ സമാധാനത്തോടെ ജീവിക്കാനും കേരളത്തെ മികച്ച രീതിയിൽ മുന്നോട്ട് നയിക്കാനും സാധിക്കുന്ന ഒരു കരുത്തുറ്റ ഗവൺമെന്റ് ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

ക്നാനായ വനിതാസമാജം ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ. ക്നാനായ വനിതാസമാജത്തിന്റെ മൂന്ന് മേഖലകളിലുമുള്ള തിരഞ്ഞെടുപ്പ് നടപടികൾ വിജയകരമായി പൂർത്തീകരിച്ച്, കേന്ദ്രഭാരവാഹികളെയും തിരഞ്ഞെടുത്തു കഴിഞ്ഞിരിക്കുകയാണല്ലോ. തിരഞ്ഞെടുക്കപ്പെട്ട എല്ലാ ഭാരവാഹികളെയും ക്നാനായ സമുദായത്തിന്റെ പേരിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. വരുന്ന മൂന്നുവർഷക്കാലത്തെ നിങ്ങളുടെ പ്രവർത്തനങ്ങൾ വനിതാ സമാജത്തിന്റെ കരുത്ത് വർദ്ധിപ്പിക്കുന്നതിനും സമുദായത്തിന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്കും മുതൽക്കൂട്ടാവട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങളുടെ ഓരോ നീക്കവും സമുദായ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ എഴുതപ്പെടുന്ന മികച്ച പ്രവർത്തനങ്ങളായി മാറട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, ഒരിക്കൽകൂടി എല്ലാ ഭാരവാഹികൾക്കും വിജയങ്ങൾ നേരുന്നു.

സമുദായ പൈതൃകവും ഭരണഘടനാപരമായ കരുത്തും "ക്നാനായ സമുദായത്തിന്റെ സമാനതകളില്ലാത്ത പൈതൃകവും പാരമ്പര്യവും വിശുദ്ധമായ സ്വവംശ വിവാഹനിഷ്ഠയും കാത്തുസൂക്ഷിക്കുവാൻ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്. കഴിഞ്ഞ 1680 ൽ പരം വർഷങ്ങളായി ഈ അനന്യത അഭംഗുരം പരിരക്ഷിക്കുന്നതിനായി നമ്മുടെ പിതാക്കന്മാർ സഹിച്ച ത്യാഗങ്ങൾ നിസ്തുലമാണ്. എന്നാൽ ആധുനിക കാലഘട്ടത്തിൽ സമുദായത്തിന്റെ ഈ സവിശേഷ സ്വഭാവത്തെ തകർക്കുവാൻ പല കോണുകളിൽ നിന്നും ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. സുറിയാനി ക്നാനായ സമുദായത്തിന് സുശക്തമായ ഒരു ഭരണഘടന നിലവിലുള്ളതിനാൽ, ആശങ്കകളില്ലാതെ നമ്മുടെ പാരമ്പര്യവും പൈതൃകവും മുറുകെപ്പിടിക്കുവാൻ നമുക്ക് സാധിക്കുന്നു. നിർഭാഗ്യവശാൽ, നമ്മുടെ സഹോദര വിഭാഗമായ ക്നാനായ കത്തോലിക്കാ സമുദായത്തിന് പാരമ്പര്യസംരക്ഷണത്തിന് ആവശ്യമായ ഇത്തരം സുരക്ഷിത ഭരണഘടനാ വ്യവസ്ഥകളുടെ അഭാവം തിരിച്ചടിയാകുകയും, അത് കോടതികളിൽ ചോദ്യം ചെയ്യപ്പെട്ട് അവരുടെ സ്വവംശ വിവാഹനിഷ്ഠയ്ക്ക് വെല്ലുവിളിയായി മാറുകയും ചെയ്തിരിക്കുകയാണ്. സമുദായത്തിന്റെ നിലനിൽപ്പ് തന്നെ പ്രതിസന്ധിയിലായ ഈ ഘട്ടത്തിൽ കത്തോലിക്കാ വിഭാഗത്തിലെ നമ്മുടെ സഹോദങ്ങൾക്ക് താങ്ങുംതണലുമായി ക്നാനായ സുറിയാനി വിഭാഗം എന്നും നിലകൊള്ളുമെന്ന് ഉറപ്പു നൽകുന്നു"

ക്നാനായ കത്തോലിക്കാ സമുദായത്തിന് എതിരെ ബഹു.കേരള ഹൈക്കോടതിയിൽ നിന്നുണ്ടായ വിധി നമ്മുടെ സമുദായത്തെ എപ്രകാരം ബാധിക്കും എന്നതിനെക്കുറിച്ച് പലർക്കും ആശങ്കയുള്ളതായും നിരവധി പേർ മെസ്സേജുകളിലൂടെയും ഫോണിലൂടെയും ബന്ധപ്പെടുന്നു.

ഈ സാഹചര്യത്തിൽ വിഷയത്തെക്കുറിച്ച് ലഘുവായ ഒരു വിശദീകരണം നൽകാൻ ആഗ്രഹിക്കുന്നു. കേരള ഹൈക്കോടതി വിധി (RSA No. 656/2022) പ്രധാന കണ്ടെത്തലുകൾ:

**സ്വവംശ വിവാഹനിഷ്ഠ (Endogamy):**

കോട്ടയം അതിരൂപതയിൽ നിലനിൽക്കുന്ന, സമുദായത്തിന് പുറത്തു നിന്ന് വിവാഹം കഴിക്കുന്നവരെ പുറത്താക്കുന്ന രീതി (Enforced Endogamy) ക്രിസ്തീയ ധാർമ്മികതയ്ക്കും വചനത്തിനും വിരുദ്ധമാണെന്ന് കോടതി നിരീക്ഷിച്ചു.

**ഭരണഘടനാപരമായ അവകാശം:**

വിവാഹം കഴിക്കാനുള്ള അവകാശം ഭരണഘടന ഉറപ്പു നൽകുന്ന വ്യക്തിസ്വാതന്ത്ര്യത്തിന്റെ (Article 19, 21) ഭാഗമാണെന്നും, സമുദായത്തിന് പുറത്തുനിന്ന് വിവാഹം കഴിച്ചു

എന്ന കാരണത്താൽ സമുദായ അംഗത്വം റദ്ദാക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും വിധിയിൽ പറയുന്നു.

ജന്മത്തിൽ കൂടി ലഭിക്കുന്ന സമുദായംഗത്വം റദ്ദാക്കാൻ മാർപ്പാപ്പായ്ക്ക് അല്ലാതെ മറ്റാർക്കും അധികാരമില്ലെന്ന് കോടതി വ്യക്തമാക്കി. 1911 ലെ പാപ്പൽ വിളംബരത്തിൽ (Pappal Bull) സമുദായത്തിന് പുറത്തു നിന്ന് വിവാഹം കഴിക്കുന്നവരെ പുറത്താക്കാൻ വ്യവസ്ഥയില്ലെന്നും കോടതി നിരീക്ഷിച്ചു.

**ബൈലോയുടെ സാധുത:**

2008 ൽ കൊണ്ടുവന്ന ബൈലോയിലെ (Ext B1) വിവേചനപരമായ വ്യവസ്ഥകൾ നിലനിൽക്കില്ലെന്നും, ജനനം വഴി ലഭിക്കുന്ന സമുദായംഗത്വം ഇത്തരം നിയമങ്ങളിലൂടെ ഇല്ലാതാക്കാൻ കഴിയില്ലെന്നും കോടതി വ്യക്തമാക്കി.

കോട്ടയം അതിരൂപതാംഗങ്ങൾ സമുദായത്തിന് പുറത്തുള്ള കത്തോലിക്കരെ വിവാഹം കഴിച്ചാലും അവരുടെ സമുദായംഗത്വം നഷ്ടപ്പെടില്ലെന്നും, അവർക്ക് കൂദാശകൾ സ്വീകരിക്കാൻ അവകാശമുണ്ടെന്നും കോടതി വിധി പ്രസ്താവിച്ചു.

ഹൈക്കോടതിവിധി നമ്മുടെ സമുദായത്തെ സംബന്ധിച്ച് ദോഷകരമാണ് എന്നത് വസ്തുതയാണ്. എങ്കിലും സുപ്രീം കോടതി അംഗീകരിച്ചു തന്ന ഒരു ഭരണഘടന നമുക്കുള്ളതുകൊണ്ട്, ആ ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് നിയമപരമായ വെല്ലുവിളികളെ നേരിടാൻ നമുക്ക് സാധിക്കും.

എന്നിരുന്നാലും നിലവിലുള്ള ഭരണഘടനയിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്. നിലവിൽ ക്ലോസ് 26,49 (b) എന്നിവയിലാണ് ഇടവകയോഗ മെമ്പർഷിപ്പിനെക്കുറിച്ചും ക്നാനായത്വത്തെക്കുറിച്ചും പരാമർശിക്കുന്നത്. മുൻകാലങ്ങളിൽ ക്നാനായത്വത്തെ ചോദ്യം ചെയ്യുന്ന സാഹചര്യങ്ങൾ ഇല്ലാതിരുന്നതിനാലാകാം കൂടുതൽ വിശദീകരണം 2003 ഭരണഘടനയിൽ ഉൾപ്പെടുത്താതിരുന്നത്.

ഈ സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട് 2024 ൽ ഇപ്പോഴത്തെ ക്നാനായ കമ്മിറ്റി ക്നാനായ അസ്സോസിയേഷനിൽ ഒരു ഭേദഗതി (Amendment) കൊണ്ടുവരികയും അത് പാസ്സാക്കുകയും ചെയ്തിരുന്നു. ആ ഭേദഗതി ഇപ്രകാരമാണ്.

"ക്നാനായക്കാർ എന്നാൽ ക്നാനായ മാതാപിതാക്കളിൽ നിന്ന് മാത്രം ജനിച്ച് ക്നാനായ സമുദായ ഭരണഘടനയും അംഗീകരിച്ച് അതിൻപ്രകാരം ജീവിക്കുന്ന വ്യക്തികൾ മാത്രമാകുന്നു."എന്നാൽ നിർഭാഗ്യവശാൽ, ഈ ഭേദഗതിക്കെതിരെ സഹായമെത്രാന്മാരായ ഗ്രിഗോറിയോസ് തിരുമേനിയും, ഈവാനിയോസ് തിരുമേനിയും കോട്ടയം കോടതിയിൽ (OS 204/24) കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് ഇത് സ്റ്റേ ചെയ്യപ്പെട്ടിരിക്കുകയാണ്. അതിനാൽ നിലവിൽ ഇത് നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ഈ സ്റ്റേ നീങ്ങുകയോ, അല്ലെങ്കിൽ കേസ് ഫയൽ ചെയ്തവർ അത് പിൻവലിക്കുകയോ ചെയ്താൽ സമുദായത്തിന് മുന്നിലുള്ള ഇത്തരം നിയമപരമായ വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ സാധിക്കുമെന്ന് എല്ലാ സമുദായ അംഗങ്ങളെയും അറിയിക്കുന്നു.

ക്നായിത്തൊമ്മൻ ദുക്റോനോ ആചരിച്ചു. സമുദായ ഐക്യത്തിന്റെ പുതു ചരിത്രമായി കൊടുങ്ങല്ലൂർ സംഗമം ക്നാനായ കത്തോലിക്കാ-സുറിയാനി വിഭാഗങ്ങളെ കോർത്തിണക്കി രൂപീകൃതമായ ക്നാനായ ഗ്ലോബൽ പാർലമെന്റ് (KGP) നേതൃത്വത്തിൽ കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിൽ ക്നായിത്തൊമ്മൻ ദുക്റോനോ ഭക്തിപൂർവ്വം ആചരിച്ചു. ലോകമെമ്പാടുമുള്ള ക്നാനായക്കാരെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കെ.ജി.പി.യുടെ ഈ വർഷത്തെ സംഗമം സമുദായ ഐക്യത്തിന്റെ വിളംബരമായി മാറി. 36-ാം ഞായറാഴ്ച രാവിലെ കൊടുങ്ങല്ലൂർ പൈതൃക സ്മാരകത്തിലെ വിശുദ്ധ ക്നായിത്തൊമ്മൻ ദൈവാലയത്തിൽ ഫാ. മെറ്റോ വെട്ടിപ്പറമ്പലിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം കെ.ജി.പി. ആഗോള പ്രസിഡന്റും സുറിയാനി സമുദായ സെക്രട്ടറിയുമായ റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോബി പറക്കൽ ചരുവിൽ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു.

രണ്ടു വിഭാഗങ്ങളിലെയും വിശ്വാസികൾക്കിടയിൽ കൂടുതൽ ആഴത്തിലുള്ള ബന്ധം സ്ഥാപിക്കുന്നതിനും പൈതൃക സംരക്ഷണത്തിനുമായി കെ.ജി.പി. നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് സമ്മേളനം വിലയിരുത്തി. കേരളത്തിന്റെ വിവിധ ഇടവകകളിൽ നിന്നായി നൂറുകണക്കിന് കത്തോലിക്കാ, സുറിയാനി, വിഭാഗത്തിലുള്ള ആളുകൾ ചടങ്ങുകളിൽ സംബന്ധിച്ചു. സെക്രട്ടറി സാബു ചെമ്മലക്കുഴിയിൽ. ഡൊമിനിക് സാവിയോ വാച്ചാൽ ചിറയിൽ, സജി താന്നിക്കൻ, സാബു കണ്ണാട്ടിപ്പുഴ, വില്ലി വടാമറ്റം, ടി.സി. തോമസ് തോപ്പിൽ, ഫാ. മെറ്റോ വെട്ടിപറമ്പിൽ, വി.എ. ഏബ്രഹാം കുഴികണ്ടത്തിൽ, ടോണി അട്ടച്ചിറയിൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിനുശേഷം വിശുദ്ധ ക്നായിത്തൊമ്മന്റെ കബറിങ്കൽ സംയുക്ത ധൂപപ്രാർത്ഥനയും നടത്തി. ലോകവ്യാപകമായി യൂണിറ്റുകളുള്ള കെ.ജി.പി. ക്നാനായ സമുദായത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും ഇരുവിഭാഗങ്ങളും തമ്മിലുള്ള വൈവാഹിക ബന്ധങ്ങൾ ഉൾപ്പെടെയുള്ള സഹകരണം ശക്തമാക്കുന്നതിനും വരുംദിവസങ്ങളിൽ കൂടുതൽ കർമ്മപദ്ധതികൾ ആവിഷ്കരിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ഓതറ നസ്രേത്ത് ഫാർമസി കോളേജിന്റെ വികസന പാതയിലെ പുതിയ നാഴികക്കല്ലായ 'സേവേറിയോസ് അക്കാദമിക് ബ്ലോക്കിന്റെ പ്രവർത്തന ഉദ്ഘാടനവും, തോട്ടയ്ക്കാട് Severios Knanaya Institute of Management (SKIMT International) കോളേജിന്റെ ലോഗോ പ്രകാശനവും സംയുക്തമായി നടന്നു. ഓതറ നസ്രേത്ത് ഫാർമസി കോളേജ് ക്യാമ്പസിൽ നടന്ന ചടങ്ങിൽ കേരള ഫിഷറീസ്, സാംസ്കാരിക, യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം നിർവ്വഹിച്ചു.

പുതിയ ബ്ലോക്കിന്റെ കൂദാശ കർമ്മം ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത നിർവ്വഹിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ അദ്ദേഹം അദ്ധ്യക്ഷത വഹിച്ചു. സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഡോ. മനോജ് ടി.ആർ. (സിൻഡിക്കേറ്റ് മെമ്പർ, കേരള യൂണിവേഴ്സിറ്റി), വിഷ്ണു സജീവ്, യൂറോപ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എം.ഡി., ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ് ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരി, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, പ്രീസ്റ്റ് ട്രസ്റ്റി ഫാ.

എം.സി.സ്ക്കറിയ മധുരംകോട്ട്, കോളേജ് സെക്രട്ടറി പി. എ. ഏബ്രഹാം കുഴികണ്ടത്തിൽ, മാനേജർ ഇ.കെ. സണ്ണി ഇടയാടിയിൽ, റ്റി.കെ. കുര്യൻ തേക്കാട്ടിൽ. ബൈജുമോൻ ചാക്കോ പുലയകുന്നിൽ, ടോണി കുര്യാക്കോസ് അട്ടച്ചിറ, ലിൻസോ ഇളവങ്കുളം, പി.കെ. കുര്യൻ പാട്ടമ്പലത്ത്, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, രാജു വള്ളപ്പുരയക്കൽ, പ്രൊഫ. ബേബി പുളിക്കാവിൽ, ഡോ.എൽസി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

ക്നാനായ അസ്സോസിയേഷനിലേക്ക് 2023-ൽ ജനാധിപത്യപരമായ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട പള്ളി പ്രതിനിധികളെയും സമുദായ നേതൃത്വത്തെയും അസ്ഥിരപ്പെടുത്താനുള്ള ചില വ്യക്തികളുടെ നീക്കം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അമേരിക്കയിലുള്ള വാഴയിൽ ഏബ്രഹാം എന്ന വ്യക്തി, ചിങ്ങവനം ഒറ്റത്തൈക്കൽ കുരുവിള തോമസ് മുഖാന്തിരം കോട്ടയം സബ് കോടതിയിൽ ഫയൽ ചെയ്ത കേസ് പരാജയപ്പെട്ട സാഹചര്യത്തിൽ, വീണ്ടും അപ്പീലുമായി ജില്ലാക്കോടതിയെ സമീപിച്ചിരിക്കുന്നത് ദയനീയമായ ഒരു കാഴ്ചയാണ്. സമുദായാംഗങ്ങൾ അചഞ്ചലമായ വിശ്വാസമർപ്പിച്ച് തിരഞ്ഞെടുത്ത ഭരണസമിതിയെ അട്ടിമറിക്കാൻ ശ്രമിക്കുന്നവർ സമുദായത്തോടാണ് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിൽ നാം ഗൗരവമായി കാണേണ്ട ചില വസ്തുതകളുണ്ട്. വൻഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ട നേതൃത്വത്തെ കാലാവധി പൂർത്തിയാക്കാൻ അനുവദിക്കില്ലെന്ന ഈ പിടിവാശി ജനാധിപത്യ വിരുദ്ധമാണ്. ജനങ്ങൾ നൽകിയ അംഗീകാരത്തെ കോടതി മുറിയിൽ ചോദ്യം ചെയ്യുന്നത് സമുദായത്തിലെ ഓരോ വോട്ടറെയും അധിക്ഷേപിക്കുന്നതിന് തുല്യമാണ്.

അസ്സോസിയേഷൻ പിരിച്ചുവിടണമെന്നും ഭാരവാഹികളെ പ്രവർത്തിക്കാൻ അനുവദിക്കരുതെന്നും ആവശ്യപ്പെട്ടതിലൂടെ സമുദായത്തിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും സ്തംഭിപ്പിക്കാനാണ് ഇവർ ലക്ഷ്യമിടുന്നത്. സമുദായ നന്മയെക്കാൾ ഉപരി സ്വന്തം താല്പര്യങ്ങൾക്കാണ് ഇവർ മുൻഗണന നൽകുന്നത്. നിലവിൽ ഹൈക്കോടതിയിൽ കേസുകൾ നടക്കുമ്പോൾ തന്നെ വീണ്ടും പുതിയ നിയമയുദ്ധങ്ങൾ തുടങ്ങുന്നത് സമുദായത്തിന്റെ പൊതുപണം വക്കീൽ ഫീസ് ഇനത്തിലും മറ്റും ധൂർത്തടിക്കാൻ മാത്രമേ ഉപകരിക്കൂ. സമുദായ പുരോഗതിക്കായി വിനിയോഗിക്കേണ്ട സമ്പത്ത് കോടതി കയറ്റുന്ന ഈ പ്രവൃത്തിക്ക് ഇവർ സമുദായത്തിന് മറുപടി നൽകേണ്ടിവരും.

സമുദായത്തിന്റെ ഐക്യത്തെയും വികസനത്തെയും പിന്നിൽനിന്ന് കുത്തുന്ന ഇത്തരം വ്യക്തികളെ നാം പൂർണ്ണമായും ഒറ്റപ്പെടുത്തണം. സമുദായത്തിന് ഗുണകരമായ ഒരു കാര്യവും ചെയ്യാതെ, കേസ് കൊടുത്തു തളർത്താൻ നോക്കുന്നത് വിലപ്പോവില്ല. സമുദായത്തെ സ്നേഹിക്കുന്നവർ ഇത്തരം കുത്സിത നീക്കങ്ങൾക്കെതിരെ ഒന്നിച്ച് നിൽക്കണം. ജനങ്ങൾ തിരഞ്ഞെടുത്ത നേതൃത്വത്തെ അസ്ഥിരപ്പെടുത്താൻ നോക്കുന്നവർ സമുദായ ദ്രോഹപരമായ കാര്യങ്ങളാണ് ചെയ്യുന്നത് എന്ന് അവർ മനസ്സിലാക്കുക.

സമുദായത്തിലെ സഹായ മെത്രാന്മാരുടെ അധികാരാവകാശങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി വലിയ മെത്രാപ്പോലീത്താ നിയോഗിച്ച വൈദികസമിതി, ക്നാനായ കമ്മിറ്റിയുമായി 2026 മാർച്ച് 3 ന് കൂടിക്കാഴ്ച നടത്തി. വലിയ മെത്രാപ്പോലീത്തായുടെ പ്രത്യേക അനുഗ്രഹത്തോടും നിർദ്ദേശത്തോടുംകൂടി നടന്ന ഈ ചർച്ച സമുദായത്തിന്റെ ഭാവിയെ സംബന്ധിച്ച് പ്രാധാന്യമുള്ളതായിരുന്നു.

സമുദായത്തിന്റെ നിലവിലുള്ള ഭരണഘടനയ്ക്ക് നിയമസംഹിതകൾക്കും ഉള്ളിൽ നിന്നുകൊണ്ടുള്ള പരിഹാരമാർഗ്ഗങ്ങൾക്കാണ് ചർച്ചയിൽ മുൻഗണന നൽകിയത്.

ക്നാനായ സമുദായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് സമ്മേളനം ഏപ്രിൽ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ചിങ്ങവനത്തെ സമുദായ ആസ്ഥാനത്തുള്ള അസ്സോസിയേഷൻ ഹാളിൽവെച്ച് നടക്കും. സമുദായത്തിന്റെ സമഗ്രമായ പുരോഗതിയും വികസനവും ലക്ഷ്യമിട്ടുള്ള ബൃഹത്തായ പദ്ധതികളും അടങ്ങുന്ന ബഡ്ജറ്റാണ് ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നത്. ബഡ്ജറ്റ് അവതരണത്തിനു പുറമെ, സമുദായം നിലവിൽ നേരിടുന്ന വിവിധ സമകാലിക വിഷയങ്ങളും അടിയന്തരമായി പരിഹരിക്കേണ്ട പ്രശ്നങ്ങളും യോഗത്തിൽ വിശദമായി ചർച്ച ചെയ്യും. സമുദായാംഗങ്ങളുടെ ക്ഷേമവും ഐക്യവും ഉറപ്പാക്കുന്നതിനുള്ള സുപ്രധാന തീരുമാനങ്ങൾ ഈ സമ്മേളനത്തിൽ ഉണ്ടാകും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അസ്സോസിയേഷൻ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി പ്രത്യേക ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. വിദേശത്തുള്ള അംഗങ്ങൾക്ക് സമ്മേളന നടപടികളിൽ തൽസമയം പങ്കുചേരുന്നതിനും അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനുമായി ഓൺലൈൻ പ്ലാറ്റ്ഫോംവഴി സൗകര്യമൊരുക്കും. സമുദായത്തിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്ന ഈ നിർണ്ണായക സമ്മേളനത്തിൽ എല്ലാ പ്രതിനിധികളും കൃത്യസമയത്ത് സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓസ്ട്രേലിയൻ ക്നാനായ സംഗമം 2026 സമുദായത്തെ തനിമയും പാരമ്പര്യവും ഊട്ടിയുറപ്പിക്കാൻ ഒരു മഹാസംഗമം ഓസ്ട്രേലിയയിലെ ബ്രിസ്ബേനിൽ 2026 ഏപ്രിൽ 10,11,12 തീയതികളിലായി ക്നാനായ സമുദായ സംഗമം സമുചിതമായി ആഘോഷിച്ചു. ക്നാനായ സമുദായത്തിന്റെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കുവാനും വരും തലമുറകളിലേക്ക് അത് പകർന്നു നൽകുവാനുമായി സംഘടിപ്പിക്കുന്ന ഈ സംഗമത്തിൽ സമുദായത്തിന്റെ ആത്മീയവും സാമൂഹികവുമായ നേതൃത്വം നേരിട്ട് പങ്കെടുത്തു. അഭി. ക്നാനായ സമുദായ വലിയ മെത്രപ്പോലീത്താ ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ഓസ്ട്രേലിയയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുള്ള നൂറു കണക്കിന് സമുദായ അംഗങ്ങളാണ് ഈ സംഗമത്തിൽ ഒത്തു ചേർന്നത്. സമുദായത്തിന്റെ ഏകീകരണത്തിനും പാരമ്പര്യ സംരക്ഷണത്തിനുമായി സംഘടിപ്പിച്ച ഈ ഒത്തു ചേരൽ വലിയൊരു വിജയമായി മാറുകയാണ്. ക്നാനായ കുടുംബങ്ങൾ തമ്മിലുള്ള ബന്ധം ദൃഢമാക്കുവാനും സമുദായബോധം വളർത്തുവാനും ഈ സംഗമം വലിയൊരു വേദിയായി മാറുന്നു.

സ്നേഹപൂർവ്വം
**റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ**
**സെക്രട്ടറി, ക്നാനായ സമുദായം**

# ഏലിയാവിന്റെ യാഗപീഠവും നമ്മുടെ നോമ്പുകാലവും

**അഖിൽ മനോജ് പുന്നൂച്ചേരിൽ**

ഇരുട്ടിൽ തപ്പിയ ജനതയ്ക്ക് വെളിച്ചം പകർന്നുകൊണ്ട് കർമ്മേൽ മലയിൽ പ്രവാചകൻ ഏലിയാവ് ഉയർത്തിയ ആ ചോദ്യം ഇന്നും നമ്മുടെ ഹൃദയങ്ങളിൽ മുഴങ്ങുന്നു. "നിങ്ങൾ എത്രത്തോളം മടിച്ചു മടിച്ചു നിൽക്കും? യഹോവ ദൈവമെങ്കിൽ അവനെ അനുഗമിപ്പീൻ; ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ" (1 രാജ. 18:21). ഇസ്രായേൽ ജനം സത്യദൈവത്തെ മറന്ന് ബാൽ വിഗ്രഹങ്ങളെ ആരാധിച്ച ഒരു നിർണ്ണായക ഘട്ടത്തിൽ, ദൈവിക ഇടപെടൽ അനിവാര്യമായിരുന്നു. എലിയാവ് പണിത യാഗപീഠത്തിൽ സ്വർഗ്ഗത്തിൽ നിന്ന് തീ ഇറങ്ങിയ ആ അത്ഭുതകരമായ സംഭവം, കേവലം ഒരു ചരിത്രപരമായ വസ്തുത മാത്രമല്ല, മറിച്ച് നമ്മുടെ ആത്മീയ ജീവിതത്തിൽ ഇന്നും പ്രസക്തമായ ആഴമേറിയ പാഠങ്ങൾ നൽകുന്നുണ്ട്. പ്രത്യേകിച്ച് നോമ്പുകാലത്ത്, നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ തീ ഇറങ്ങണമെങ്കിൽ ഏലീയാവിനെപ്പോലെ നാല് കാര്യങ്ങൾ നമ്മിലും ഉണ്ടാകണം.

**1. കഷ്ടതയിലും ദൈവത്തോട് ചേരുക**

ഏലിയാവ് യാഗപീഠം പണിത് തികച്ചും പ്രതികൂലമായ സാഹചര്യത്തിലായിരുന്നു. 450 ബാൽ പ്രവാചകന്മാരും 400 അശേരാപ്രവാചകന്മാരും ഒരു വശത്ത്, ഭയവിഹ്വലരായ ഇസ്രായേൽ ജനം മറുവശത്ത്. ഏലിയാവ് ഒറ്റയായിരുന്നു. തന്റെ ജീവൻപോലും അപകടത്തിലായിരുന്ന ആ കഷ്ടതയുടെ സമയത്താണ് അദ്ദേഹം ദൈവത്തിൽ ആശ്രയിച്ച് യാഗപീഠം പണിത്. ജീവിതത്തിൽ വളരെയധികം കഷ്ടപ്പാടുകളും പ്രയാസങ്ങളും ഉണ്ടാകാം. എന്നാൽ അത്തരം പ്രതികൂല സാഹചര്യങ്ങളിലാണ് നാം നമ്മുടെ 'യാഗപീഠം" പണിയേണ്ടത്. ലോകം ബാലിന് പിന്നാലെയും ഭൗതികതയ്ക്ക് പിന്നാലെയും പോകുമ്പോഴും, ഒറ്റയ്ക്കായാലും ദൈവത്തോടുള്ള വിശ്വസ്തതയും ആശ്രയത്വവും കൈവിടരുത്. കർത്താവിന്റെ കാൽവറി യാഗപീഠത്തോട് ചേർന്നു നിന്നാൽ, എത്ര വലിയ പ്രതിസന്ധിയിലും ഉയരങ്ങളിൽ നിന്നും ശക്തിയും അത്ഭുതകരമായ ഇടപെടലും ഉണ്ടാകും.

**2. നുറുങ്ങിയ ഹൃദയം**

ഏലിയാവിന്റെ പ്രാർത്ഥന ഹൃദയം നുറുങ്ങിയതായിരുന്നു. "അബ്രഹാമിന്റെയും യിസഹാക്കിന്റെയും യിസ്രായേലിന്റെയും ദൈവമായ യഹോവേ... നീ ദൈവം എന്നും ഞാൻ നിന്റെ ദാസൻ എന്നും ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കല്പനപ്രകാരം ചെയ്തു എന്നും ഇന്നു വെളിപ്പെട്ടു വരട്ടെ. യഹോവ, എനിക്കു ഉത്തരമരുളേണമെ... നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്നു ഈ ജനം അറിയേണ്ടതിനു എനിക്കു ഉത്തരമരുളേണമേ" (1 രാജാ.18:36,37). ഭൗതികമായ കാര്യങ്ങൾക്കപ്പുറം, ദൈവത്തിന്റെ നാമം മഹത്വപ്പെടാനും, ജനം സത്യദൈവത്തിലേയ്ക്ക് തിരിയാനും വേണ്ടിയുള്ളതായിരുന്നു ആ പ്രാർത്ഥന. നമ്മുടെ പ്രാർത്ഥനകൾ എത്രത്തോളം ആത്മാർത്ഥമാണ്? പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾ ഭൗതികമായ കാര്യങ്ങൾക്കും വ്യക്തിപരമായ ആവശ്യങ്ങൾക്കും മാത്രമായി തീരാറില്ലേ? ഹൃദയം നുറുങ്ങുന്നവർക്കാണ് യഹോവ സമീപസ്ഥൻ. ഹൃദയം നുറുങ്ങിയ പ്രാർത്ഥനകൾക്ക് സ്വർഗ്ഗത്തിൽ നിന്നും തീ ഇറങ്ങും. യാഗം സ്വീകരിക്കപ്പെടുകയും ചെയ്യും.

**3. വിശുദ്ധിയുള്ള സമർപ്പണം**

ഏലിയാവ് വിശുദ്ധിയോടെയാണ് യാഗപീഠം പണിതത്. നമ്മുടെ ശരീരം ദൈവം വസിക്കുന്ന ആലയമാണ്. ആ മന്ദിരം വിശുദ്ധിയോടെ കാത്തുപരിപാലിച്ചുകൊണ്ട് വേണം നാം യാഗപീഠത്തിനരികെ വരേണ്ടത്. നമ്മുടെ എല്ലാ ബന്ധങ്ങളിലും ഈ വിശുദ്ധി കാത്തുസൂക്ഷിക്കണം. അപ്പനേയും അമ്മയേയും സ്നേഹിക്കാതെയും, സഹോദരി സഹോദരന്മാരോട് നിരപ്പിലാകാതെയും വിശുദ്ധി കാത്തുസൂക്ഷിക്കാൻ സാധ്യമല്ല. മത്തായി 5:23,24 ൽ പറയുന്നതുപോലെ "നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവച്ചു ഓർമ്മ വന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചിട്ട്, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നു കൊൾക; പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക. ലഹരിയിലും ലോകസുഖങ്ങളിലും മുഴുകി ജീവിച്ചാൽ വിശുദ്ധി കാത്തുസൂക്ഷിക്കാൻ കഴിയില്ല. ആരാധനകളും പ്രാർത്ഥനകളും വിശുദ്ധിയോടെ അല്ലെങ്കിൽ ദൈവം പ്രസാദിക്കുകയില്ല. "നിങ്ങൾ കൈമലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറച്ചുകളയും. നിങ്ങൾ എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല. നിങ്ങളുടെ കൈ രക്തം കൊണ്ടു നിറഞ്ഞിരിക്കുന്നു" (യെശയ്യാവ് 1:15). വിശുദ്ധിയുള്ള സമർപ്പണമാണ് ദൈവപ്രസാദം നേടാനുള്ള വഴി.

**4. രക്ഷയുടെ അനുഭവം: കാൽവറിയിലെ യാഗം**

ഏലിയാവിന്റെ യാഗപീഠത്തിൽ സ്വർഗ്ഗത്തിൽ നിന്നും അഗ്നി ഇറങ്ങിയില്ലാതിരുന്നുവെങ്കിൽ ബാലിനെ സേവിച്ചുവന്ന ഇസ്രായേലിനും മറ്റു ജനങ്ങൾക്കും ഒരു രക്ഷയുടെ അനുഭവം ഉണ്ടാകയില്ലായിരുന്നു. തീ ഇറങ്ങിയപ്പോൾ ജനം ദൈവീകശക്തി തിരിച്ചറിഞ്ഞു.. "ജനം എല്ലാം അതു കണ്ടു കവിണ്ണുവീണു. യഹോവ തന്നേ ദൈവം, യഹോവ തന്നേ ദൈവം എന്നു പറഞ്ഞു" (1 രാജ. 18:39). ഇത് വെറുമൊരു അത്ഭുതപ്രവർത്തനം ആയിരുന്നില്ല, മറിച്ച് ഒരു ജനതയുടെ മാനസാന്തരത്തിലേക്കും രക്ഷയിലേക്കുമുള്ള വഴിയായിരുന്നു. പുതിയ നിയമത്തിൽ, സകല ജനങ്ങൾക്കും രക്ഷനേടാനായി ഒരു യാഗപീഠമുണ്ട്. കാൽവരിയിലെ യാഗപീഠം അതിന്മേൽ അറുക്കപ്പെട്ട കുഞ്ഞാടായ യേശു കിടക്കുന്നു. ജീവിതത്തിലെ സകല പ്രതിസന്ധികളിലും ആ യാഗപീഠത്തോട് ചേർന്നിരിക്കാം. നുറുങ്ങിയ ഹൃദയത്തോടെ കാൽവറി യാഗപീഠത്തിലേയ്ക്ക് വരാം. വിശുദ്ധിയോടെ ദൈവമന്ദിരമാകുന്ന ഈ ശരീരത്തെ യാഗവസ്തുവായി സമർപ്പിച്ച് നിത്യമായ രക്ഷയെ നമുക്ക് സ്വന്തമാക്കാം.

ഈ നോമ്പുകാലം വെറുമൊരു ചടങ്ങോ ഭക്ഷണ നിയന്ത്രണമോ മാത്രമല്ല, മറിച്ച് നമ്മുടെ ഉള്ളിലെ ബാൽ വിഗ്രഹങ്ങളെയും ലോകമോഹങ്ങളെയും തകർത്ത്, പൂർണ്ണഹൃദയത്തോടെ ദൈവത്തിലേയ്ക്ക് തിരിയാനുള്ള ഒരു അവസരമാണ്. ഏലിയാവിനെപ്പോലെ കഷ്ടതയിലും വിശ്വസിച്ച്, നുറുങ്ങിയ ഹൃദയത്തോടെ പ്രാർത്ഥിച്ച്, വിശുദ്ധിയോടെ സമർപ്പിച്ചാൽ, നമ്മുടെ ജീവിതത്തിലും ദൈവത്തിന്റെ പരിവർത്തനശക്തിയുള്ള അഗ്നി ഇറങ്ങും. "യഹോവ തന്നേ ദൈവം" എന്ന് ലോകം തിരിച്ചറിയുന്ന ഒരു സാക്ഷ്യമായി മാറാൻ നോമ്പ് നമ്മെ സഹായിക്കട്ടെ.

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

കൊണ്ട് ഈ പെരുന്നാൾ ഒരു ഓർമ്മപ്പെടുത്തൽ മാത്രമല്ല, നമ്മുടെ വിശ്വാസത്തെ പുതുക്കാനും ദൈവത്തോടുള്ള ബന്ധം ശക്തിപ്പെടുത്താനും ഉള്ള ഒരു ആഹ്വാനമാണ്; കാരണം സഹദായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, വിശ്വാസം വാക്കുകളിൽ മാത്രം അല്ല, ജീവിതത്തിൽ തെളിയേണ്ടതാണെന്ന സത്യമാണ്. ഇന്നത്തെ വെല്ലുവിളികളുള്ള ലോകത്തിൽ, ഭയം അല്ല വിശ്വാസമാണ് നമ്മെ നയിക്കേണ്ടത് എന്ന സന്ദേശം അദ്ദേഹം നമുക്ക് നൽകുന്നു. സത്യത്തിനുവേണ്ടി നിലകൊള്ളാനും, നീതിക്കായി സംസാരിക്കാനും, ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കാനും നാം വിളിക്കപ്പെട്ടവരാണ്. കുട്ടികൾക്ക് പരീക്ഷ കഴിഞ്ഞ് അവധിക്കാലം എത്തിച്ചേരുമ്പോൾ, അത് വെറും വിശ്രമത്തിനുള്ള സമയം മാത്രമല്ല, ദൈവസന്നിധിയിലേക്കുള്ള ഒരു പുതുക്കൽ യാത്രയാകണമെന്നും ഓർക്കണം. "നിശ്ശബ്ദതയിൽ ദൈവത്തിന്റെ രഹസ്യങ്ങൾ തുറക്കപ്പെടുന്നു" എന്നത് ഉൾക്കൊണ്ട് ഈ കാലം ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള അവസരമാണ്. കുടുംബമായി ഒരുമിച്ച് പ്രാർത്ഥിക്കുകയും വിശ്വാസം പങ്കിടുകയും ചെയ്യുന്നത് കുടുംബബന്ധങ്ങളെ ശക്തിപ്പെടുത്തുകയും കുട്ടികൾക്ക് വിശ്വാസത്തിന്റെ മൂല്യങ്ങൾ പഠിപ്പിക്കാനുള്ള അനുഗ്രഹസമയമാവുകയും ചെയ്യും. അതോടൊപ്പം, ദരിദ്രരെയും ബലഹീനരെയും സഹായിക്കുന്നതിലൂടെ ക്രിസ്തുവിന്റെ സ്നേഹം ജീവിതത്തിൽ പ്രകടമാക്കാൻ നമുക്ക് കഴിയണം. വിനോദവും വിശ്രമവും മാത്രം ലക്ഷ്യമാക്കാതെ, ആത്മീയതയുമായി ബന്ധിപ്പിച്ചെങ്കിൽ മാത്രമേ ഈ അവധിക്കാലം യഥാർത്ഥ സന്തോഷത്തിന്റെ ഉറവയായ ദൈവത്തിലേക്കുള്ള യാത്രയായി മാറൂ. അതിനാൽ, ഈ അവധിക്കാലം ദൈവത്തിന്റെ ഒരു സ്നേഹപൂർവ്വമായ ക്ഷണമായി സ്വീകരിച്ച്, "എന്നോടുകൂടെ ഇരിക്കുക" എന്ന അവന്റെ വിളിക്ക് പ്രതികരിച്ച്. നമ്മുടെ ജീവിതവും ആത്മാവും പുതുക്കപ്പെടട്ടെ.

അവധിക്കാലത്ത് എല്ലാ പള്ളികളിലും വി.ബി.എസ് നടത്തുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം, കാരണം ഇത് ഒരു സാധാരണ വിദ്യാഭ്യാസ പരിപാടിയല്ല, കുട്ടികളുടെ ഹൃദയങ്ങളിൽ വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കുന്ന ദൈവിക ശുശ്രൂഷയാണ്. ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട കുട്ടികളുടെ ആത്മീയ വളർച്ച സഭയുടെ പ്രധാന ഉത്തരവാദിത്വമാണെന്ന് സഭ പഠിപ്പിക്കുന്നു; "ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" എന്ന യേശുവിന്റെ വാക്കുകൾ ഇതിനെ ഊന്നിപ്പറയുന്നു. വി.ബി.എസ് മുഖേന കുട്ടികൾ ദൈവവചനം പഠിക്കുകയും പ്രാർത്ഥനയുടെ ശീലങ്ങൾ അഭ്യസിക്കുകയും ക്രിസ്തീയ മൂല്യങ്ങൾ ജീവിതത്തിൽ നടപ്പാക്കാൻ പഠിക്കുകയും ചെയ്യുന്നു. ഇതിലൂടെ അവർ മാത്രമല്ല, അവരുടെ കുടുംബങ്ങളും പുതുക്കപ്പെടുകയും സഭയിൽ ആത്മീയ ഉണർവ് വളരുകയും ചെയ്യുന്നു. ഇന്നത്തെ വെല്ലുവിളികളുള്ള ലോകത്തിൽ, വി.ബി.എസ്. കുട്ടികളെ സത്യത്തിന്റെ വഴിയിലേക്ക് നയിക്കുന്ന ഒരു ദീപസ്തംഭമായി മാറുന്നു. അതിനാൽ, ഭാവി തലമുറയെ രൂപപ്പെടുത്തുന്ന ദീർഘകാല നിക്ഷേപവും ദൈവീക ദൗത്യവുമാകയാൽ അത് അനുഗ്രഹകരമായി നടത്തുവാൻ എല്ലാ ഇടവകകളും ശ്രദ്ധിക്കണം.

ജനാധിപത്യത്തിന്റെ മഹത്തായ ഉത്തരവാദിത്വം നിർവ്വഹിച്ച് നാം വോട്ട് രേഖപ്പെടുത്തണം. ഭരണാധികാരം മനുഷ്യന്റെ കൈവശമുള്ള ഒരു അധികാരം മാത്രമല്ല, ദൈവാനുഗ്രഹത്താൽ ജനസേവനത്തിനായി ഏല്പിക്കപ്പെട്ട ഒരു ദൗത്യമാണെന്ന ബോധം നമുക്കുണ്ടാകണം. വിജയിക്കുന്നവർക്ക് ഇത് ആഘോഷത്തിന്റെ അവസരം മാത്രമല്ല, വിനയത്തോടെയും നീതിയോടെയും ജനങ്ങളുടെ ക്ഷേമത്തിനായി സമർപ്പിതമായി പ്രവർത്തിക്കേണ്ട ഉത്തരവാദിത്വവുമാണ്. അതുപോലെ, പരാജയപ്പെടുന്നവർ നിരാശയിൽ വീഴാതെ, ജനങ്ങളോടുള്ള പ്രതിബദ്ധതയോടെ സമൂഹനിർമ്മാണത്തിൽ തുടർന്നും പങ്കാളികളാകേണ്ടതാണ്. ഈ സമയം വിഭജനത്തിന്റേതല്ല, ഐക്യത്തിന്റെയും സമാധാനത്തിന്റെയും സമയം തന്നെയാണ്. തിരഞ്ഞെടുപ്പിന്റെ ഫലം എന്തായാലും, സത്യവും നീതിയും കരുണയും അധിഷ്ഠിതമായ സേവനത്തിലൂടെയാണ് ഒരു രാജ്യത്തിന്റെ യഥാർത്ഥ പുരോഗതി സാധ്യമാകുന്നത് എന്ന സത്യത്തെ മനസ്സിലാക്കി, എല്ലാവരും ഒന്നിച്ചു ജനങ്ങളുടെ നന്മയ്ക്കായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു, വിജയാശംസകൾ നേരുന്നു.

കർത്തൃ ശുശ്രൂഷയിൽ

**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

ങ്ങളും പെരുന്നാളുകളും, ആചാരാനുഷ്ഠാനങ്ങളും ആത്മീയ പ്രവർത്തനങ്ങളും വളരെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവ മനുഷ്യരെ സ്വാധീനിച്ച് രൂപാന്തരപ്പെടുത്തുന്നില്ല. ഇന്ന് കള്ളക്രിസ്തുക്കൾ എഴുന്നേറ്റ് അനേകരെ തെറ്റിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന് മാതൃകയും നന്മയും നൽകേണ്ട മേഖലകളെല്ലാം മലിനപ്പെട്ടതാണ് ഇന്നത്തെ സ്ഥിതി ഉണ്ടാകാൻ കാരണം. വിദ്യാഭ്യാസ രംഗത്തിനും, ആത്മീകഗോളത്തിനും, ഭരണകൂടങ്ങൾക്കും നിലവാരത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു. അധികാരത്തിനും പണത്തിനും, നിലനിൽപ്പിനും വേണ്ടി ദൈവീക നിയമങ്ങളും സാമൂഹ്യധർമ്മവും മറന്ന് ജീവിക്കാനും പ്രവർത്തിക്കാനും മെത്രാന്മാർ ഉൾപ്പെടെയുള്ള സഭാ നേതൃത്വം തയ്യാറായപ്പോൾ ഇതൊക്കെയും കാണുകയും അറിയുകയും ചെയ്യുന്ന ജനം അവർക്ക് നൽകേണ്ട വിലയും മതിപ്പും ബഹുമാനവും നൽകാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് നമ്മുടെ കുടുംബങ്ങളിൽ ക്രിസ്തീയ മാതൃകയും മൂല്യവും കാത്തുസൂക്ഷിക്കുവാൻ തയ്യാറാകണം. നാം അവകാശപ്പെടുന്ന വിശ്വാസത്തിനും ആത്മീകതയും അനുസരിച്ചുള്ള ജീവിതവും പ്രവൃത്തിയും മനോഭാവവും കാത്തുസൂക്ഷിച്ചുകൊണ്ട് തന്നാൽ ആവുന്നതെല്ലാം ദൈവാശ്രയത്തോടും പ്രാർത്ഥനയോടും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. നമുക്ക് പിതാവിന്റെ അടുക്കൽ ദൈവനാമത്തെ മഹത്വപ്പെടുത്താം

എന്ന് നിങ്ങളുടെ

**പ്രിയ റോയി അച്ചൻ**



വനിതാ സമാജം ചിങ്ങവനം മേഖലാ സംഗമം രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ പള്ളിയിൽ
ബഹു. അനൂപ് ജേക്കബ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.



വനിതാ സമാജം ചിങ്ങവനം മേഖലാ പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, വൈസ് പ്രസിഡന്റ് ഫാ. പി.യു ഏലിയാസ് പാറക്കുളം, സെക്രട്ടറി സിനി റെജി കൂർക്കകാലായിൽ, ട്രസ്റ്റി ബീന തോമസ് കോയിത്തറ, ജോ. സെക്രട്ടറി എൽസി രാജു കൊച്ചിടശ്ശേരിൽ



വനിതാ സമാജം കല്ലിശ്ശേരി മേഖലാ പ്രസിഡന്റ് ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത്, വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് ആഞ്ഞിലിമൂട്ടിൽ, സെക്രട്ടറി ലീലാമ്മ ചാക്കോ, ട്രസ്റ്റി ബിജി റെജി പ്ലാന്നിക്കുന്നേൽ കിഴക്കേതിൽ, ജോ. സെക്രട്ടറി മിനു തോമസ് കിഴക്കേ വട്ടോത്ര, ഓഡിറ്റർ ദീന ഏബ്രഹാം നെടുന്തറ മലയിൽ



വനിതാ സമാജം റാന്നി മേഖലാ പ്രസിഡന്റ് റവ. ഫാ. രാജൻ ഏബ്രഹാം കുളമടയിൽ, വൈസ് പ്രസിഡന്റ് റവ. ഫാ. കുര്യാക്കോസ് എം. ഫിലിപ്പ് മേലേക്കുറ്റ്, സെക്രട്ടറി ഡെബി സജി പാരുമലയിൽ, ട്രസ്റ്റി നിഷ റോയി മധുരംകോട്ട്, ജോ. സെക്രട്ടറി റീന ബെൻസി വേലംപറമ്പിൽ, ഓഡിറ്റർ മോളി ഏബ്രഹാം കൈപ്പുഴ കൊച്ചുപറമ്പിൽ



തിരുവല്ല ഓതറ നസ്രേത്ത് ഫാർമസി കോളേജിന്റെ സേവേറിയോസ് അക്കാദമിക് ബ്ലോക്കിന്റെ പ്രവർത്തന ഉദ്ഘാടനവും, തോട്ടയ്ക്കാട് Severios Knanaya Institute Of Management and Technology (SKIMT ഇന്റർനാഷണൽ) കോളേജിന്റെ ലോഗോ പ്രകാശനവും ഫാർമസി കോളേജ് ക്യാമ്പസിൽ, കേരള ഫിഷറീസ്, സാംസ്കാരിക, യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, ഡോ. മനോജ് ടി.ആർ., വിഷ്ണു സജീവ് എം.ഡി, യുറേഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട്, ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി.എ. എബ്രഹാം ഇളയശേരിൽ, സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, വൈദിക ട്രസ്റ്റി ഫാ. എം.സി. സക്കറിയ മധുരംകോട്ട്, കോളേജ് സെക്രട്ടറി പി.എ. എബ്രഹാം, കുഴികണ്ടത്തിൽ, കോളേജ് മാനേജർ ഇ.കെ. സണ്ണി ഇടയാടിയിൽ, ടി.കെ. കുര്യൻ തേക്കാട്ടിൽ, ബൈജുമോൻ ചാക്കോ പുലയകുന്നിൽ, ടോണി കുറിയാക്കോസ് അട്ടച്ചിറ, ലിൻസോ ഇളവൻകളം, പി.കെ. കുര്യൻ പാട്ടമ്പലത്ത്, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, രാജു വള്ളപ്പുരയ്ക്കൽ, Prof. ബേബി പുളിയ്ക്കാവിൽ, പ്രിൻസിപ്പാൾ Dr. എൽസി ഏബ്രഹാം തുടങ്ങിയവർ സമീപം.



ക്നാനായ ഗ്ലോബൽ പാർലമെന്റിന്റെ (KGP) നേതൃത്വത്തിൽ കൊടുങ്ങല്ലൂരിൽ നടന്ന ക്നായിത്തൊമ്മൻ ദുക്റോനോ പൊതുസമ്മേളനം ക്നാനായ ഗ്ലോബൽ പ്രസിഡന്റ് ടി. ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജോബി പറക്കൽ ചരുവിൽ. സെക്രട്ടറി സാബു ചെമ്മലക്കുഴിയിൽ, ഡൊമിനിക് സാവിയോ വാച്ചാച്ചിറയിൽ, സജി താന്നിക്കൽ, സാബു കണ്ണാട്ടുപുഴ, വില്ലി വടാമറ്റം, ടി. സി. തോമസ് തോപ്പിൽ, ഫാ. മെറ്റോ ജേക്കബ് വെട്ടിപ്പറമ്പിൽ, പി.എ.ഏബ്രഹാം കുഴിക്കണ്ടത്തിൽ, ടോണി ആട്ടച്ചിറയിൽ എന്നിവർ സമീപം.



## ഭവനദാന പദ്ധതി

**മോതിരവയലിലെ ക്നാനായ സമുദായത്തിന്റെ ഭവനദാന പദ്ധതിയിലെ രണ്ടാമത്തെ ഭവനത്തിന്റെ കട്ടിളവയ്പ്പ് ഫാ. രാജൻ ഏബ്രഹാം കുളമടയിൽ നിർവ്വഹിക്കുന്നു.**

Advt -O




## മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ

### മാർ അപ്രേം സെമിനാരി ചിങ്ങവനം

### നോട്ടീസ്

മാന്യരെ,
മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ ഒരു യോഗം 2026 ഏപ്രിൽ 28 ചൊവ്വാഴ്ച രാവിലെ 10.30 ന് മാർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ കൂടുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ടി. അസ്സോസിയേഷൻ യോഗത്തിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു.

എന്ന്

ചിങ്ങവനം
25-03-2026

റ്റി.ഒ. എബ്രഹാം തോട്ടത്തിൽ
(അസ്സോ. സെക്രട്ടറി)

**2nd Death Anniversary**
7 - 04 - 2026

**24th Death Anniversary**
24 - 04 - 2026



**N.I. THOMAS** **LILLYKUTTY THOMAS**

Njekkannil House, West Othera, Thiruvalla

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 40 – ാം ചരമദിനം
09 – 04 – 2026

# പെണ്ണമ്മ തോമസ് (98)

**വടവുപറമ്പിൽ, മാമംഗലം,**
**എറണാകുളം**

Advt - O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



## 1st Death Anniversary
25-04-2026

# Akhil Baby (Thommy)

**Kochupurackal,**
**Neelamperoor**

Advt - G

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*By Sorrowing Family*



സുനിൽ ഡി. കുരുവിള

# അവധിക്കാലം: കുട്ടികൾക്ക് നൈപുണ്യ കലവറയൊരുക്കാം! ഓർമ്മച്ചെപ്പ് നിറയ്ക്കാം!!!

സ്കൂൾ അടയ്ക്കുന്നതും കാത്തിരുന്ന ഒരു കാലം... കൂട്ടുകാരെയെല്ലാം സംഘടിപ്പിച്ച് കളിക്കുള്ള ഒരുക്കങ്ങൾ.. മറ്റു ചിലർക്ക് അമ്മ വീട്ടിൽ പോകാനുള്ള തയ്യാറെടുപ്പ്... മരത്തിൽ കയറ്റവും വേലിചാടലും മാവേലേറും...പുഴയിൽ കളിയും കുളിയും നീന്തലും...

ഇന്ന് ഒരു സ്ക്രീനിലേക്ക് ചുരുങ്ങി മിക്ക കുഞ്ഞുങ്ങളുടേയും ജീവിതം... സമൂഹം പ്രകൃതി ബന്ധങ്ങൾ എല്ലാം കുഞ്ഞുങ്ങളുടെ ജീവിതത്തിൽ നിന്ന് മെല്ലെ മെല്ലെ പടിയിറങ്ങുന്നു...

ആരോഗ്യവും വ്യക്തിത്വവും സാമൂഹിക ബോധവുമുള്ള ഒരു തലമുറ രൂപപ്പെടണമെങ്കിൽ ഒഴുക്കിനെതിരെ പ്രവർത്തിക്കേണ്ടിവരും...

ഒരു അവധിക്കാലം കൂടി കടന്നുവരുന്നു. കുട്ടികളെ കൂടുതൽ സന്തോഷവും ആരോഗ്യവും നൈപുണ്യവുമുള്ളവരാക്കാനാണ് അവധിക്കാലത്ത് ശ്രമിക്കേണ്ടത്. കുട്ടികൾ ജീവിതം പഠിക്കേണ്ട ആസ്വദിക്കേണ്ട സമയം!

എന്നാൽ അത് അത്ര എളുപ്പമുള്ള കാര്യമല്ല എന്നുള്ളത് പൊതുവെ എല്ലാവർക്കും അറിയാം.

അവധിക്കാലം കുട്ടികളെ സമ്പുഷ്ടമാക്കേണ്ട കാലമാണ്. ഓരോ കുട്ടിയും വിഭിന്നമാണ്. അവരുടെ വളർച്ച, ആവശ്യങ്ങൾ വ്യത്യസ്തമാണ്. അത് തിരിച്ചറിഞ്ഞു അവരെ enrich ചെയ്യേണ്ടതുണ്ട്. അവധിക്കെങ്കിലും കുട്ടികൾ ഓടിച്ചാടി സമപ്രായക്കാരായ കുട്ടികളോടൊപ്പം കളിക്കട്ടെ!!! കുട്ടികളെ genius ആക്കുന്ന ക്യാമ്പുകളിൽ വിടാതിരിക്കാം! IAS കോച്ചിംഗ് ഒക്കെ പിന്നീടാകാം. കുട്ടികളിൽ വിദ്യാഭ്യാസത്തിലൂടെയും കുടുംബത്തിൽനിന്നും ലഭിക്കേണ്ട, എന്നാൽ ഇന്ന് കുറവായി കാണുന്ന, ചില വിഭവശേഷികൾ:

ശാരീരിക ആരോഗ്യം, സന്തോഷം, വൈകാരിക ബുദ്ധിശക്തി, തോൽവി നേരിടാനുള്ള കഴിവ്, മാനസിക കരുത്ത്, മൂല്യബോധം, സംസ്കാരം, സ്വഭാവം, വ്യക്തിത്വ വികസനം, വായനാശീലം, സാമൂഹിക മനസ്സിലാക്കൽ, പരിസ്ഥിതി ബോധം, സഹജീവി സ്നേഹം, ജീവിത നൈപുണ്യങ്ങൾ.

കുട്ടികളുടെ സന്തോഷത്തിന്റെ അടിസ്ഥാനം ആരോഗ്യമാണ്. നല്ല ശാരീരികാരോഗ്യം വളരെ പ്രധാനം. ഇന്ന് കുട്ടികൾ ഓടിച്ചാടി കളിക്കുന്നില്ല. കളിസ്ഥലങ്ങൾ കുറഞ്ഞു... കൂടെ കളിക്കാൻ കൂട്ടുകാർ ഇല്ല. കളിക്കാൻ പലപ്പോഴും സമയവുമില്ല. പോഷക ആഹാരക്കുറവാണ് ആരോഗ്യകാര്യത്തിലെ മറ്റൊരു വെല്ലുവിളി. നല്ല ആഹാരവും കുട്ടികളുടെ സന്തോഷവും തമ്മിൽ വലിയ ബന്ധമുണ്ട്. ജംഗ് ഫുഡ് കഴിച്ചു വളരുന്ന – അമിതമായി ഫാറ്റും സ്വീറ്റും ഒക്കെ കഴിച്ചു വളരുന്ന കുട്ടികളിൽ നല്ല ആരോഗ്യം പ്രതീക്ഷിക്കാൻ കഴിയുമോ?

ഈ അവധിക്കാലം കുട്ടികൾക്ക് നല്ല കളികൾക്കും നല്ല ഭക്ഷണത്തിനും പ്രോത്സാഹനം കൊടുക്കാം. നല്ല പോഷക സമൃദ്ധമായ ഭക്ഷണം അവർ കഴിയ്ക്കട്ടെ...ചക്കയും മാങ്ങയും ഒന്നും നഷ്ടപ്പെടുത്താതിരിക്കാം. 'ചിക്കൻ' മാത്രമല്ല ഭക്ഷണം എന്ന് അവർ തിരിച്ചറിയട്ടെ! രുചി വൈവിധ്യങ്ങൾ അറിഞ്ഞു വളരാൻ അവധിക്കാലം ഒരു അവസരമാക്കാം. നാടൻ പലഹാരങ്ങൾ ഒക്കെ അവരെ പരിചയപ്പെടുത്താം! നല്ല ഭക്ഷണം വലിയ നന്മയാണ്. സംസ്കാരമാണ്. അതിലേറെ ഔഷധമാണ്!

കളികൾ വെറും വിനോദവും വ്യായാമവും മാത്രമല്ല പ്രധാനം ചെയ്യുന്നത്. സമപ്രായക്കാരോട് ഒത്തുള്ള കളികൾ കുട്ടികളിൽ ആത്മവിശ്വാസം വളർത്തും, ആശയവിനിമയ ശേഷി വർദ്ധിപ്പിക്കും. ജീവിത നൈപുണ്യങ്ങൾ വളർത്തും. സൗഹൃദങ്ങൾ വർദ്ധിപ്പിക്കും! ഇതിലൂടെ കുട്ടികളുടെ മാനസിക ആരോഗ്യവും വൈകാരിക ബുദ്ധിശക്തിയും ഒക്കെ പരിപോഷിപ്പിക്കപ്പെടും.

കുട്ടികൾ പരസ്പരം സംസാരിക്കാൻ– ഇടപെടാൻ ഒക്കെ ഇന്ന് പ്രയാസം അനുഭവിക്കുന്നു. Cyber ഇടങ്ങളിൽ അവർ കൂടുതൽ comfortable ആണ്. ടീനേജ് ഇപ്പോൾ പലരുടെ കാര്യത്തിലും 'screen age' ആണ്! അമിതമായി gadget കൾ ഉപയോഗിക്കുന്ന കുട്ടികളിൽ മാനസിക ആരോഗ്യം കുറയാനും വ്യക്തിത്വ വികസനം തടസ്സപ്പെടാനും സാദ്ധ്യതകൾ കൂടുതലാണ്. മനുഷ്യ ബന്ധങ്ങളും കുറവായിരിക്കും.

വീഴാനും തോൽക്കാനും ജയിക്കാനും വിട്ടുകൊടുക്കാനും നേടിയെടുക്കാനും ഒക്കെ കുട്ടികൾ പഠിക്കട്ടെ! വീഴുന്നതല്ല തോൽവി, എഴുന്നേൽക്കാൻ ത്രാണിയില്ലാത്തതാണ് തോൽവി. അവർ ജീവിക്കാനും അതിജീവിക്കാനും പഠിക്കട്ടെ.

കുട്ടികളുടെ അവധിക്കാലം academic ട്യൂഷനും കോച്ചിഗും ഒക്കെയായി 'ദരിദ്രമാക്കി' കളയരുത്. ഓരോ കുട്ടിയുടെയും developmental ആവശ്യങ്ങൾ തിരിച്ചറിഞ്ഞു അവർക്ക് അവസരങ്ങൾ നൽകാം.

യാത്രകൾ അവരുടെ സാമൂഹിക ശേഷി വർദ്ധിപ്പിക്കും. കാഴ്ചപ്പാട് വികസിപ്പിക്കും പരിസ്ഥിതി ബോധം ഉയർത്തും.. നല്ല യാത്രകൾ ഒരുക്കാം. വായന, ക്യാമ്പുകൾ, ബന്ധുവീട്ടിൽ മാറി താമസിക്കാനുള്ള അവസരം, സൗഹൃദ കൂട്ടായ്മകൾ ഒക്കെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് വലിയ ഗുണം ചെയ്യും. വായന, എഴുത്ത്, ഭാഷാശേഷി കുട്ടികളിൽ കുറഞ്ഞുവരുന്നത് ശ്രദ്ധിയ്ക്കുമല്ലോ! ചെസ്സ്, സ്കേറ്റിഗ് ഫീൽഡ് ഗെയിമുകൾ, വാദ്യോപകരണങ്ങൾ, കലകൾ, കമ്പ്യൂട്ടർ ഒക്കെ അവധിക്കാലത്തു പഠിക്കാൻ അവസരമൊരുക്കാം.

വീട്ടിലെ ജോലികളിലും ഉത്തരവാദിത്വങ്ങളിലും ഒക്കെ അവരെ പങ്കാളികളാക്കാം. കുക്കിംഗ്, കൃഷി, അങ്ങനെ ഏതു കാര്യങ്ങളിലും അവരെ പങ്കാളികളാക്കാം. എല്ലാവരും പഠിച്ചിരിക്കേണ്ട ഒരു life skill ആണ് കുക്കിംഗ്! അതിനു gender ഒന്നുമില്ല. ആസ്വദിച്ചു ചെയ്താൽ ഇത്രയും relaxing ആയ വേറൊരു പരിപാടിയില്ല. നിങ്ങളുടെ creativity, plan-



ning, organising skill, presentation skill ഒക്കെ ഉയർത്താൻ cooking സഹായിക്കും. ആരോഗ്യം മെച്ചപ്പെടും.. ഫാമിലി യായി ഒരു team work ആയി ചെയ്താൽ കുടുംബജീവി തവും മെച്ചപ്പെടും. പണവും ലാഭം ആരോഗ്യവും മെച്ചം! പാചകവുമായി ബന്ധപ്പെട്ട ചില ego, complex, ദുരഭിമാനം ഒക്കെ ആണിനും പെണ്ണിനും ഉണ്ട്. അതൊക്കെ ചില വ്യക്തിത്വ വൈകല്യങ്ങൾ മാത്രമാണ്!

വളർത്തുമൃഗങ്ങൾ, പക്ഷികൾ, ചെടികൾ ഒക്കെ പരിപാ ലിക്കാൻ അവർ പഠിക്കട്ടെ. നല്ല ധൈര്യവും മിടുക്കും നന്മ യുള്ളവരായി– നൈപുണ്യങ്ങളും positive മനോഭാവവും ഉള്ളവരായി നമ്മുടെ തലമുറ വളർന്നുവരട്ടെ.

പഠനത്തിലെ കുറവുകളും അവധിക്കാലത്തു പരിഹരി ക്കാം. ഭാഷ, കണക്ക്, എഴുതാനുള്ള കഴിവ് ഒക്കെ വർദ്ധിപ്പി ക്കാൻ ശ്രമിക്കാം.

കുട്ടികളുടെ അഭിരുചിയും ഇഷ്ടങ്ങളും ഒക്കെ കണ്ടെ ത്താനും അവയെ പരിപോഷിപ്പിക്കാനും പറ്റിയ ഏറ്റവും നല്ല അവസരമാണ് അവധിക്കാലം.

ഇൻഡോർ/ഔട്ഡോർ ഗെയിംസ്, കല, സാംസ്കാരിക പ്രവർത്തനം, skill development, language development ഒക്കെയാകാം.

എല്ലാം കുട്ടികൾക്ക് വേണ്ടിയതായിരിക്കണം. അവരെ കേന്ദ്രീകരിച്ചും ആയിരിക്കണം. അവർക്കു സന്തോഷവും ഇഷ്ടവും പകരുന്നതായിരിക്കണം.

അവരിലെ positive self image വർദ്ധിപ്പിക്കാൻ ശ്രമിക്കാം. അവരെ എന്തിനു കൊള്ളാം? അവരുടെ മിടുക്ക്/ശക്തി എന്തി ലാണ്? അവർ അത് അറിഞ്ഞും കേട്ടും വളരട്ടെ. അത്മാഭി മാനവും അത്മമൂല്യവും തിരിച്ചറിയുന്ന കുട്ടികൾ പൊതുവെ സന്തോഷമുള്ളവരായിരിക്കും. അവർ പൊതുവെ balanced ആയിരിക്കും.

സന്തോഷമുള്ള കുട്ടികൾ വഴിതെറ്റാനുള്ള സാധ്യത കുറ വാണ്. അവർക്ക് addiction ഉണ്ടാവുന്നില്ല. ആരോഗ്യപരമായ ചിന്തകളും ദർശനവും അവരെ നയിക്കും. അവരിൽ വെറുപ്പ് അസൂയ, ഈഗോ ഒക്കെ കുറഞ്ഞു നിൽക്കും. അവർ പര സഹായികളും സ്നേഹം നൽകുന്നവരും സാധ്യ തയുള്ളവരും ആയിരിക്കും!

കൗമാരത്തിലും യൗവ്വനത്തിലും യുവത ശക്തരായി നില നിൽക്കാൻ ബാല്യത്തിലെ സന്തോഷവും നൈപുണ്യ വിക സനവും അനിവാര്യമാണ്.

ആഴമുള്ള വേരുകൾ അവർക്ക് ആദ്യം നൽകാം! കുട്ടി ക്കാലത്തു തന്നെ ഐ.എ.എസ്. കോച്ചിംഗ് ഒന്നും ആവശ്യ മില്ല. ഒരുപാടു tuition കുട്ടികളെ ഉണക്കിക്കളയും. അവരുടെ ജീവനെ ആദ്യം പരിപോഷിപ്പിക്കാം. അവർ ചിരിയും സന്തോ ഷവും സംതൃപ്തിയും ഉള്ളവരായി വളർന്നു വരട്ടെ.

സഭകൾക്കും സംഘടനകൾക്കും ഒക്കെ ഈ ലക്ഷ്യത്തി ലേക്ക് കുട്ടികളെ നയിക്കാൻ ഈ അവധിക്കാലത്ത് കഴി യട്ടെ! parents നെ കാഴ്ചപ്പാടും ദർശനവുമുള്ളവരായി പരി ശീലിപ്പിക്കേണ്ടത് ഏറ്റവും അനിവാര്യം!

കുട്ടികൾക്കും മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ഒക്കെ അർത്ഥവത്തായ കൗൺസിലിംഗ് ഗൈഡൻസ് ക്ലാസു കൾ ഈ അവധിക്കാലത്തു ദർശനത്തോടെ ഒരുക്കാം!

കുഞ്ഞുങ്ങളുടെ ഓർമ്മകളിലേക്ക് നിക്ഷേപിക്കാം.. തല മുറയ്ക്കുവേണ്ടി കരുതാത്ത സമൂഹങ്ങൾക്ക് പ്രത്യാശിക്കാൻ ഒന്നും ബാക്കി ഉണ്ടാകില്ല!

സന്തോഷം തന്നെ പ്രതിരോധം. സന്തോഷം തന്നെ സാധ്യതയും!!! ഏവർക്കും സന്തോഷസമൃദ്ധമായ അവധി ക്കാലം നേരുന്നു.

(കരിയർ കൗൺസിലറും മാനവശേഷി വികസന പരി ശീലകനുമാണ് ലേഖകൻ. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ. 28 വർഷങ്ങൾകൊണ്ട് 4200 അതികം പരിശീലന പ്രോഗ്രാ മുകൾ നയിച്ചു.)
Cell: +91 9656144712/ +91 9847400712
YouTube: Sunil Kuruvilla
Email: sunil_kuruvilla@rediffmail.com
www.insightmission.org.in)

# നിത്യതയുടെ തീരത്തുള്ള യാത്ര

പ്രൊഫ. എം.എ. ഏബ്രഹാം, മണിമലേത്ത്, കോതമംഗലം

നാം ജീവിക്കുന്ന ഈ കാലഘട്ടം വളരെ പ്രത്യേകതകൾ നിറഞ്ഞതാണല്ലോ. സുഖലോലുപതയും, മദ്യാസക്തിയും, ജീവിതവ്യഗ്രതയും ഒക്കെ മനുഷ്യഹൃദയങ്ങളെ കീഴടക്കിയിരിക്കുന്നു. അത്യാഗ്രഹം നിമിത്തം മനുഷ്യർ സ്വാർത്ഥരായി മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യൻ ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം ധനത്തിൽ ആശ്രയിച്ചിരിക്കുന്നു. സ്ഥാനമാനങ്ങൾക്ക് ആഗ്രഹിക്കുകയും അവയെ ആരാധിക്കുകയും ചെയ്യുന്നു. ഈ ലോകജീവിതം ശാശ്വതമാണെന്ന് ആരോ അവനെപ്പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. മരണമെന്ന സത്യത്തെക്കുറിച്ചും അത് എപ്പോൾ വേണമെങ്കിലും കടന്നുവരാമെന്നത് അവരുടെ ചിന്തയിൽ കടന്നുവരുന്നുമില്ല.

ലൂക്കോസിന്റെ സുവിശേഷം 12-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന ഭോഷനായ ധനികൻ ചിന്തിച്ചതുപോലെ ധാരാളം പേർ അതേ ചിന്തയോടുകൂടി ജീവിക്കുന്നു. ആ ധനികനോടായി ദൈവം ഇപ്രകാരമാണ് പറയുന്നത്. "ഭോഷാ, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും. അപ്പോൾ നീ ഒരുക്കി വെച്ചിരിക്കുന്നത് ആരുടേതാകും". ജീവിതയാത്രയിൽ നമ്മുടെ ശരീരത്തെപ്പറ്റി മാത്രം ചിന്തിക്കാതെ, ആത്മാവിന്റെ അവസ്ഥയെക്കുറിച്ച് വളരെയധികം ശ്രദ്ധിക്കണമെന്നാണ് ഇതിലൂടെ ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നത്. ജീവിതയാത്രയുടെ അന്ത്യം മരണത്തിൽ അവസാനിക്കുന്നു എന്ന് എല്ലാവർക്കുമറിയാമല്ലോ. മരണസമയത്തുള്ള നമ്മുടെ ആത്മാവിന്റെ അവസ്ഥ വളരെയധികം പ്രധാനപ്പെട്ടതാണ്. മരണം എപ്പോഴാണ് കടന്നുവരുന്നതെന്ന് നമുക്ക് അറിയാത്തതിനാൽ ആത്മാവ് എപ്പോഴും അതിന് ഒരുക്കപ്പെട്ട അവസ്ഥയിലായിരിക്കേണ്ടിയിരിക്കുന്നു. അതായത് ജീവിതയാത്രയിൽ ഓരോനിമിഷവും നമ്മുടെ ആത്മാവ് വിശുദ്ധിയിലായിരിക്കണമെന്ന് ചുരുക്കം. ജീവിതയാത്രയിൽ എപ്പോഴും ആത്മരക്ഷയെക്കുറിച്ചുള്ള ഒരു ചിന്തയുടെ, തീപ്പൊരി നമ്മുടെ ഹൃദയത്തിൽ ഉണ്ടാകേണ്ടിയിക്കുന്നു.

ഈ ലോകത്തിലേക്ക് പിറന്നു വീഴുന്ന ഓരോ മനുഷ്യസൃഷ്ടിക്കും ദൈവം ഒരു ദൗത്യം ഉദ്ദേശിക്കുന്നുണ്ട്. ഈ ദൗത്യം ഓരോ വ്യക്തിക്കും പൂർത്തീകരിക്കുവാൻവേണ്ടി ദൈവം പ്രത്യേക പദ്ധതികൾ അവർക്കുവേണ്ടി ഒരുക്കിയിട്ടുണ്ട്. ജീവിതയാത്രയിലൂടെ നാം കടന്നു പോകുമ്പോൾ നമ്മെ ഏല്പിച്ച ദൗത്യം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഈ യാത്രയിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ വിശുദ്ധീകരണം ആണ് ദൈവം ലക്ഷ്യമിടുന്നത്. ഇതിലൂടെ അവസാനം നമ്മുടെ നിത്യതയാണ് ദൈവം ഉദ്ദേശിക്കുന്നത്. ജീവിതയാത്രയിൽ സഹനങ്ങൾ നമ്മുടെ വിശുദ്ധീകരണത്തിനുള്ള അവസരങ്ങളായി ദൈവം മാറ്റുന്നു.

അതിലൂടെ നമുക്ക് ധാരാളം ദൈവകൃപകളും ലഭ്യമാകുന്നു. ഈ ലോകത്തിൽ നാം ജീവിച്ചുകൊണ്ട് ലോകത്തിന്റേതല്ലാതായി മാറുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്" എന്ന വചനത്തിലൂടെ ഇതാണ് ദൈവം ഉദ്ദേശിക്കുന്നത് ഇതിലൂടെ എന്തുകൊണ്ട് നമ്മുടെ ജീവിതത്തിൽ സഹനങ്ങൾ ദൈവം അനുവദിക്കുന്നതെന്ന് വ്യക്തമാകുമല്ലോ.

നമ്മെപ്പോലെ തന്നെ ഒരു മനുഷ്യസൃഷ്ടിയായിരുന്നല്ലോ ദൈവമാതാവായ കന്യകമറിയം. അമ്മ നമ്മേപ്പോലെ ലോകത്തിൽ ജീവിച്ചുകൊണ്ട്, ലോകത്തിന്റേതായി മാറി. ഇതുവഴി അമ്മ നമുക്ക് ഒരു മാതൃക കാണിച്ചു തരികയായിരുന്നു. ഹ്രസ്വമായ ഈ ജീവിതയാത്രയുടെ അന്ത്യത്തിൽ നാം ശാരീരിക മരണത്തിലേക്ക് കടക്കുന്നു. നിത്യതയിലേക്കുള്ള വാതിലാണ് മരണം. ഈ മരണത്തിനുശേഷം നാം ലക്ഷ്യമാക്കുന്നത് നിത്യസ്വർഗ്ഗമാണോ, നിത്യനരകമാണോ? ജീവിതയാത്രയിൽ നിത്യസ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാനുള്ള നിക്ഷേപങ്ങൾ എന്റെ കൈവശമുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് എന്നല്ലേ ദൈവവചനം പറയുന്നത്. യേശു തന്റെ കുരിശുമരണംവഴി നമ്മെ വീണ്ടെടുത്തിരിക്കുന്നു. ഈ സൗജന്യരക്ഷ നാം ഇരുകരങ്ങളും നീട്ടി സ്വീകരിക്കുവാൻ തയ്യാറാണെങ്കിൽ മാത്രമേ നമുക്ക് അതു ലഭിക്കുകയുള്ളു. ഈ രക്ഷ ദൈവത്തിന്റെ ദാനമാണ്. ഇതു നമ്മുടെ ശ്രമത്താൽ നാം നേടുന്നതല്ല. ഒപ്പം തന്നെ രക്ഷ വ്യക്തിപരവുമാണ്. വിശ്വാസം വഴി കൃപയാലാണല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നാണല്ലോ വി. പൗലോസ് പറയുന്നത്. പാപം വിട്ടൊഴിഞ്ഞ് മാനസാന്തരത്തിലേക്ക് കടന്നുവരുവാനാണ് യേശു നമ്മോട് ആവശ്യപ്പെടുന്നത്. അതായത് പാപവഴികളിലൂടെയുള്ള നമ്മുടെ യാത്രയിൽ ഒരു യൂ ടേൺ (U- Turn) എടുക്കേണ്ടിയിരിക്കുന്നു. ഇതാണ് മന:പരിവർത്തനം അല്ലെങ്കിൽ മാനസാന്തരം കൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് പാപവഴികളോടുള്ള സ്ഥിരമായുള്ള ഒരു വിടപറച്ചിൽ. ധൂർത്തുപുത്രന്റെ ഉപമയിലൂടെ പിതാവ് കണ്ണിലെണ്ണയൊഴിച്ച് തന്റെ പ്രിയപുത്രന്റെ മടങ്ങിവരവിനായും മാനസാന്തരത്തിനായും കാത്തിരിക്കുന്നതുപോലെ നമ്മെയും ദൈവം കാത്തിരിക്കുന്നു. ഒരു പാപിയുടെ മാനസാന്തരത്തിൽ സ്വർഗ്ഗം മുഴുവൻ ആനന്ദിക്കുന്നു എന്നാണല്ലോ ദൈവവചനം വെളിപ്പെടുത്തുന്നത്. നമ്മെ സൃഷ്ടിക്കുകയും, പരിപാലിക്കുകയും, രക്ഷിക്കുകയും ചെയ്ത ദൈവത്തെ നാം പ്രസാദിപ്പിക്കേണ്ടതല്ലേ?" കണ്ടാലും, എത്രമാത്രം സ്നേഹമാണ് ദൈവം നമ്മോട് കാണിച്ചത്, നാം ദൈവമക്കളെന്ന് വിളിക്കപ്പെടുന്നു. നാം അങ്ങനെയാണുതാനും". പാപത്തിൽ തുടരുമ്പോൾ നാം ദൈവമക്കളെന്ന സ്ഥാനം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. യേശു തന്റെ കുരിശുമരണവും, ഉത്ഥാനവുംവഴി നേടിത്തന്ന ഈ പദവി എത്രയധികം വിലമതിക്കാനാകാത്തതാണ്. താല്ക്കാലികമായ ഈ ലോക ജീവിതത്തിന് ഇത്രയധികം പ്രാധാന്യം കൊടുക്കേണ്ടതില്ലല്ലോ.

ജീവിത യാത്രയെന്നത് ഒരു ഓട്ടക്കാരന്റെ ഓട്ടംപോലെയാണ്. തിരിഞ്ഞുനോക്കാതെ, ഇടംവലം നോക്കാതെ ലക്ഷ്യത്തിൽമാത്രം ദൃഷ്ടി ഉറപ്പിച്ചുകൊണ്ടുള്ള ഓട്ടം. നിത്യജീവന്റെ പാതയിലൂടെയുള്ള ഒരു ഓട്ടം. തിരിഞ്ഞു നോക്കുകയോ, നോട്ടം തെറ്റുകയോ ചെയ്താൽ ലക്ഷ്യത്തിലെ

ത്താൻ ബുദ്ധിമുട്ടായിരിക്കും. യേശു കടലിനുമുകളിലൂടെ നടന്നപ്പോൾ പ്രിയ ശിഷ്യനായ പത്രോസിന് അതുപോലെ നടക്കുവാൻ ആഗ്രഹം തോന്നി. യേശുവിൽ മാത്രം ദൃഷ്ടി ഉറപ്പിച്ചുകൊണ്ട് അദ്ദേഹം നടന്നു. ഇടയ്ക്ക് ദൃഷ്ടി യേശുവിൽനിന്നും മാറി ചുറ്റുമുള്ള കടലിലേക്കും തിരമാലകളിലേക്കുമായപ്പോൾ, ഭയപ്പെടുകയും കടലിൽ വീഴുകയും ചെയ്തു. എങ്കിലും ദൃഷ്ടി വീണ്ടും യേശുവിലേക്ക് തിരിക്കുവാൻ അദ്ദേഹത്തിന് കൃപ ലഭിച്ചു. അതിനാൽ വീണ്ടും വീഴാതെ കടലിനുമീതെ നടക്കുവാൻ സാധിച്ചു. എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചുകൊണ്ട്, മുന്നിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ ഓടുന്നു എന്ന് വി. പൗലോസ് പറയുന്നു. അങ്ങനെയാണെങ്കിൽ നിത്യതയുടെ തീരത്ത് നമുക്ക് എത്തിച്ചേരാം. അവിടെ സ്വർഗ്ഗപിതാവും ഏക രക്ഷകനുമായ യേശുവും പരിശുദ്ധാത്മാവും, പരിശുദ്ധ അമ്മയും, വിശുദ്ധരും മാലാഖമാരുമുണ്ട്. എല്ലാവരും അവിടെ എത്തിച്ചേരുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. എല്ലാവരും നിത്യജീവന് അർഹരാകട്ടെ എന്ന് പ്രാർത്ഥിക്കാം. നാമെല്ലാം സ്വർഗ്ഗപിതാവിന്റെ മക്കളാണല്ലോ. ആ അപ്പന്റെ മക്കളെല്ലാം സ്വർഗ്ഗത്തിൽ ഒന്നി ച്ചു കൂടുവാനായി ഭാഗ്യം ലഭിക്കട്ടെ.
യേശുവേ നന്ദി, യേശുവേ സ്തുതി, യേശുവേ ആരാധന.

കവിത

# വിശ്വാസത്തിന്റെ ശക്തമായ ആയുധം ഉപവാസമാണ്

**ജെയിനമ്മ മർക്കോസ്**
നടുവിലേപറമ്പിൽ, കുഴിമറ്റം

മക്കളേ, നിങ്ങൾ അറിഞ്ഞിടുക
യേശുവിന്റെ രക്തം നമ്മുടെ
സകല പാപങ്ങളും പോക്കി
നമ്മെ, ശുദ്ധീകരിക്കുമല്ലോ

ക്രിസ്തുവിന്റെ പീഢകളിൽ പങ്കാളികളാകാൻ
നോമ്പും പ്രാർത്ഥനയും വന്നണഞ്ഞു
നോമ്പും ഉപവാസവും ദാനധർമ്മവും കൊണ്ട്
നോമ്പുകാലം ധന്യമാക്കൂ!

ഉപവാസവും പ്രാർത്ഥനയും തുടങ്ങുമ്പോൾതന്നെ
പ്രാർത്ഥനയ്ക്കു ശക്തിയുണ്ടാകുമല്ലോ
പ്രലോഭനങ്ങളെ അതിജീവിക്കാൻ
സ്വർഗ്ഗത്തിൻ ശക്തി ലഭ്യമാകും

ആഡംബരജീവിതം നയിച്ചിടാതെ
ദാനിയേൽ 21 ദിവസം നോമ്പു നോക്കി
ദൈവത്തിൻ മുഖം കണ്ടുകൊണ്ട്
രാജ്യത്തിൻ മന്ത്രിയായിപോലും

ഈശന്റെ കൃപയിൽ മാത്രമേ
നോമ്പു നോൽക്കാൻ പറ്റുകയുള്ളൂ
അദൃശ്യശക്തി ഇറങ്ങി വരാൻ
ഉണർന്നിരുന്നു പ്രാർത്ഥിച്ചീടൂ

വിശ്വാസത്തിൻ ശക്തമായ ആയുധം
ഉപവാസവും പ്രാർത്ഥനയും മാത്രമാണ്
കർത്തനെ, നിന്നിൽ ലയിച്ചു ചേരാൻ
നിന്നുടെ കരുണ എന്നിൽ ഒഴുകൂ!

പാപത്തിൻ ക്രമക്കേട് പോക്കുവാനായി
കൃത്യതയോടെ നോമ്പു നോക്കൂ!
വിശ്വാസത്തിൻ വഴി, ലഭിക്കുവാനായി
ഈശന്റെ കരുണയ്ക്കായി നിലവിളിക്കൂ

വിശ്വാസത്തിൻ 'വടി' കിട്ടിയതാം മോശ
പ്രാർത്ഥനയും പരിത്യാഗവും ഏറ്റെടുത്ത്
നാല്പതു ദിവസം നോമ്പു നോക്കി
കർത്തനിൽ നിന്നും കല്പന പത്തു നേടിയല്ലോ.

ദാനം, പ്രാർത്ഥന, ഉപവാസം എന്നിവ
കർത്തൻ, പഠിപ്പിച്ചു തന്നവയല്ലോ
കർത്തനോട് വസിക്കാൻ, കല്പന പാലിക്കൂ!
കർത്തനോടൊത്തു വസിക്കുന്നവർക്കു
ശിക്ഷയില്ലപോലും

ഹാമാന്റെ മുമ്പിൽ മുട്ടുമടക്കാതെ
ഈശന്റെ മുമ്പിൽ മുട്ടു മടക്കിയ
മൊർദ്ദേഖായി, കൊലയിൽ നിന്നും രക്ഷപെട്ടു
രാജ്യത്തിൽ, മാന്യനായി തീർന്നുവല്ലോ

യഹൂദാ ജനത്തെ നശിപ്പിക്കാനായി
ഹാമാനും കൂട്ടരും വട്ടം കൂട്ടി
എസ്ഥേറും കൂട്ടരും ഉപവാസം എടുത്ത്
സ്വന്ത ജനത്തെ രക്ഷിച്ചുവല്ലോ.

അല്ലയോ, മാതാപിതാക്കളേ, ഒന്നു കേൾക്കൂ!
"ചൊട്ടയിലേ ശീലം ചുടലവരെ"
ചെറുപ്പത്തിൽ തന്നെ മക്കളെ പഠിപ്പിക്കൂ!
ഉപവാസത്തിൻ മാഹാത്മ്യം പറഞ്ഞു കൊടുക്കൂ!

ഞൊടിയിടെ നേരത്തെ ഈ ലോകവാസം
വിട്ടുപിരിഞ്ഞു നാം പോയിടുമേ
കർത്തന്റെ, മണവാട്ടിയായി തീർന്നിടുവാൻ
ഉപവാസവും പ്രാർത്ഥനയും ഏറ്റെടുക്കാം

# മതി യഹോവേ എന്റെ പ്രാണനെ എടുത്തുകൊള്ളണമേ!

സണ്ണി ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി

1. രാജ.19:4. "ഇപ്പോൾ മതി, യഹോവ, എന്റെ പ്രാണനെ എടുത്തു കൊള്ളണമേ; ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവൻ അല്ലല്ലോ എന്നു പറഞ്ഞു".


ഏലിയാവിനെക്കുറിച്ചോ അവന്റെ മാതാപിതാക്കളെക്കുറിച്ചോ യാതൊരു പ്രസ്താവനകളും വേദപുസ്തകത്തിൽ ഇല്ല. അവൻ ബന്യാമിൻ ഗോത്രത്തിൽ പിറന്നവൻ ആണ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ഗിലിയാബയിൻനിന്ന് ഉള്ള തിശിബനായ ഏലിയാവ് എന്നു മാത്രം പറഞ്ഞിരിക്കുന്നു. മാനുഷിക ബുദ്ധിക്കും യുക്തിക്കു വിഭാവനം ചെയ്യാൻ കഴിഞ്ഞ അത്യുന്നനായ ദൈവത്തിന്റെ അത്ഭുതങ്ങളും, ശക്തിയും, മഹത്വവും സ്വന്തം ജീവിതത്തിൽ രുചിച്ച് അറിഞ്ഞിട്ട് ഉള്ളവനും ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തിട്ട് ഉള്ളവരും ആയ വിശ്വാസവീരന്മാർ പോലും സാത്താൻ സൃഷ്ടിക്കുന്ന ഭീഷണികൾക്കു മുമ്പിൽ പെട്ടെന്ന് നിരാശയുടെ അഗാധങ്ങളിൽവീണു പോകാറുണ്ട്. തന്റെ രാജാവിനെയും അവന്റെ പ്രജകളെയും ബാലിന്റെയും അശേരയുടെയും 850 പ്രവാചകന്മാരെയും കർമ്മേൽ പർവ്വതത്തിൽ വന്ന് ദൈവത്തിനുവേണ്ടി വെല്ലുവിളിച്ച ഏലിയാസ് ദൈവത്തോട് പ്രാർത്ഥിച്ചപ്പോൾ ദൈവം സ്വവർഗ്ഗത്തിൽ നിന്ന് തീ ഇറക്കി യാഗപീഠത്തെയും യാഗവസ്തുവിനെയും അതിന് ചുറ്റും ഉണ്ടായിരുന്ന തോട്ടിലെ വെള്ളവും വറ്റിച്ചു കളഞ്ഞു ഇതുകണ്ട് യഹോവതന്നെ ദൈവം എന്നു പറഞ്ഞ് ജനം ദൈവത്തെ പുകഴ്ത്തി. തുടർന്ന് ബാലിന്റെ അശേരയുടെയും 850 പ്രവാചകന്മാരെയും കിശോൻ തോട്ടിൻകരയിൽ വന്ന് ഏലിയാവ് കൊന്നുകളഞ്ഞു. തന്റെ ദേവന്മാരുടെ പ്രവാചകന്മാരെ ഏലിയാവ് കൊന്നു കളഞ്ഞതിനാൽ രോഷാകുലയായ ഇസ്സബേൽ തന്റെ ദൂതനെ ഏലിയാവിന്റെ അടുക്കലേക്ക് അയച്ചു. അടുത്ത ദിവസം തന്നെ തന്റെ ദേവന്മാരുടെ പ്രവാചകൻന്മാരെ കൊന്ന സമയത്തിനു മുന്നേ ഏലിയാവിനെ അവരിൽ ഒരുവനെപ്പോലെ കൊന്നുകളയുമെന്ന് അറിയിച്ചു.

ദൈവത്തിൽ ഉള്ള അചഞ്ചലം ആയ വിശ്വാസത്താൽ ഏകനായി രാജാവിനെയും അവന്റെ പ്രജകളെയും ബാലിന്റെയും അശേരയുടെയും 850 പ്രവാചകന്മാരെയും വെല്ലുവിളിച്ച് ഏലിയാവ് ഇസ്സബേലിന്റെ വധഭീഷണിക്ക് മുമ്പിൽ 'തീ' ഇറക്കിയ കാര്യം ഓർക്കാൻ കഴിയാതെ ഏലിയാസ് ബേർ-ശേബാ മരുഭൂമിയിലേക്ക് ഓടി മരിക്കാൻ ആഗ്രഹിച്ചു. ഒരു ചൂരച്ചെടിയുടെ തണലിൽ കിടന്നുകൊണ്ട് ഇപ്പോൾ മതി യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളണമേ എന്ന് കരഞ്ഞു പ്രാർത്ഥിച്ചു.

ഏലിയാവ് ചെയ്തതൊക്കെയും അവൻ സകല പ്രവാചകൻന്മാരെയും വാൾകൊണ്ട് കൊന്നവിവരം ഒക്കെയും ആഹാബ് ഇസ്സബേലിനെ അറിയിച്ചു. ചൂരച്ചെടിയുടെ തണലിൽ കിടന്ന് മരിക്കാൻ ആഗ്രഹിച്ച ഏലിയാവ് ക്ഷീണം കാരണം ഉറങ്ങിപ്പോയി. അപ്പോൾ ദൈവത്തിന്റെ ദൂതൻ തുരുത്തിയിൽ വെള്ളവും കനലിൽ ചുട്ട ഒരു അടയും അവന്റെ തലക്കൽ കൊണ്ടു വച്ചു പിന്നീട് ഏലിയാവിനെ ഉണർത്തി ഏലിയാവേ എഴുന്നേറ്റു ഭക്ഷിക്ക എന്നു പറഞ്ഞു. ഏലിയാവ് ഉണർന്നു നോക്കുമ്പോൾ തുരുത്തിയിൽ വെള്ളവും കനലിൽ ചുട്ട അടയും കണ്ടു അവൻ അത് ഭക്ഷിച്ചു, പിന്നെയും കിടന്ന് ഉറങ്ങി. യഹോവയുടെ ദൂതൻ രണ്ടാമതും അവനെ തട്ടി ഉണർത്തി ഏലിയാവേ, എഴുന്നേറ്റ് ഭക്ഷിക്ക. നിനക്ക് ബഹുദൂരം യാത്ര ചെയ്യേണ്ടി ഇരിക്കുന്നു എന്ന് പറഞ്ഞു. അവൻ എഴുന്നേറ്റ് തിന്നു കുടിച്ചു. ആ ആഹാരത്തിന്റ ശക്തി കൊണ്ട് 40 പകലും 40 രാത്രിയും തരണം ചെയ്തു ഹോരേബ് പർവ്വതത്തിന്റെ താഴ്വരയിൽ എത്തിച്ചേർന്നു. അവിടെ കണ്ടെത്തിയ ഒരു ഗുഹയിൽ കയറി പാർത്തു. എന്നാൽ അവന് യഹോവയുടെ അരുളപ്പാട് ഉണ്ടായി ഏലിയാവേ നിനക്ക് ഇവിടെ എന്തു കാര്യം? സൈന്യങ്ങളുടെ ദൈവമായ കർത്താവേ ഞാൻ നിനക്കുവേണ്ടി ശുശ്രൂഷ ചെയ്തു, എന്നാൽ രാജാവും ജനങ്ങളും യിസ്രയേലിന്റെ നിയമങ്ങളെ തെറ്റിച്ചു അന്യദൈവത്തെ ആരാധിച്ചു. നിന്റെ പ്രവാചകന്മാരെ അവർ കൊന്നു അവർ എന്നെയും കൊല്ലുവാൻ നോക്കുന്നു എന്ന് പറഞ്ഞു. നീ പുറത്തു യഹോവയുടെ പർവ്വതത്തിൽ നിൽക്കുക എന്ന് ദൂതൻ പറഞ്ഞു. അപ്പോൾ ശക്തിയുള്ള കൊടുങ്കാറ്റ് അടിച്ചു അതിൽ യഹോവ ഇല്ലായിരുന്നു. പിന്നീട് ഒരു വലിയ ഭൂകമ്പം ഉണ്ടായി അതിൽ നിന്ന് വമിച്ച തീയിലും യഹോവ ഉണ്ടായിരുന്നില്ല. ആ അഗ്നി ജ്വാലയ്ക്കുശേഷം ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായി ഏലിയാവേ നിനക്ക് ഇവിടെ എന്തു കാര്യം? മുമ്പേ പറഞ്ഞതു പോലെ തന്റെ നിസ്സഹായത ഏലിയാവ് വെളിപ്പെടുത്തി. നീ മരുഭൂമി വഴിയായി മടങ്ങിപ്പോകുക. അവിടെ നിംശിയുടെ മകനായ യേഹുവിനെ യിസ്രയേലിന്റെ രാജാവായി നീ അഭിഷേകം ചെയ്യണം എന്ന് ദൈവം കല്പിച്ചു. പിന്നീട് സാഫാത്തിന്റെ മകനായ ഏലിശ്ശായെ പ്രവാചകനായി അഭിഷേകം ചെയ്യണം എന്നു പറഞ്ഞു. ഹസ്സായേലിന്റെ വാളിന് തെറ്റിപ്പോകുന്നവനെ യേഹുകൊല്ലും. യേഹുവിന്റെ വാളിന് തെറ്റിപ്പോകുന്നവനെ ഏലിശ്ശാ കൊല്ലും. എന്നാൽ ബാലിന്റെ ആരാധനയിൽ വീഴാത്ത 7000 പേരെ ഞാൻ യിസ്രയേലിൽ ശേഷിപ്പിക്കും എന്ന് പറഞ്ഞു. അവിടെ നിന്ന് ഏലിയാവ് പുറപ്പെട്ടു സാഫാത്തിന്റെ മകനായ ഏലീശ്ശായെ കണ്ടെത്തി. അപ്പോൾ ഏലിശ്ശ കാളയെക്കൊണ്ട് വയൽ ഉഴുതുക ആയിരുന്നു. ഏലിയാവ് അവന്റെ അരികിൽ ചെന്ന് തന്റെ പുതപ്പ് അവന്റെ മേൽ ഇട്ടു; അവൻ കാളകളെ വിട്ട് ഏലിയാവിന്റെ പിന്നാലെ പുറപ്പെട്ടു. പിന്നെ അവൻ കാളക്കുട്ടിയെ അറുത്ത് അതിന്റെ മാംസം തന്റെ മരകൊപ്പുകൊണ്ട് പാകം ചെയ്തു. ഏലിയാവിന് ഭക്ഷണം ഒരുക്കി അവിടെ ഉണ്ടായിരുന്ന ജനത്തിനും നൽകി. പിന്നീട് ഏലിശ്ശ ഏലിയാവിന്റെ ശിഷ്യനായി മാറി. നമുക്ക് തരണം ചെയ്യാൻ കഴിയാത്ത പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും, എന്നന്നേക്കുമായി തകർത്തു കളയുന്ന ഭീഷണികളെയും നമുക്ക് നേരിട്ടു വിജയിക്കുവാൻ കഴിയണം. ഈ നിമിഷംവരെ തന്നെ അത്ഭുതകരമായി നടത്തിയ ദൈവത്തെ ഓർക്കുകയും അവങ്കലേക്ക് കണ്ണുകൾ ഉയർത്തുകയും ചെയ്യണം. മരിക്കുവാനല്ല പിന്നെയോ സകല പ്രതിബന്ധങ്ങളിലും തകർക്കുന്ന ഭീഷണികളെയും ഛിന്നഭിന്നം ആക്കി വിജയം കൈവരിക്കുന്നതിന് ഏലിയാവിന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

●

# ഏവൻഗേലിയോൻ ദീപം



ഫാ. റ്റിജു ഏബ്രഹാം, വാലുപറമ്പിൽ

## പുതു ഞായറാഴ്ചയ്ക്കുശേഷം 1-ാം ഞായർ (വി. യോഹ. 21:1-14) 19-04-2026

ഉയർത്തെഴുന്നേറ്റവനായ യേശുതമ്പുരാൻ തിബര്യാസ് കടൽക്കരയിൽ തന്റെ ശിഷ്യന്മാർക്ക് 3-ാമത് പ്രത്യക്ഷപ്പെടുന്ന ഭാഗമാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. ശിഷ്യന്മാർ ഇവിടെ മീൻപിടിക്കാൻ പോകുന്നത് ക്രിസ്തുവിനോടുള്ള ബന്ധത്തേയും, സുവിശേഷം പ്രസംഗിക്കുന്നതിനുള്ള വിളിയേയും ഉപേക്ഷിക്കുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. യേശു കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് അവർ അറിഞ്ഞു, എന്നാൽ ആ സമയത്ത് എന്താണ് ചെയ്യേണ്ടതെന്നു അവർ അറിഞ്ഞിരുന്നില്ല. തങ്ങളുടേയും കുടുംബങ്ങളുടേയും അഹോവൃത്തിക്കു മീൻ പിടിക്കാൻ പോകേണ്ടത് ഈ പുരുഷന്മാരെ സംബന്ധിച്ചിടത്തോളം ആവശ്യമായിരുന്നു. ഈ വേദഭാഗം നമുക്ക് നൽകുന്ന സന്ദേശങ്ങൾ ഒന്ന് പരിശോധിക്കാം.

**1) നമ്മുടെ പ്രവർത്തനങ്ങൾ ക്രിസ്തു കേന്ദ്രീകൃതമാകണം.**

ഇവിടെ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും നിരാശരായി കഴിയുന്ന ശിഷ്യസമൂഹത്തെയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. എന്നാൽ ക്രിസ്തു അവരുടെ അടുക്കലേക്ക് കടന്നുവന്ന് യഥാർത്ഥമായ ദിശ അവർക്ക് കാണിച്ചു നൽകിയപ്പോൾ അവരുടെ പ്രവർത്തനങ്ങൾക്ക് ഫലമുണ്ടാവുകയാണ്. നമ്മുടെ ജീവിതത്തിലെ സകല പ്രവർത്തനങ്ങളിലും കർത്താവിന്റെ മാർഗ്ഗദർശനം തേടുന്നത് വളരെ പ്രധാനമാണ്. ക്രിസ്തുവിന്റെ സാന്നിദ്ധ്യവും അനുഗ്രഹവും വഴിനടത്തുന്ന കരവും കൂടാതെ നാം നമ്മുടെ ജീവിതം ചിലവഴിച്ചാൽ നാം ചെയ്യുന്നതെല്ലാം പരാജയവും പാഴ്‌വേലയും ആയിപ്പോകും. ആധുനിക കാലഘട്ടത്തിൽ മനുഷ്യൻ നേട്ടങ്ങൾ കൈവരിക്കുമ്പോളും ഉന്നതിയിലെത്തുമ്പോളും, തന്റെ കഴിവുകളിൽ അഹങ്കരിച്ച് ക്രിസ്തുവിനെ ഉപേക്ഷിക്കുന്ന ഒരു പ്രവർത്തനമാണ് നാം കാണുന്നത്. അതിന്റെ അനന്തരഫലമോ, പരാജയവും, നിരാശയും മാത്രമാണ്. ക്രിസ്തു കേന്ദ്രീകൃതമായ ഒരു ജീവിതം നയിച്ച്, മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിച്ചുകൊണ്ട് നാം ചെയ്യുന്ന പ്രവർത്തനങ്ങൾ അർത്ഥ പൂർണ്ണവും ഫലഭൂയിഷ്ഠമുള്ളതുമായിത്തീരും.

**2) രക്ഷയുടെ സാർവ്വത്രികത ഇവിടെ വെളിപ്പെടുകയാണ്.**

11-ാം വാക്യത്തിൽ ക്രിസ്തു കാട്ടിയ ദിശയിൽ വല വീശിയപ്പോൾ നൂറ്റിയൻപത്തിമൂന്ന് വലിയതരം മീൻ നിറഞ്ഞ വല അവർ കരയ്ക്ക് വലിച്ചു കയറ്റി. അത്ര വളരെയേറെ ഭാരം ഉണ്ടായിട്ടും വല കീറിയില്ല എന്ന് തിരുവചനം സാക്ഷിക്കുന്നു. സഭാപിതാവായ വി. ജെറോം വ്യാഖ്യാനിക്കുന്നത്, കടലിൽ 153 തരം മീനുണ്ടെന്നും, അത് ലോകത്തിലുള്ള എല്ലാ മനുഷ്യരെയും കുറിക്കുന്നു എന്നും ആണ്. ക്രിസ്തുവിന്റെ രക്ഷ എതെങ്കിലും പ്രത്യേക ഒരു വിഭാഗത്തിന് മാത്രമായിട്ടുള്ളതല്ല. അത് സകല ജാതികൾക്കുംവേണ്ടി ക്രമീകരിച്ചിട്ടുള്ളതാണ്. അതായത് ലോകത്തിലെ സകല വർഗ്ഗ വർണ്ണങ്ങളിലുമുള്ള മനുഷ്യരെയും ഉൾക്കൊള്ളാൻ കരുത്തുള്ളതാണ് ക്രിസ്തുസഭയെന്ന് ഇതിലൂടെ വെളിപ്പെടുത്തി. ഇവിടെ വെളിവാക്കുന്നത് രക്ഷയുടെ സാർവ്വത്രികതയാണ്. ക്രിസ്തുവിൽ ആശ്രയിച്ച് നമ്മുടെ പ്രവർത്തനങ്ങൾ നടത്തുവാനും എല്ലാം മനുഷ്യർക്കും ക്രിസ്തുവിന്റെ രക്ഷ അനുഭവവേദ്യമാകുവാനും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

## പുതു ഞായറാഴ്ചക്കുശേഷം 2-ാം ഞായർ (വി. യോഹ. 4:31-38) 26-04-2026

യേശുതമ്പുരാൻ ശമര്യാക്കാരി സ്ത്രീയെ മാനസാന്തരപ്പെടുത്തുകയും താൻ മ്ശിഹാ ആണെന്ന് അവളെ ബോധ്യപ്പെടുത്തുകയും ചെയ്തതിനുശേഷം ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ കടന്നുവന്ന് ഭക്ഷണം കഴിക്കുവാൻ പറയുകയും, തന്റെ യഥാർത്ഥ ഭക്ഷണം എന്നത് "എന്നെ അയച്ചവന്റെ ഇഷ്ടം ആചരിക്കുകയും അവന്റെ പ്രവൃത്തി നിവർത്തിക്കുന്നതുമാണ്" എന്ന് കൽപ്പിക്കുകയും തുടർന്ന് ശമര്യാക്കാരി മുഖാന്തിരം ഒരു പട്ടണത്തെ മുഴുവനും രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവരുന്നതുമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ലൗകികമായ ആഹാരത്തെക്കുറിച്ച് ആകുലത പൂണ്ട ശിഷ്യസമൂഹത്തോട് ആത്മീയമായ ആഹാരത്തെക്കുറിച്ചും ബോധവാന്മാരായിരിക്കണം എന്ന് ഉദ്ബോധിപ്പിക്കുകയാണ് ഈ തിരുവചനത്തിലൂടെ യേശു ക്രിസ്തു. ഇവിടെ ക്രിസ്തു പറയുന്നു എന്നെ അയച്ചവന്റെ ഇഷ്ടം ആചരിക്കുകയും അവന്റെ പ്രവൃത്തി നിവർത്തി ക്കുന്നതുമാണ് എന്റെ ആഹാരം എന്ന്. എന്താണ് ക്രിസ്തുവിനെ അയച്ചവന്റെ ഇഷ്ടം എന്ന് ചിന്തിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്.

**1) ദൈവജനത്തിന്റെ ശുദ്ധീകരണം**

ദൈവത്തിന്റെ ഇഷ്ടം എന്നത് ദൈവജനത്തിന്റെ ശുദ്ധീകരണമാണ് എന്ന് 1 തെസലോനിക്യർ 4:3ൽ പൗലോസ് അപ്പോസ്തലൻ നമുക്ക് കാണിച്ചുതരുന്നു. നാം നമ്മുടെ ദുർന്നടപ്പുകളെ വിട്ടൊഴിഞ്ഞ്, ദൈവത്തെ അറിയാത്ത ജാതികളെപ്പോലെ ജീവിക്കാതെ, വിശുദ്ധിയിലും മാനത്തിലും ജീവിക്കാൻ അപ്പസ്തോലൻ ഇവിടെ ആഹ്വാനം ചെയ്യുകയാണ്. ഈ ലോക ജീവിത യാത്രയിൽ നാം പലപ്പോഴും അശുദ്ധരായി മാറ്റപ്പെടുന്നുണ്ട്. എന്നാൽ ക്രിസ്തുവിന്റെ സമ്പർക്കത്തിലൂടെ പാപത്തിന്റെ അവസ്ഥയിൽനിന്നും ശുദ്ധീകരണം പ്രാപിച്ച അനേക മനുഷ്യരെ തിരുവചനത്തിൽ നാം കാണുന്നുണ്ട്. അവരെപ്പോലെ അശുദ്ധിയിൽനിന്ന് ശുദ്ധീകരണം പ്രാപിച്ച് വെടിപ്പുള്ളവരായിത്തീരുവാൻ നമുക്ക് സാധിക്കണം.

**2) സൽപ്രവൃത്തികൾ ചെയ്യുക**

രണ്ടാമതായി ദൈവത്തിന്റെ ഇഷ്ടം സൽപ്രവൃത്തികൾ ചെയ്യുക എന്നതാണ്. പാമ്പാക്കുട നമസ്ക്കാരത്തിൽ ഞായർ സന്ധ്യയുടെ പ്രത്യേക പ്രാർത്ഥനയിൽ ഇപ്രകാരമാണ് പിതാക്കന്മാർ പ്രാർത്ഥിക്കുന്നത്. "കർത്താവേ ഞായറാഴ്ച ദിവസത്തിൽ ഞങ്ങൾ വെടിപ്പോടും, വിശുദ്ധിയോടും കൂടി ശോഭിപ്പാനും നിനക്കിഷ്ടമുള്ള സൽപ്രവൃത്തികളോടുകൂടി നിന്നെ സ്തുതിപ്പാനും ഞങ്ങൾ സന്തോഷത്തോടും

ആനന്ദത്തോടുംകൂടി നിന്റെ വേദപ്രമാണങ്ങളെ ധ്യാനിച്ചു കൊണ്ട് നിന്റെ കല്പനകളെ ആചരിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ". ഇതിൽനിന്നും ദൈവിക ഇഷ്ടം മനോഗുണ പ്രവൃത്തികൾ ചെയ്യുക എന്നതാണ് എന്നു നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഇന്ന് ദൈവസന്നിധിയിൽ പ്രീതീകരമാകുന്നതിനാണോ ലോക പ്രീതിക്കായിട്ടാണോ നാം സൽപ്രവൃത്തികൾ ചെയ്യുന്നത് എന്ന് ഒന്ന് വിചിന്തനം ചെയ്യുന്നത് നന്നായിരിക്കും. നമ്മുടെ ജീവിതത്തിൽ ദൈവിക ഇഷ്ടം ആചരിക്കുന്നവരായി ഒന്ന് സ്വയം ശുദ്ധീകരിച്ച് ക്രിസ്തുവിന് പ്രീതികരമായ രീതിയിൽ മനോഗുണ പ്രവൃത്തികൾ ചെയ്യുവാൻ നമുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

## പുതു ഞായറാഴ്ചയ്ക്കുശേഷം 3-ാം ഞായർ (വി. യോഹ. 6:47-58) 03-05-2026

പ്രസ്തുത വേദഭാഗത്തിലൂടെ യേശു ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവന്റെ അപ്പമാണെന്നും അവൻ നിത്യജീവനെ നൽകുന്നുവെന്നും, വിശ്വാസികൾ ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും വേണം എന്നും നിത്യജീവൻ പ്രാപിക്കുവാൻ ക്രിസ്തുവുമായുള്ള ഐക്യം ആവശ്യമാണെന്നും സുവിശേഷകൻ വിവരിച്ചിരിക്കുന്നു. ക്രിസ്തു ഇവിടെ ഇപ്രകാരം പറയുമ്പോൾ യെഹൂദർ അവന്റെ വാക്കുകളെ എതിർക്കുന്നു. അവരുടെ മുൻവിധിയാണ് യേശുവിനെ വിശ്വസിക്കുന്നതിൽനിന്നും അവരെ തടയുന്നത്. 53-ാം വാക്യത്തിൽ യേശുവിന്റെ ശരീരരക്തങ്ങളിൽ പങ്കു ചേരാതെ ജീവൻ പ്രാപിക്കുവാൻ സാധ്യമല്ല എന്ന് ക്രിസ്തു പ്രഖ്യാപിക്കുകയാണ്. ഇപ്രകാരം ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവന് ലഭിക്കുന്നതെന്താണെന്ന് ഒന്ന് പരിശോധിക്കാം.

**1) നിത്യജീവൻ ലഭിക്കുന്നു**

യേശുക്രിസ്തുവിനെ സ്വീകരിക്കുന്നവർക്ക് അവൻ നൽകുന്ന ഏറ്റവും വലിയ വാഗ്ദത്തമാണ് നിത്യജീവൻ. മനുഷ്യൻ അവന്റെ സമയത്തിന്റെ അധികഭാഗവും ചിലവാക്കുന്നത് നശിച്ചുപോകുന്ന ആഹാരം സമ്പാദിക്കുന്നതിനും സൂക്ഷിക്കുന്നതിനും പാകംചെയ്യുന്നതിനും അത് ഭക്ഷിക്കുന്നതിനും വേണ്ടിയാണ്. പക്ഷേ മനുഷ്യ പുത്രൻ നമുക്ക് തരുന്ന നിത്യജീവനുവേണ്ടി സമയമോ സൗകര്യങ്ങളോ നാം മാറ്റിവയ്ക്കാറില്ല. പൗലോസ്ശ്ലീഹാ റോമർ 6:22-ൽ ഓർമ്മിപ്പിക്കുന്നു ഇപ്പോൾ പാപത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന് ദാസന്മാരായിരിക്കുകയാൽ നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനുമാകുന്നു. അതുകൊണ്ട് പാപത്തിൽനിന്ന് സ്വതന്ത്രനായി ദൈവത്തോട് ചേർന്ന് മനുഷ്യപുത്രന്റെ ശരീരരക്തങ്ങൾ അനുഭവിച്ച് അവന് ഹിതമായി പ്രവർത്തിക്കുന്നവന് ദൈവം കൊടുക്കുന്ന ദാനമാണ് നിത്യജീവൻ. ഈ നിത്യജീവൻ സ്വായത്തമാക്കുവാൻ നമുക്ക് സാധിക്കണം.

**2) നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും വസിക്കുന്നു.**

യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നവർ ക്രിസ്തുവിലും ക്രിസ്തു അവരിലും വസിക്കുന്നു എന്ന് ക്രിസ്തു ഉറപ്പു നൽകുന്നു. ഇവിടെ ഒരു കൂദാശയിലൂടെയുള്ള ഒരു കൂട്ടായ്മയാണ് വെളിവാകുന്നത്. യേശുക്രിസ്തുവും പിതാവുമായുള്ള ബന്ധത്തിന്റെ ഒരു ഐക്യം പോലെ, കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നവരും ക്രിസ്തുവുമായി ഒരു ബന്ധം പുലർത്തുകയാണ്. ഈ നവീന കാലഘട്ടത്തിൽ നാമും നമ്മുടെ ക്രിസ്തുവുമായുള്ള ബന്ധം എങ്ങനെയെന്ന് ഒന്ന് പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമായ ഒരു സംഗതിയാണ്. ആ ബന്ധത്തിന് ഇന്ന് വിള്ളൽ സംഭവിച്ചിട്ടുണ്ടോ? ഉണ്ട് എങ്കിൽ കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ച് നാം ക്രിസ്തുവിനോടും ക്രിസ്തു നമ്മിലും വസിക്കുന്ന ഒരു അനുഭവം രൂപപ്പെടുത്തണം. അപ്പോൾ ക്രിസ്തുവിന്റെ സ്വഭാവ സവിശേഷതകൾ നമ്മിൽ പ്രതിഫലിക്കും. ക്രിസ്തുവിന്റെ കൺകളിലൂടെ കാണുവാൻ, ക്രിസ്തുവിന്റെ കാതുകളിലൂടെ കേൾക്കുവാൻ ക്രിസ്തുവിന്റെ സ്പർശനത്തിലൂടെ ഒന്ന് തൊടുവാൻ ക്രിസ്തുവിന്റെ അധരത്തിലൂടെ സംസാരിക്കാൻ ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ രൂപപ്പെടുവാൻ, നമുക്ക് ഇടയാകട്ടെ എന്നാശംസിക്കുന്നു.

**ഫാ. ഷൈനോ മർക്കോസ് കൊച്ചുമംഗര**

## പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച (ലൂക്കോ 9:51-62) (10-05-2026)

വാക്യം 51 ൽ "അവന്റെ ആരോഹണത്തിനുള്ള കാലം തികയാറായപ്പോൾ അവൻ യരുശലേമിലേക്ക് യാത്ര ആകുവാൻ 'മനസ്സ് ഉറപ്പിച്ച്' തനിക്ക് മുമ്പായി ദൂതന്മാരെ അയച്ച്" എന്ന് ലൂക്കോസ് ശ്ലീഹാ സാക്ഷിക്കുന്നു. ഇവിടെ രണ്ട് കാര്യങ്ങൾ ശ്രദ്ധേയമാണ്

1) 'അവന്റെ ആരോഹണം' എന്ന പദംകൊണ്ട് യേശു തന്റെ ഇഹലോകവാസം പൂർത്തീകരിച്ച്, സ്വർഗ്ഗത്തിൽനിന്ന് വന്നവൻ എന്ന നിലയിൽ അവിടേയ്ക്ക് തിരികെ പോകുവാനുള്ള സമയം തനിക്ക് ബോദ്ധ്യമായി എന്നാണ് ഉദ്ദേശിക്കുന്നത്. ഓരോ വ്യക്തിയുടേയും മരണസമയം ദൈവം മാത്രം അറിയുന്നു എന്നാൽ ദൈവപുത്രന്റെ മരണം സമയം, ആയുസ്സിന്റെ ദൈർഘ്യം ഇവ അവിടുന്ന് അറിഞ്ഞിരുന്നു. ഒരാളുടെ ആയുഷ്ക്കാലം ജനനം മുതൽ മരണം വരെയെങ്കിൽ യേശുവിന്റെ മനുഷ്യാവതാരകാലം ജനനം മുതൽ സ്വർഗ്ഗാരോഹണംവരെയായിരുന്നു എന്ന് ചിന്തിക്കാവുന്നതാണ്. ഈ കാലഘട്ടത്തിൽ യേശുവിന് എന്തെല്ലാം സംഭവിച്ചു എന്ന് പ. പൗലോസ്ശ്ലീഹാ നമ്മെ അറിയിക്കുന്നു "അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാർക്ക് പ്രത്യക്ഷനായി, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു. തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു (1. തീമോ. 3:16).

2) 'മനസ്സ് ഉറപ്പിച്ചു.' യേശുവിന്റെ മുമ്പിലുണ്ടായിരുന്ന ചിന്ത താൻ മരണത്തിലൂടെ കടന്നുപോകണമേ എന്നുള്ളതായിരുന്നു. ആ കയ്പ്പു നിറഞ്ഞ അനുഭവത്തെ തിരസ്ക്കരിക്കുന്നതിനായി തനിക്ക് ഒരാലോചന ഉണ്ടായിരുന്നു എങ്കിൽ യേശുവിന് ഗലീലയിൽത്തന്നെ ഒതുങ്ങിക്കഴിഞ്ഞു കൂടാമായിരുന്നു. എന്നാൽ അവൻ യരുശലേമിലേക്ക് പോകാൻ മനസ്സുറപ്പിച്ചു എന്ന് രേഖപ്പെടുത്തുമ്പോൾ മരണത്തിന് താൻ സ്വയം മനസ്സുവച്ചു എന്നാണ് തെളിയിക്കുന്നത്. യേശു പീലാത്തോസിനോട് തന്റെമേൽ ലോകത്ത് ആർക്കും ഒരധികാരവും ഇല്ല എന്നും, താൻ സ്വന്തമായി മരണത്തിന് ഏൽപ്പിച്ചു കൊടുക്കുകയാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

3) "നിങ്ങൾ ഏത് ആത്മാവിനും അധീനർ എന്ന് നിങ്ങൾ അറിയുന്നില്ല." യേശു അയച്ച ദൂതന്മാരോടുള്ള നിഷേധ മനോഭാവം യേശുവിനോടുള്ള നിഷേധമായിട്ടാണ് ശിഷ്യന്മാർ കണ്ടത്. അതുകൊണ്ടാണ് ശമര്യാക്കാരെ (യിസ്രായേൽക്കാരിൽനിന്നുള്ള ഒരു ചെറിയ ജനവിഭാഗം; അതായത് ബാബിലോണിയ പ്രവാസ കാലത്ത് വിജാതീയ സ്ത്രീകളെ സ്വീകരിച്ച യിസ്രായേൽക്കാരുടെ സന്തതികൾ; ഇവർ തമ്മിൽ ആശയ സംഘർഷങ്ങൾ ഉണ്ടായിരുന്നു) തീയിറക്കി നശി

പ്പിക്കുന്നതിനുള്ള ആലോചന വന്നത്. മനുഷ്യരുടെ കൃത്യങ്ങൾ ആണ് അവനെ നന്മ നിറഞ്ഞവനും, അതുപോലെ ഭോഷികളും ആക്കിത്തീർക്കുന്നത്. ഓരോ വ്യക്തിയും സ്വന്തം മനസ്സിന്റെ സമ്മതം കൂടാതെ (will) ഒന്നും ചെയ്യുന്നില്ല. സമ്മതത്തിന്റെ പിന്നിൽ ഉദ്ദേശവും, ഉദ്ദേശത്തിന്റെ പിന്നിൽ ആലോചനയും, ആലോചന രൂപീകരിക്കുന്ന 'ആത്മാവ് ഉണ്ട്. ആത്മാവിന്റെ മേൽ നമുക്ക് നിയന്ത്രണം ഉണ്ടാകുന്നതുവരെ നമ്മുടെ വ്യക്തിത്വത്തിന്മേൽ ഉണ്ടായിരിക്കേണ്ട നിയന്ത്രണം പൂർണ്ണമാകുന്നില്ല. ഇത് ആത്മീയ വളർച്ചയാണ്, പ്രക്രിയയാണ്. അതിന് മുഖ്യപ്രാധാന്യം കൊടുത്ത് ഓരോ വിശ്വാസിയും അവരുടെ ലക്ഷ്യത്തിലേയ്ക്കുള്ള യാത്ര നിവൃത്തിക്കേണ്ടതുണ്ട് എന്നാണ് പ്രാണനെ നശിപ്പിക്കാതെ രക്ഷിക്കുന്നവരായി തീരണം എന്നതിലൂടെ യേശു വ്യക്തമാക്കുന്നത്.

4) മൂന്ന് വ്യക്തികൾ - ലോകത്തിന്റെ ഇമ്പങ്ങളെ കൈവിടാൻ വിഷമമുള്ളവർക്ക് സ്വർഗ്ഗരാജ്യ ആനന്ദം അപ്രാപ്യമായിരിക്കും. ഇവിടെ തിരിഞ്ഞ് നോക്കുന്നതിന്റെ കാരണം സ്വർഗ്ഗരാജ്യത്തെ പ്രതി ഉപേക്ഷിക്കുവാൻ നിർബന്ധിതമാക്കുന്നവ, സ്വർഗ്ഗരാജ്യത്തിന്റെ വിലയേക്കാൾ ശ്രേഷ്ഠവും വിലയേറിയതും എന്ന് ചിന്തിക്കുന്നതുകൊണ്ടാണ്.

# സൺഡേസ്കൂൾ അദ്ധ്യാപക സമ്മേളനം



മലങ്കര സുറിയാനി ക്നാനായ സൺഡേസ്കൂൾ സമാജം നീലംപേരൂർ മേഖലാ അദ്ധ്യാപക സമ്മേളനം നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളിയിൽ ക്നാനായ സൺഡേസ്കൂൾ ഡയറക്ടർ ഫാ. ജേക്കബ് കല്ലുകുളം ഉദ്ഘാടനം ചെയ്തു. മോർ അപ്രേം സെമിനാരി മാനേജർ ഫാ.ബിബിൻ ആൻഡ്രൂസ് കുന്നുംപുറം അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ഫാ. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ, പി.എ.ഏബ്രഹാം പള്ളിയ്ക്കപ്പറമ്പിൽ, ജെബി ഏബ്രഹാം പള്ളിയ്ക്കപ്പറമ്പിൽ, ജൂബി ജേക്കബ് കളത്തിൽ എന്നിവർ പ്രസംഗിച്ചു.



ചിങ്ങവനം സെന്റ് ജോൺസ് ദയറാപ്പള്ളി ക്നാനായ കോൺഗ്രസിന്റെയും KYA യുടെയും ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. വികാരി ഫാ. ബിബി കെ. ഏബ്രഹാം കിഴക്കേമുറിയിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എക്സൈസ് ഇൻസ്പെക്ടർ അരുൺ കുമാർ ക്ലാസ് നയിച്ചു. ട്രസ്റ്റി പ്രിനു ഫിലിപ്പ് കട്ടയിൽ, ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മിറ്റി അംഗം സുമിത്ത് കുരുവിള ചിറയിൽ മാക്കോന്തറ, ബിനോയ് സ്കറിയ ചിറയിൽ മാക്കോന്തറ എന്നിവർ പ്രസംഗിച്ചു.

# അബ്രഹാമിന്റെ വിശ്വാസം ഞാൻ മനസ്സിലാക്കിയത്

സണ്ണി ജേക്കബ്, കാട്ടുവേലിൽ

"ഉല്പ. 12:1. യഹോവ അബ്രഹാമിനോട് അരുളിച്ചെയ്തത് എന്തെന്നാൽ നീ നിന്റെ ദേശത്തേയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക".

നോഹയുടെ കാലത്ത് സകല ജനത്തിനും അവരുടെ തിന്മയുടെ പ്രവൃത്തിയിൽ കൂടി അവരുടെ നാശം ഉണ്ടായപ്പോൾ, അവരുടെ ഇടയിൽ നിന്നും യഹോവ, നോഹ എന്ന വിശ്വസ്തനെ രക്ഷിച്ചു; മനുഷ്യ സൃഷ്ടിയുടെ പരമ്പര നില നിർത്തി. പ്രളയത്തിന് 100 വർഷത്തിനുശേഷം ജനം ബാബേൽ ഗോപുരം (ആകാശംവരെയെത്തുന്ന ഒരു ഗോപുരം) നിർമ്മിക്കുവാൻ തീരുമാനിച്ച് ദൈവത്തോട് മത്സരിച്ചു. ഈ ധിക്കാര തീരുമാനത്തിൽ അവർ ആശയ വിനിമയം നടത്തിയിരുന്ന ഏക ഭാഷാസംവിധാനം നഷ്ടമായി, ബഹുഭാഷ അവരെ ആശയക്കുഴപ്പത്തിലാക്കി. വീണ്ടും പ്രളയത്തിന് 352 വർഷങ്ങൾക്ക്ശേഷം, പത്തു തലമുറകൾ കഴിയുമ്പോൾ ജനം വിഗ്രഹാരാധകരായി മാറുന്നതായിട്ട്; അബ്രഹാമിന്റെ കാലം വരുമ്പോൾ കാണുന്നു. ദൈവം അബ്രാം എന്ന വിശ്വസ്തനെ കണ്ടെത്തുന്നു. തിരഞ്ഞെടുത്ത അബ്രാമിന്റെ പേര് ദൈവം അബ്രഹാം എന്ന് മാറ്റി. ഭാര്യയുടെ പേര് സാറായി എന്നത് സാറാ എന്നാക്കി. അബ്രഹാമിനൊപ്പം അനന്തരവനായ ലോത്തിനെയും ദൈവം തിരഞ്ഞെടുക്കുന്നു, ലോത്തും യാത്ര ആകുന്നു.

വിഗ്രഹാരാധനക്കാരുടെ മധ്യത്തിൽ ജീവിക്കുന്ന അബ്രഹാമിന് വിഗ്രഹാരാധനയുടെ സ്വാധീനത്തിൽ അകപ്പെട്ടുപോകാതിരിക്കുവാൻ വ്യവസായ നഗരം ആയ മെസപ്പൊട്ടാമിയയുടെ, ഊർ എന്ന അബ്രഹാമിന്റെ ജന്മദേശത്തുനിന്നും, അബ്രഹാം കണ്ണുകൊണ്ടു കണ്ടിട്ടില്ലാത്ത; ദൈവം അബ്രഹാമിനുവേണ്ടി തിരഞ്ഞെടുക്കുന്ന ഒരു പുതിയ ദേശത്തേക്ക് മാറി താമസിക്കുവാൻ ആവശ്യപ്പെടുന്നു. പാലും തേനും ഒഴുകുന്ന കനാൻ നാട് ദൈവം അബ്രഹാമിന് വാഗ്ദാനം ആയി നൽകും എന്ന് പറയുമ്പോൾ; നിനക്ക് ഇവിടെ മെസപ്പൊട്ടാമിയയിൽ നഷ്ടപ്പെടുത്തുന്നതിനേക്കാൾ വളരെ മെച്ചം ആയ ദേശം ലഭിക്കും എന്ന് കരുതണം. യഹോവ എന്ന പരമാർത്ഥിക ഏക സത്യദൈവത്തെ തിരിച്ചറിഞ്ഞ്, യഹോവയിൽ വിശ്വസിച്ച് തനിക്ക് കാണിപ്പാൻ ഇരിക്കുന്ന ദേശത്തേക്ക് അബ്രഹാം യാത്രയാകുന്നു.

അസാധ്യമായ സാഹചര്യങ്ങൾക്കിടയിലും ദൈവം തന്റെ വാഗ്ദാനങ്ങൾ നിറവേറ്റുമെന്ന് അബ്രഹാം വിശ്വസിച്ചു. പ്രത്യേകിച്ച് വാർദ്ധക്യത്തിൽ ഒരു മകനെ പ്രതീക്ഷിക്കുകയും തന്റെ സന്തതികളെ നക്ഷത്രങ്ങളെപ്പോലെ എണ്ണമറ്റവരായി വർദ്ധിപ്പിക്കുകയും അവകാശമാക്കുകയും തന്റെ സന്തതികളിലൂടെ എല്ലാ ജനതകൾക്കും അനുഗ്രഹം നൽകുകയും ചെയ്യും എന്ന് വിശ്വസിച്ചു. എങ്കിലും ഭാര്യ സാറയുടെ നിർദ്ദേശ പ്രകാരം, ദാസി ഹാഗാറിനെ പരിഗ്രഹിച്ചു ഒരു മകൻ ഉണ്ടായി, ഇസ്മായേൽ. ദൈവീക അനുഗ്രഹത്താൽ സാറായിൽ അബ്രഹാമിന് ഒരു മകൻ ഉണ്ടായി യിസഹാക്ക്. മനുഷ്യ ബുദ്ധിയിൽ ഉണ്ടായ വംശാവലിയും ദൈവീക അനുഗ്രഹത്തിൽ ഉണ്ടായ വംശാവലിയും തമ്മിലുള്ള കലഹം ഇന്നും തുടരുന്നു എന്നത് സത്യം തന്നെ. അങ്ങനെ യഹോവയിൽ വിശ്വസിച്ച യഹോവ പുതുതായി രൂപപ്പെടുത്തി എടുക്കുന്ന യഹോവയുടേതായ ജനത്തിന്റെ പിതാവായി തീരുന്നു.

അബ്രഹാം തിരിച്ചറിഞ്ഞ സത്യദൈവവും, വിഗ്രഹാരാധനയുടെ ദൈവവും തമ്മിൽ എന്ത് വ്യത്യാസം? യഹോവയായ ദൈവം നാമ, രൂപ, നിറ, വർഗ്ഗ, ജാതി, ഭേദം ഇല്ലാത്ത പൂർണ്ണ ആത്മീയൻ ആകുന്നു. ഭൗതികമായതിനെല്ലാം നാമ, രൂപ, നിറ, വർഗ്ഗ, ജാതി, ഭേദം ഉണ്ടാകും. അപ്പോൾ യഹോവയെ ആരാധിക്കുന്നതിന് ഒരു തരത്തിലും ഉള്ള രൂപ ഭാവങ്ങളിലും പാടില്ല. എന്നാൽ സമസ്ത സൃഷ്ടിയിലും സമമായി നിറഞ്ഞിരിക്കുന്ന പരമാർത്ഥ ചൈതന്യം ഏക ദൈവം അത്രേ എന്നതാണ് വിഗ്രഹാരാധനയുടെ തത്വം. പ്രപഞ്ചവും അതിലുള്ള സകലതും ദൈവിക ചൈതന്യത്തിൽ നിലനിൽക്കുന്നു. അങ്ങനെ പ്രപഞ്ചത്തിലെ ഏതെങ്കിലും ഒരു രൂപഭാവത്തിന്റെ വിഗ്രഹം ഉണ്ടാക്കി അതിൽകൂടി ദൈവവുമായുള്ള ബന്ധത്തെ വ്യക്തിഗതം ആക്കുക എന്നതാണ് വിഗ്രഹ ആരാധന. ഉദാഹരണം തടികൊണ്ടുണ്ടാക്കിയ കുരിശിനെ കുമ്പിടുമ്പോൾ ആ കുരിശിൽ യേശുവിന്റെ ചൈതന്യം സങ്കൽപ്പിച്ചു യേശുവുമായുള്ള ബന്ധത്തെ വ്യക്തിഗതം ആക്കുകയാണ്. രൂപം പ്രപഞ്ച സൃഷ്ടിയിൽ ഉള്ള ശക്തിയുടേതാകുകയും ആ ശക്തിയെ ദൈവം എന്ന് തെറ്റിദ്ധരിക്കുകയും ചെയ്യുമ്പോൾ, (ഉദാഹരണം യിസ്രായേൽ മക്കളുടെ കാളക്കുട്ടിയെ ഉണ്ടാക്കിയുള്ള ആരാധന) പരാമാർത്ഥിക ഏക സത്യദൈവത്തെ തിരിച്ചറിയാത്തവൻ ആകുന്നു. ഇങ്ങനെയുള്ള സത്യ ദൈവത്തെ തിരിച്ചറിയാത്ത വിഗ്രഹാരാധനക്കാരായ മെസപ്പൊട്ടോമിയൻ ജനത്തിന്റെ ഇടയിൽ നിന്നും ദൈവം; വിശ്വസ്തനായ സത്യദൈവത്തെ തിരിച്ചറിഞ്ഞ അബ്രഹാമിനെ കണ്ടെത്തി, കനാൻ നാട്ടിലേക്ക് മാറി താമസിക്കുവാൻ ആവശ്യപ്പെടുന്നു.

എല്ലാ മനുഷ്യനും ബോധം ഉണ്ട്. പക്ഷെ ദൈവത്തിന്റെ ആത്മീയതയെ തിരിച്ചറിയുന്നവന് അവബോധം ഉണ്ട്. ദൈവം ഉണ്ട് എന്ന ബോധം വിഗ്രഹാരാധനക്കാരായ മെസപ്പെട്ടോമിയൻ ജനതയ്ക്ക് ഉണ്ട്. എന്നാൽ സത്യം ദൈവം

ആകുന്ന യഹോവയായ ദൈവത്തെ തിരിച്ചറിയുക എന്നത് അവബോധം, അത് അവർക്ക് ഉണ്ടായിരുന്നില്ല. അബ്രഹാം വിശ്വസിച്ചത് യഹോവ എന്ന പരമാർത്ഥിക ഏക സത്യ ദൈവത്തെ ആയിരുന്നു എന്നത് അബ്രഹാമിനെ യഹോവ ആയ ദൈവം തന്റെ ജനത്തിന്റെ പിതാവാകുവാൻ അർഹ നാക്കി.

**ചിന്തിക്കേണ്ടത്**: ദൈവത്തെക്കുറിച്ചുള്ള ബോധം നമുക്കുണ്ട്, മരണാന്തര നിത്യതയെക്കുറിച്ചും ബോധം ഉണ്ട്. എന്നാൽ അത് സ്വർഗ്ഗം എന്നത് അതിയായ ലൗകിക മോഹങ്ങളുടെ അതിപ്രസരണത്തിൽനിന്നുള്ള ആഗ്രഹം ആകരുത്. നിത്യതയെന്നത് ദൈവത്തിൽനിന്നും ഉറവിടമായ ആത്മാവിന്റെ, ശരീര മനസ്സുകളുമായി ചേർന്നുള്ള വാസത്തിൽ, ഏക സത്യ ദൈവത്തെ തിരിച്ചറിഞ്ഞു, ശരീരത്തെ വെടിഞ്ഞു ആ സത്യ ദൈവ ആത്മീയതയിൽ ചേർന്ന് സമാധാനവും സന്തോഷവും പങ്കിടുക എന്നതാണ്. നിത്യജീവന്റെ അനുഭവം ആത്മാവിന് ആണ്; ശരീര മനസ്സുകൾക്കല്ല. ആർഭാടവും ആനന്ദവും ആഗ്രഹിക്കുന്നത് മനസ്സാണ്. ആത്മാവിന് ഭൗതിക ആർഭാടത്തിന്മേൽ ആഗ്രഹം ഇല്ല. ശരീര മനസ്സുകളുടെ സ്വഭാവം നാശം ഉള്ളത്, ആത്മാവിന്റെ സ്വഭാവം അനന്തരം. ആത്മാവിന്റെ ഉറവിടം ദൈവത്തിൽനിന്ന്, തിരികെ ചേരേണ്ടതും ദൈവത്തിൽ, ആത്മാവ് വിവേകി ആകുന്നു. ആത്മാവിൽ നിന്ന് മനസ്സ് വിവേകം പഠിക്കുന്നു. അബ്രഹാമിന് ദൈവം വാഗ്ദാനം നല്കുന്നത് പാലും തേനും ഒഴുകുന്ന കനാൻ ദേശം. അബ്രഹാം ഉപേക്ഷിക്കുന്നത് വിഗ്രഹാരാധനക്കാരുടെ ഇടയിലുള്ള വാസം. ദൈവം നേടുന്നത് അബ്രഹാമിന്റെ ആത്മാവിനെ. നാം ദൈവത്തിൽ നിന്നും ആഗ്രഹിക്കുന്നതെന്ത്? തിരികെ എന്ത് നൽകും?

●

---

# ക്ഷമയുടെ മഹത്വം

**സി. ഐ. ചാക്കോ കൊച്ചുപറമ്പിൽ, നീലംപേരൂർ**

ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ എന്ന് നമ്മൾ പ്രാർത്ഥിക്കുന്നുണ്ടല്ലോ.

നമ്മൾ ക്ഷമിക്കുന്നതുകൊണ്ടാണ് നമ്മോടു ക്ഷമിക്കണമേ എന്ന് പ്രാർത്ഥിക്കുന്നത്. അല്ലാ എങ്കിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയില്ലല്ലോ.

വി. മത്തായിയുടെ സുവിശേഷം 18:21–35 അപ്പോൾ പത്രോസ് അവന്റെ അടുക്കൽ വന്ന് കർത്താവേ സഹോദരൻ എത്ര വട്ടം എന്നോട് പിഴച്ചാൽ ഞാൻ ക്ഷമിക്കേണം ഏഴു വട്ടം മതിയോ എന്ന് ചോദിച്ചു. യേശു അവനോട് ഏഴു വട്ടമല്ല ഏഴ് എഴുപതുവട്ടം എന്ന് ഞാൻ നിന്നോട് പറയുന്നു എന്നു പറഞ്ഞു. തുടർന്ന് ഉപമകളാൽ അവനോടു പറഞ്ഞു. തന്റെ യജമാനന് പതിനായിരം താലന്ത് കടപ്പെട്ട ദാസൻ കടം വീട്ടുവാൻ നിവൃത്തിയില്ലാതെ വീണ് നമസ്ക്കരിച്ച് യജമാനനെ എന്നോട് കരുണ തോന്നേണമേ ഞാൻ കടം വീട്ടിക്കൊള്ളാം എന്ന് പറഞ്ഞു. ഒരു താലന്ത് എന്നു പറഞ്ഞാൽ 24 കിലോ സ്വർണ്ണം, ഒരിക്കലും കൊടുത്തു തീർക്കാൻ പറ്റാത്ത തുകയാണ്. അവന്റെ യാചനകേട്ട് മനസ്സലിഞ്ഞ് യജമാനൻ ഇളച്ചുകൊടുത്തു. ഈ ദാസൻ പോകുമ്പോൾ അവന് നൂറ് വെള്ളിക്കാശ് കടപ്പെട്ട ഒരു കൂട്ടുദാസനെ കണ്ട് തൊണ്ടയ്ക്ക് ഞെക്കി എന്റെ കടം തീർക്കുക എന്നു പറഞ്ഞു. അവന്റെ കൂട്ടുദാസൻ എന്നോടു കരുണ തോന്നേണമേ ഞാൻ തന്നു തീർക്കാം എന്ന് അവനോടു പറഞ്ഞു. അവൻ ക്ഷമിച്ചില്ല, തടവിലും ആക്കിച്ചു. കൂട്ടുദാസൻ വിവരം യജമാനനെ അറിയിച്ചു. യജമാനൻ കടം തീർക്കുവോളം അവനെ തടവിൽ ആക്കിച്ചു. വലിയ കടം ക്ഷമിച്ചു കിട്ടിയവൻ ചെറിയ കടം ക്ഷമിച്ചു കൊടുത്തില്ല. ദൈവം ആദ്യമേ ക്ഷമിച്ചു ആ ക്ഷമ അനുഭവിക്കണമെങ്കിൽ നിന്റെ സഹോദരനോട് നീയും ക്ഷമിക്കണം. സഹോദരനോട് നിസ്സാരാ എന്നു പറഞ്ഞാലൊ ന്യായാധിപസഭയുടെ മുമ്പാകെ നിൽക്കേണ്ടി വരും. മൂഢാ എന്നു പറഞ്ഞാലോ അഗ്നി നരകത്തിന് യോഗ്യനാകും. ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ച് ഒന്നാമതു ചെന്ന് സഹോദരനോടു നിരന്നുകൊൾക പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക. മത്തായി 5:22–24. ദൈവത്തിന് ബലി അർപ്പിക്കണമെങ്കിൽ സഹോദരനോട് ക്ഷമിക്കേണ്ടിയിരിക്കുന്നു.

പ്രതികാരം നിങ്ങൾ ചെയ്യണ്ടാ അത് ദൈവത്തിന് വിടുക. ശത്രുവിന് വിശക്കുന്നു എങ്കിൽ അവന് തിന്നാൻ കൊടുക്ക. ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക. അങ്ങനെ എങ്കിൽ നീ അവന്റെ മേൽ തീക്കനൽ കുന്നിക്കും. റോമർ 12 :19, 20. ക്ഷമിക്കുന്നതിലൂടെ സഹോദരനെ നിന്റെ വശത്തേക്ക് അടുപ്പിക്കുകയാണ്.

ജോസഫിന്റെ സഹോദരന്മാർ ധാന്യം കൊള്ളുവാൻ ചെന്നകാര്യം ഓർക്കുക. അവൻ എല്ലാം ക്ഷമിച്ചു. ദൈവം അറിയാതെ ഒന്നും നടക്കയില്ലല്ലോ. ഉല്പത്തി. 45:7, 8. മറക്കാതിരുന്ന് വീണ്ടും പ്രതികാരം ചെയ്യുന്നത് ശരിയല്ല. അത് തല്ക്കാലത്തേക്കുള്ള ക്ഷമയാണ്. പൂർണ്ണമായ ക്ഷമയാണ് ആവശ്യം.

ക്ഷമയിൽകൂടി ലഭിക്കുന്ന മനഃശാന്തിയും സ്വസ്ഥതയും ഉയരത്തിൽ നിന്നുള്ള വലിയ ദാനമാണെന്ന കാര്യം മറക്കണ്ടാ.

# ആത്മവിദ്യാലയം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

ട്രാപ്പിസ്റ്റ് സന്ന്യാസിമാരുടെ മരണധ്യാനം വളരെ പ്രസിദ്ധമാണ്. ജീവിതത്തിന്റെ ഹ്രസ്വതയെക്കുറിച്ചും സ്വന്തം മരണത്തെക്കുറിച്ചും ഓർക്കാൻ എന്നും അവർ ആശ്രമ സെമിത്തേരിയിൽ പോകും. ആശ്രമ സെമിത്തേരിയിൽ അവർക്കായി നിശ്ചയിക്കപ്പെട്ട കുഴിമാടത്തിൽ നിന്ന് ഒരു പിടി മണ്ണുമാറ്റിക്കൊണ്ടാണ് അവർ തങ്ങളുടെ മരണത്തെക്കുറിച്ച് ധ്യാനിക്കുക. മരണധ്യാനമല്ലേ യഥാർത്ഥത്തിൽ ജീവിതധ്യാനം?

'രാജാ ഹരിച്ചന്ദ്ര' എന്ന പേരിൽ 1955-ൽ ഇറങ്ങിയ മലയാള ചലച്ചിത്രത്തിൽ നായകൻ ശ്മശാനത്തിന്റെ നടുവിൽ നിന്ന് പാടുന്ന ഒരു പാട്ടാണ് "ആത്മവിദ്യാലയമേ.." എന്നുള്ളത്. സെമിത്തേരിയെ ആണ് കഥാനായകൻ ആത്മവിദ്യാലയം എന്ന് വിളിക്കുന്നത്. ആ ഗാനത്തിന്റെ പദങ്ങൾ പറയുന്നത് മനുഷ്യ ജീവിതത്തെക്കുറിച്ചുള്ള ശാശ്വത സത്യവും;

"മന്നവനാട്ടെ യാചകനാട്ടെ
വന്നിടുമൊടുവിൽ
മൺചിത നടുവിൽ
ആത്മവിദ്യാലയമേ"

എത്ര അർത്ഥവത്തായ വരികളാണിവ. മനുഷ്യനെ ജീവിതത്തിന്റെ സമസ്തപാഠങ്ങളും നശ്വരതയും പഠിപ്പിക്കുന്ന സെമിത്തേരി അല്ലേ യഥാർത്ഥത്തിൽ ആത്മവിദ്യാലയം?

ജർമ്മനിയിൽ നിന്നും മിഷൻ പ്രവർത്തനത്തിനായി കേരളത്തിലെത്തിയ വോൾബ്രെഹ്റ്റ് നാഗൽ എന്ന പാസ്റ്റർ മലയാളഭാഷ പഠിച്ച് അനശ്വരമായ ഒരു ഗാനം എഴുതിയിട്ടുണ്ട്. മൃതസംസ്കാര സമയത്ത് ആലപിക്കപ്പെടുന്ന "സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു" എന്ന ഗാനം. സമയരഥത്തിലെ സഞ്ചാരിയാണ് മനുഷ്യൻ എന്ന ചിന്ത അവന്റെ ഹ്രസ്വജീവിതത്തെ ക്രമപ്പെടുത്താനുള്ള ഓർമ്മപ്പെടുത്തൽ കൂടിയല്ലേ?

ഒരർത്ഥത്തിൽ എല്ലാ മനുഷ്യരും ഭൂമിയിലെ യാത്രക്കാരാണ്. ഭൂമിയിൽ നിലനിൽക്കുന്ന നഗരങ്ങളുണ്ടെന്ന് വിശ്വസിച്ച് റോമൻ പൗരത്വത്തിൽ വല്ലാതെ അഹങ്കരിച്ച റോമാക്കാരോടാണ് പൗലോസ് ശ്ലീഹ ഇപ്രകാരം പറയുന്നത് : "ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരങ്ങളില്ല. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്." നിത്യനഗരത്തിലേക്കുള്ള യാത്രയിൽ ഭൂമി കടന്നുപോകേണ്ടവനാണ് മനുഷ്യൻ എന്നുള്ള ബോധ്യത്തിൽ നിന്നുതന്നെയാണ് "സിറ്റി ഓഫ് ഗോഡ്" എന്ന വിഖ്യാതമായ കൃതി കത്തോലിക്കാ സഭയിലെ സെന്റ് അഗസ്റ്റിൻ എഴുതിയത്. നാശപട്ടണത്തിൽ നിന്നുംമോക്ഷപട്ടണത്തിലേക്ക് യാത്ര ചെയ്യുന്ന തീർത്ഥാടകന്റെ കഥ പറയുന്ന ക്രൈസ്തവ ക്ലാസിക്കായ ജോൺ ബന്യന്റെ Pilgrims Progress പറഞ്ഞു വയ്ക്കുന്നതും മനുഷ്യന്റെ യഥാർത്ഥ ആധാർകാർഡും പാസ്പോർട്ടും നിത്യനഗരത്തിൽ ആണെന്നു തന്നെ.

സീസറും പോപ്പും ഒരാളായിരുന്ന മധ്യകാലത്ത് മാർപ്പാപ്പയെ തെരഞ്ഞെടുത്ത് കഴിയുമ്പോൾ വിചിത്രമായ ഒരു ആചാരം കത്തോലിക്കാസഭയിൽ ഉണ്ടായിരുന്നു. സ്ഥാനവസ്ത്രങ്ങളൊക്കെ അണിയിച്ച് മാർപ്പാപ്പയെ പല്ലക്കിൽ എഴുന്നള്ളിക്കും. മഹത്വവും അധികാരവും കൂടിച്ചേരുന്ന ആ പ്രദക്ഷിണത്തിൽ എല്ലാ കർദിനാൾമാരും അണിനിരക്കും. പ്രൗഢമായ ഈ ഘോഷയാത്രയ്ക്ക് മധ്യേ ഒരു മോൺസിഞ്ഞോർ മാർപ്പാപ്പക്ക് മുന്നിൽ മുട്ടുകുത്തി ഒരു മത്താപ്പ് കത്തിക്കും. കത്തിത്തീരുന്ന ഈ മത്താപ്പ് കാണിച്ചിട്ട് മോൺസിഞ്ഞോർ പറയും "പരിശുദ്ധ പിതാവേ, ഇതുപോലെ മാഞ്ഞുപോകും ലോകമഹത്വങ്ങൾ" ശക്തമായ ഓർമ്മപ്പെടുത്തൽ. ഒന്നിലും താല്പര്യം തോന്നാത്ത ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കുന്നതിനു മുൻപ് യൗവ്വനത്തിൽ തന്നെ സ്രഷ്ടാവിനെ സ്മരിക്കുക (സഭാ. 12:1) എന്ന് പറഞ്ഞ ബൈബിളിലെ സഭാപ്രസംഗകൻ തന്നെ ശാശ്വത സത്യം.

ആപ്പിൾ കമ്പനിയുടെ സിഇഒ ആയിരുന്ന സ്റ്റീവ് ജോബ്സ് തന്റെ 56-ാമത്തെ വയസ്സിൽ കാൻസർ ബാധിച്ച് മരിക്കുന്നതിന് തൊട്ടു മുൻപ് എഴുതുന്നത് മഹത്തായ ബോധ്യമാണ്. "When a person confronts with death the chooses the best thing" ഒരുവൻ മരണവുമായി മുഖാമുഖം വരുമ്പോൾ അവൻ ഏറ്റവും നല്ലത് തെരഞ്ഞെടുക്കുന്നു. മൃത്യുബോധം നമ്മെ കുറെക്കൂടി മെച്ചപ്പെട്ട മനുഷ്യരാക്കും എന്നതിന് ചരിത്രം തന്നെ സാക്ഷി. 2026-ലെ വലിയ നോമ്പ് കാലയളവിൽ കുറെക്കൂടി മെച്ചപ്പെട്ട മനുഷ്യരാകാനുള്ള മൃത്യുബോധമാണ് നോമ്പാചരിക്കുന്നവരിൽ ഉണ്ടാകേണ്ടത്.

ലോകത്തിന്റെ മൂന്നിൽ രണ്ട് ഭാഗം കീഴടക്കിയ പരാക്രമിയായ അലക്സാണ്ടർ മുപ്പത്തിമൂന്നാം വയസ്സിൽ യാത്രയാകുമ്പോൾ സേവകരോട് പറഞ്ഞത് തന്റെ കൈകൾ രണ്ടും ശവമഞ്ചത്തിന് പുറത്തിടണം എന്നാണ്. ലോകം കീഴടക്കിയവൻ വെറും കയ്യോടെ മടങ്ങുന്ന വൈരുദ്ധ്യം ലോകം അറിയാൻ വേണ്ടിത്തന്നെ.

'ലാസ്റ്റ് ലക്ചർ' എന്ന വിഖ്യാതമായ ഗ്രന്ഥം എഴുതിയ റാൻഡി പോഷ് പറയുന്ന ഒരു കാര്യമുണ്ട്. "ചീട്ടുകളിയിൽ നമുക്ക് വിളമ്പിക്കിട്ടുന്ന ചീട്ടുകളിൽ ഏത് ഇറക്കിക്കളിക്കണം എന്നത് നമുക്ക് തീരുമാനിക്കാം". സത്യത്തിൽ മരണത്തിന് ഒരുങ്ങി ജീവിക്കേണ്ടത് ഏത് ചീട്ട് ഇറക്കി കളിക്കണമെന്നുള്ള നമ്മുടെ നിശ്ചയങ്ങളിൽ ആണ്.

"അനായാസേന മരണം വിനാദൈന്യേന ജീവിതം നൽകണേ ഭഗവാനേ" എന്ന് പ്രാർത്ഥിച്ച ഹൈന്ദവരുടെ മൃതസംസ്കാരകർമ്മങ്ങളിൽ വിചിത്രമായ ഒരു ആചാരമുണ്ട്. അന്ത്യകർമ്മങ്ങൾക്കിടെ മൃതദേഹത്തിന്റെ നെറ്റിയിൽ പരികർമ്മി ഒരു നാണയം വയ്ക്കും. എന്താണ് ഇതിന്റെ അർത്ഥം എന്ന് ചോദിച്ചപ്പോൾ ഒരു ഹൈന്ദവ സുഹൃത്ത് പറഞ്ഞത് ഇങ്ങനെയാണ്. ഹിന്ദു മിത്തോളജി അനുസരിച്ച് പാതാളത്തിന്റെ നദി കടക്കാനുള്ള കടത്തുകൂലിയായിട്ടാണ് ആ നാണയം വയ്ക്കുന്നത്. ക്രൈസ്തവരായ നമ്മളെ സംബന്ധിച്ച് പാതാളത്തിന്റെ, നരകത്തിന്റെ, മരണത്തിന്റെ നദി കടക്കാനുള്ള കടത്തുകൂലി എന്നു പറയുന്നത് നമ്മുടെ സത്കൃത്യങ്ങളാണ്. അന്ത്യവിധിയിൽ കർത്താവ് പറയുന്നതും ഇതു തന്നെയാണ്. "ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്." നോമ്പ് കാലം ദാനധർമ്മകാലമാണ്. അപ്പോസ്തോലപ്രവൃത്തികൾ 10:31 വായിച്ചാൽ ദാനത്തെ ദൈവം മാനിക്കുന്നത് കാണാം. ദാനം ആപത്തുകളെ തടയുമെന്ന് പരിശുദ്ധ ഖുറാനും അനുശാസിക്കുന്നു. 2026 ജനുവരി 9ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ആഞ്ചിയോപ്ലാസ്റ്റിന് വിധേയനായ എന്നെ കാണാനും ആശ്വസിപ്പിക്കുവാനും തിരക്കുകൾക്കിടയിലും യാക്കോബായ സഭയുടെ പ്രാദേശിക തലവനായ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് ജോസഫ് ബാവ ആശുപത്രിയിൽ എത്തി. എന്റെ ആശുപത്രി ബിൽ രണ്ട് ലക്ഷം രൂപ ബാവാ തിരുമേനിയാണ് നൽകിയത്. വലിയ നോമ്പിൽ വലിയ മനസ്സിന്റെ ഉടമയായ ശ്രേഷ്ഠബാവായെ മാതൃകയാക്കുവാൻ ഇതര ഇടയന്മാർക്ക് കഴിയുമോ?

നോമ്പുകാലം നമ്മുടെ മുന്നിൽ ഉയർത്തുന്ന ചോദ്യമിതാണ്. തോട്ടത്തിന്റെ നടുവിൽ കല്ലറ സൂക്ഷിച്ച അരിമത്യാക്കാരൻ യൗസേഫിനെ പോലെ യൗവ്വനത്തിന് മധ്യേ മൃത്യുബോധം സൂക്ഷിക്കാനും സ്രഷ്ടാവിനെ സ്മരിക്കാനും എന്നാണാവോ മനുഷ്യൻ പഠിച്ചു തുടങ്ങുക? ●




## "സത്യസന്ധനായ ബാലൻ"

ഒരു ഗ്രാമത്തിൽ രാഹുൽ എന്നൊരു ബാലൻ ജീവിച്ചിരുന്നു. ഒരു ദിവസം അവൻ സ്കൂളിലേക്ക് പോകുമ്പോൾ വഴിയിൽ ഒരു പേഴ്സ് കണ്ടു. അതിനുള്ളിൽ പണവും ഒരു വിലാസവും ഉണ്ടായിരുന്നു.

അവൻ അത് എടുത്ത് വീട്ടിലേക്ക് കൊണ്ടുപോയി. അമ്മയോട് പറഞ്ഞപ്പോൾ അമ്മ പറഞ്ഞു. "ഇത് നിന്റേതല്ല, യഥാർത്ഥ ഉടമയ്ക്ക് തിരികെ കൊടുക്കണം."

രാഹുൽ അതിലുള്ള വിലാസം നോക്കി ആ വീട്ടിലേക്ക് പോയി. പേഴ്സ് നഷ്ടപ്പെട്ടിരുന്ന ആൾ വളരെ വിഷമത്തിലായിരുന്നു. രാഹുൽ അത് തിരികെ കൊടുത്തപ്പോൾ അവൻ വളരെ സന്തോഷിച്ചു.

അവൻ രാഹുലിനെ സമ്മാനം നൽകാൻ ശ്രമിച്ചപ്പോൾ, രാഹുൽ പറഞ്ഞു.

"എനിക്ക് സമ്മാനം വേണ്ട, ഞാൻ ശരിയായ കാര്യമാണ് ചെയ്തത്."

അത് കേട്ട് ആൾ വളരെ അഭിമാനപ്പെട്ടു.

***ഗുണപാഠം***

**സത്യസന്ധത എപ്പോഴും ഏറ്റവും നല്ല ഗുണമാണ്.**

## Answers for the month of March

1. Moresheth
2. Babylon
3. Who is like Yahweh or God
4. Power, justice and might, the spirit of the Lord.
5. Blood and Iniquity
6. He does not stay angry forever.
7. The mountain the Lord's temple.
8. Bethlehem
9. Disgrace
10.7 Chapters

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

### ഹബക്കൂക്ക്

1. ഹബക്കൂക്ക് ആരായിരുന്നു?
2. ദൈവം ശിക്ഷയ്ക്കായി ഏത് ജാതിയെ ഉയർത്തുമെന്ന് പറഞ്ഞു?
3. ഹബക്കൂക്ക് പുസ്തകത്തിലെ മൂന്നാം അദ്ധ്യായം ഏത് രൂപത്തിലാണ്?
4. ന്യായപ്രമാണം അയഞ്ഞിരിക്കുന്നു എന്നു പറഞ്ഞ താര്?
5. ഉഗ്രതയും വേഗതയുമുള്ള ജാതി ഏത്?
6. ഹബക്കൂക്ക് പ്രവാചകന്റെ പ്രാർത്ഥനാഗീതം ഏതു രാഗത്തിലുള്ളതാണ്?
7. ഹബക്കൂക്ക് പുസ്തകത്തിൽ എത്ര അദ്ധ്യായങ്ങൾ ഉണ്ട്?
8. ഹബക്കൂക്ക് ആരോടാണ് ചോദ്യം ചോദിച്ചത്?
9. ദൈവം ആരെ ശിക്ഷിക്കാൻ കല്ദയരെ ഉയർത്തി?
10. "നീതിമാൻ...........................കൊണ്ട് ജീവിക്കും"?

### മാർച്ച് മാസത്തിലെ ഉത്തരങ്ങൾ

(നഹൂം)

1. നഹൂം
2. എല്ക്കോശ് (1:1)
3. യഹോവയുടെ വഴി (1:3)
4. യാക്കോബിന്റെ (2:2)
5. നിനെവേയുടെ (2:7)
6. പിണങ്ങൾ (3:3)
7. അമേധ്യം
8. നോ– അമ്മോൻ (3:8)
9. അശ്ശൂർ രാജാവിന് (3:18)
10. ആശ്വാസകൻ & ആശ്വസിപ്പിക്കുന്നവൻ (Comfort or Consoler)

### Bible Quiz (English) For Children
### The Book of Micah

1. Nahum was a prophet to which city?
2. Nahum is in which part of the Bible?
3. Who was Nahum?
4. Which nation was Nineveh the capital of---?
5. Nahum is called the Elkoshite. What does this refer to?
6. What animal is used to describe Nineveh's leaders?
7. How many chapters are in the book of Nahum?
8. What colour were the shields of the mighty men in Nahum?
9. Why was Nineveh judged by God?
10. Who would flee when Nineveh falls?

## 1st Death Anniversary
**25-04-2026**




## T.P. Zachariah (Kunjai Sir)
**Thekkemuriyil, Ranni**

By Sorrowing Family

Advt - O

## 1 – ാം ചരമവാർഷികം
**22 – 04 – 2026**



## കെ.ജെ. ലൂക്കോസ് (ജോയി)
**കൊക്കരവാലേൽ, രാമമംഗലം**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*


Advt - O

## 17 – ാം ചരമവാർഷികം
**31 – 12 – 2026**

## 22 – ാം ചരമവാർഷികം
**07 – 03 – 2026**



കെ.സി. ചെറിയാൻ
(കുഞ്ഞച്ചൻ)



ശോശാമ്മ ചെറിയാൻ
(തങ്കമ്മ)

**കോട്ടൂർ ഹൗസ്, കാവാലം**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1st Death Anniversary
**01-May-2026**



## Thomas Punnoose (Valiyamon)
**Anjilimootil, Anaprambal**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"


By Sorrowing Family

Advt - O

## വേർപാടിന്റെ 1 –ാം വർഷം
**04-04-2026**

## വേർപാടിന്റെ 29 –ാം വർഷം
**31-03-2026**





**Jiju Joy** **P.M. Joy**

**Pathiruvelil house, Vallamkulam P.O., Thiruvalla**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 –ാം ചരമവാർഷികം
09–05–2026



**ഏബ്രഹാം മാത്യു (എബി)**
**കളരിത്തറ, നീലംപേരൂർ**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 7 –ാം ചരമവാർഷികം
18 - 04 - 2026



**മോളമ്മ രാജൻ**
**ഇളംപുരയിടത്തിൽ**
**പുല്ലുപ്രം, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*


Advt - S


## പാവനസ്മരണയ്ക്ക്

40 – ാം ചരമവാർഷികം
24-04-2026

32 – ാം ചരമവാർഷികം
14-11-2026

39 – ാം ചരമവാർഷികം
01-01-2026





കെ.യു. തോമസ്

ചിന്നമ്മ തോമസ്

കെ.റ്റി. ഫിലിപ്പ് (തങ്കച്ചൻ)

കാരിമറ്റത്തിൽ, ചാന്നാനിക്കാട്

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ "

## 6 – ാം ചരമവാർഷികം

01 – 05 – 2026



Advt - O

**എം.ജെ. ഏബ്രഹാം (അമ്പി)**

മള്ളൂശ്ശേരിൽ, പഴവങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## *9th Death Anniversary*

13 - 04 - 2026



**K.J. Zachariah (SOMAN)**

**Kizhakkemuriyil, Muttada, Trivandrum**

"നിൻ ശരണത്തിൽ നിദ്രിതനാം
ദാസനു മ്ശിഹാ സ്മൃതി നൽകി
നിൻ മഹിമോദയ ദിവസത്തിൽ
വലഭാഗത്തായ് ചേർക്കേണം"

By Sorrowing Family

Advt - O

*2nd Birthday in Heaven*

25 - 04 - 2026



**THAMPY CHACKO**

**Palantharamalayil,**
**Eraviperoor**

Always in our thoughts
forever in our hearts

Advt - O

*2nd Birthday in Heaven*

19 - 04 - 2026



**Marykutty Thomas (Ammini)**

**(W/o V.O. Thomas (Rtd. KSEB Asst. Engr)**
**Vadakkeparambil, Vallamkulam**

Your life was a blessing, your memory a treasure, you are loved beyond words and missed beyond measure.

With love and prayers — Sorrowing Family

Advt -S

**1 – ാം ചരമവാർഷികം**

23 – 04 – 2026



**അമ്മാൾ ചാക്കോ**

**മൂലാണ്ടൻകേരി (തേങ്ങാത്തറ), നീലംപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -S

**40th Day in Heaven**

08-04-2026

**14th Birthday in Heaven**

22-04-2026



**Achamma Thomas**

**(കുഞ്ഞുമോൾ)**

**തോട്ടുപുറത്ത്**

**m.m.വില്ല**



**Melvin Mohan K.**

**കാവുങ്കൽ**

**മെൽവിൻ വില്ല**

**തോലശ്ശേരി, തിരുവല്ല**

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*We miss you*
*Beloved family*

Advt - O

7th Birthday in Heaven
04 - 04 - 2026



## C. M. MARKOSE

ചേലച്ചിറ കല്ലോലിക്കൽ
എസ്.പുരം, കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

40 – ാം ചരമദിനം
15 – 04 – 2026



## റോസമ്മ തോമസ്

മരങ്ങാട്ട്, വാകത്താനം

പ്രാർത്ഥനയോടെ
ഭർത്താവ്, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -S

1ST DEATH ANNIVERSARY
05.04.2026



## Achukutty Abraham

Punnusseril, Puthusserimal Ranny

SORROWING FAMILY

Advt - R

40 – ാം ചരമദിനം
21 – 04 – 2026



## K.C. POTHEN (പാപ്പച്ചൻ, 89)

കോവൂർ (ആലുംമൂട്ടിൽ), റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 20 –ാം ചരമവാർഷികം

24-03-2026



## സി. ഒ. ഏബ്രഹാം

ചെറുവട്ടയ്ക്കാട്ട്, ഐത്തല (ചിങ്ങവനം)

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 29 –ാം ചരമവാർഷികം

08-06-2026

## 32 –ാം ചരമവാർഷികം

17-04-2026



**വി. യു. തോമസ്** **ഏലിയാമ്മ തോമസ്**

വിലങ്ങൻപാറ, വാകത്താനം

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*മക്കൾ-മരുമക്കൾ-കൊച്ചുമക്കൾ*

Advt -R

# *In loving memory*

**10th Death Anniversary**
14-01-2026

**4th Death Anniversary**
02-04-2026

**34th Death Anniversary**
29-04-2026







## A.T. JOSEPH

## KUNJAMMA JOSEPH

## THOMAS JOSE

**Edayadiyil House, Anjani, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



15 – ാം ചരമവാർഷികം

19 – 04 – 2026

സി. എ. ചാക്കോ

(ഫിലിപ്പ്)

തുണ്ടിയിൽ, കുറ്റൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S





20 – ാം ചരമവാർഷികം

10 – 04 – 2026

**Bobin Mathew**

Thekkummoottil House
Vallamkulam

*ജനനം* 27-05-1986

*മരണം* 10-04-2006

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Pappa
Mummy
Chechi
Prince

Advt - S

**23 – ാം ചരമവാർഷികം**
11 – 04 – 2026

**8 – ാം ചരമവാർഷികം**
26 – 02 – 2026



**കുറിയാക്കോസ് എബ്രഹാം | സാറാമ്മ കുറിയാക്കോസ്**

**തൈപറമ്പിൽ തുണ്ടത്തിൽ, അങ്ങാടി – റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

**59 – ാം ചരമവാർഷികം**
06- 05 -2026

**21 – ാം ചരമവാർഷികം**
18- 04 -2026



Advt - O

**V.U.THOMAS (60)**

**ALEYAMMA THOMAS (97)**

**ചിറയിൽപീടികയിൽ, കുമരകം**

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

# അമ്മയെന്ന എന്റെ ചിന്ത

**മനോജാ ജേക്കബ് കരോട്ട്, ചിങ്ങവനം**

കന്യകയിൽ ഒരു പുത്രൻ ഉണ്ടായി അതാണ് യേശു. പുത്രനെ പ്രസവിച്ചപ്പോൾ അമ്മ എന്ന സ്ഥാനം അവിടെ തുടങ്ങുകയാണ്. അന്നുതൊട്ട് അമ്മയുടെ മകൻ യേശു ചെറുപ്രായം മുതൽ അമ്മയുടെകൂടെ തന്നെ മകൻ വളർന്നത്. മകനെ വളർത്താൻ ദൈവം അമ്മയെതന്നെ ഏല്പിച്ചു. അമ്മയുടെ ആവശ്യം മകന് ചെറിയപ്രായത്തിൽ ആവശ്യമെന്ന് നമ്മൾക്ക് മനസ്സിലായല്ലോ. ദൈവം മക്കളെ മാതാപിതാക്കളുടെ കൈയ്യിൽ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. മക്കൾ ദൈവത്തിന്റെ ദാനം ആണ്. ഓരോ മക്കളേയും മാതാപിതാക്കൾക്ക് കിട്ടണമെങ്കിൽ ദൈവം കനിയണം. നമ്മൾ ആഗ്രഹിച്ചാലും ജീവനെ തരുന്നത് ദൈവമാണ്. അതു വലിയൊരു സത്യമാണ്. അമ്മയുടെ ഉദരത്തിൽ ഒരു ജീവൻ തുടിക്കുന്നത് എപ്പോഴാണെന്ന് ദൈവത്തിനു മാത്രമേ അറിയത്തുള്ളൂ. ശാസ്ത്രം എത്ര വളർന്നാലും ഇതിനൊരു മാറ്റവുമില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളോ?

നിങ്ങൾ പൈതങ്ങളെ നോക്കി പഠിക്കാൻ ആണ് യേശു പറയുന്നത്, പൈതങ്ങളെ തടയരുത് അവരെ എന്റെ അടുക്കൽ വിടാൻ യേശു പറയുന്നുണ്ട്. പൈതങ്ങളെപ്പോലെ ആകാൻ നമ്മൾ ഓരോരുത്തരും ശ്രമിക്കണം. സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ (മത്തായി 19:4).

ഓരോ കുഞ്ഞും ജനിക്കുമ്പോൾ അവരുടെ മാതാപിതാക്കളെ ദൈവം മുന്നമേൽ കണ്ടിരിക്കും. അവരെ നല്ല രീതിയിൽ വളർത്താൻ ദൈവം ആഗ്രഹിക്കുന്നു. അതുതന്നെ മാതാപിതാക്കളും ആഗ്രഹിക്കും. പൈതൽപ്രായം തുടങ്ങി മാതാപിതാക്കൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കണം. പള്ളിയിൽ കൊണ്ടുപോകുക, സൺഡേസ്കൂളിൽ വിടുക, അമ്മച്ചിമാരും അപ്പച്ചൻമാരും നല്ല കഥകൾ പറഞ്ഞുകൊടുത്തും അവരുടെകൂടെ കളിച്ചും പാട്ടുകൾ പഠിപ്പിച്ചും കൊടുക്കണം. നല്ലഭക്ഷണം കൊടുത്തും ലാളിച്ചും സ്നേഹിച്ചും വളർത്തുക. മൂന്നു വയസ്സു കഴിയുമ്പോൾ തന്നെ അവരെ നമ്മുടെ മുറിയിൽ തന്നെ വേറെ കട്ടിലിൽ കിടത്തുക. ഒറ്റയ്ക്ക് കിടക്കാൻ ശീലിപ്പിക്കുക. ചെറിയ കഥകളും പാട്ടുകളും പാടിക്കൊടുത്തും ശീലിപ്പിക്കുക.

അഞ്ചു വയസ്സു കഴിഞ്ഞാൽ അവരെക്കൊണ്ട് ചെറിയ ജോലികൾ ശീലിപ്പിക്കുക. ചെറിയ ജോലികൾ ചെയ്യുമ്പോൾ അവർക്ക് സമ്മാനങ്ങൾ കൊടുക്കണം. കുറച്ചുകൂടെ മുതിർന്നു കഴിയുമ്പോൾ പൈസകൾ കൊടുക്കുക. അവര് എന്തു ചെയ്യണം എന്ന് നമ്മൾ നോക്കുക. കടയിൽ പോയി മിഠായി വാങ്ങിക്കുന്നോ, അതു സൂക്ഷിച്ചു വയ്ക്കുന്നോ എന്ന് ശ്രദ്ധിക്കുക. നമ്മൾ കടയിൽ കൊണ്ടുപോയി സാധനങ്ങൾ അവരെ കൊണ്ടു വാങ്ങിപ്പിക്കുക. പൈസ സൂക്ഷിച്ചുവയ്ക്കാൻ പഠിപ്പിക്കുക. അപ്പോൾ തനിയെ സാധനങ്ങൾ വാങ്ങിക്കാനും ഒക്കെ അതിൽക്കൂടെ പഠിക്കും. മുതിർന്നു കഴിയുമ്പോൾ ജോലി ചെയ്യാനും പൈസ കൈകാര്യം ചെയ്യാനും പഠിച്ചുകൊള്ളും. അവരെക്കൊണ്ടു അവരുടെ പ്രായത്തിനനുസരിച്ച് ഓരോ കാര്യങ്ങളും ശീലിപ്പിക്കുക. വായനാശീലം വളരെ അത്യാവശ്യം ആണ് എഴുതിപ്പിക്കുക, പാടിപ്പിക്കുക, പ്രാർത്ഥിപ്പിക്കുക. ഇങ്ങനെയുള്ള കാര്യങ്ങൾ ശീലിപ്പിക്കുക. 15 വയസ്സുവരെ കുട്ടികളെകൊണ്ടു നമ്മൾക്കും ചെയ്യിപ്പിക്കാൻ സാധിക്കും. അതിനുശേഷം പിന്നെ അവരു സ്വന്തമായി കാര്യങ്ങൾ ചെയ്യാൻ ആണ് ഇഷ്ടം. അതു കഴിഞ്ഞ് സപ്പോർട്ട് കൊടുക്കാൻ മാത്രമേ പറ്റത്തുള്ളൂ.

മുൻപു പറഞ്ഞ കാര്യങ്ങൾ നമുക്ക് അവരെകൊണ്ടു ചെയ്യിക്കാൻ സാധിച്ചെങ്കിൽ പിന്നെ അവര് നല്ല രീതിയിൽ പോകും. ഇങ്ങനെ കാര്യങ്ങൾ ചെയ്യണമെങ്കിൽ അമ്മയ്ക്കു മാത്രമേ സാധിക്കുകയുള്ളൂ. കാരണം പിതാവിന് അതു സാധിക്കത്തില്ല. കാരണം പിതാവ് വരുമാനമാർഗ്ഗങ്ങൾക്കു വേണ്ടി ജോലിത്തിരക്കിൽ വിദേശത്തൊക്കെ ആയിരിക്കും.

15 വയസ്സുകഴിഞ്ഞാൽ അവരുടെ കൂട്ടുകാര് ആയിരിക്കണം ഇത്രയും നാൾ നമ്മൾ അവരെ പഠിപ്പിച്ചു. ഇനിയും അവർ നമ്മളെ പഠിപ്പിക്കാൻ തുടങ്ങും. അവരിൽ നിന്നും നമ്മൾ നല്ല കാര്യങ്ങൾ പഠിക്കണം. നമ്മളുടെ ശ്രദ്ധയും വേണം, എല്ലാ കാര്യങ്ങളും അമ്മയുടെ അടുക്കൽ പറയാൻ അവർക്ക് സാധിക്കണം. അതിൽ നമ്മൾ വിജയിക്കണം. അതാണ് ഒരു അമ്മയുടെ വിജയം. കൂടുതൽ സമയം അമ്മയുമായിട്ടാണ് അവര് ഇടപെടുന്നത് അമ്മ അവർക്ക് നല്ല ഒരു മാതൃകയായിരിക്കണം. കൂടുതലും അവര് അമ്മയെയാണ് വിശ്വസിക്കുന്നത്. കുഞ്ഞുങ്ങൾ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ വളരാൻ നമ്മൾ അവരെ പഠിപ്പിക്കണം. അങ്ങനെ വളരുന്ന കുട്ടികൾ സ്കൂളിൽ പോയി വരുമ്പോൾ അവിടെ എന്തുസംഭവിച്ചാലും അവര് അമ്മയുടെ അടുത്ത് പറയും അമ്മ നല്ല ഒരു കേൾവിക്കാരിയായിരിക്കണം. എന്നാലേ അവര് വന്നു പറയത്തൊള്ളു. അമ്മ കേൾക്കുന്നു എന്ന് അവർക്ക് ബോധ്യമായി കഴിഞ്ഞാൽ പിന്നെ ഒന്നും മറച്ചു വയ്ക്കത്തില്ല എല്ലാം വന്നു പറഞ്ഞുകൊള്ളും. പറയുന്ന കാര്യങ്ങളിൽ എന്തെങ്കിലും കുഴപ്പം ഉണ്ടെങ്കിൽ ചിരിച്ചുകൊണ്ട് നല്ല ഉപദേശത്തിൽകൂടെ കാര്യങ്ങൾ പറഞ്ഞു കൊടുക്കണം. അവര് ആദ്യം ഒന്നും പറഞ്ഞില്ലായെങ്കിലും പിന്നെ ആലോചിക്കും ശരിയാണെന്ന്. അവരോട് നല്ല കഥകൾ പറയണം. അതിനകത്തുനിന്നും നല്ല കാര്യങ്ങൾ മനസ്സിലാക്കിയെടുക്കും. കുട്ടികളെ ഉപദേശിക്കുന്നത് അവർക്ക് ഇഷ്ടമല്ല. മാതാപിതാക്കളുടെകൂടെ തന്നെ കുട്ടിതാമസിക്കണം. Grands parents നെ ഏല്പിച്ചു പോകുന്നത് കുട്ടികൾക്ക് മാനസികമായി ബുദ്ധിമുട്ട് ഉണ്ടാകും. അമ്മയുടെ സ്നേഹവും പരിചരണവും കിട്ടാതെ വരുമ്പോൾ Grands parents നെ അവർ അനുസരിക്കത്തില്ല. അങ്ങനെ കുട്ടികളെ കൂടെ നിർത്താൻ സാധിക്കത്തില്ലെങ്കിൽ അച്ചനോ അമ്മയോ ആരെങ്കിലും ഒരാൾ കൂടെ കാണണം അതായിരിക്കും ഉത്തമം.

അടുത്തുള്ള വീടുകളിൽ കുട്ടികളെ കൊണ്ടു പോകുക. അവിടെയുള്ള കുട്ടികളുമായി കളിക്കാൻ വിടുക. അടുത്ത വീടുകളിൽ ചെന്ന് ആവശ്യമില്ലാതെ അവരുടെ സാധനങ്ങൾ എടുക്കരുത് എന്നു പറഞ്ഞു മനസ്സിലാക്കണം. പ്രായമുള്ളവർ വരുമ്പോൾ അവരെ ബഹുമാനിക്കാൻ പഠിപ്പിക്കണം. അവര് തെറ്റ് കാണിക്കുമ്പോൾ സ്നേഹത്തോടെ പറഞ്ഞു മനസ്സിലാക്കണം.

10 വയസ്സുവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊണ്ടിരിക്കണം. 15 വയസ്സു കഴിഞ്ഞു അവരെ ശരിയാക്കാൻ നോക്കിയാൽ നടക്കത്തില്ല. പിന്നെ അവര് നമ്മളെ കാര്യങ്ങൾ ഇങ്ങോട്ടു പഠിപ്പിക്കും. അതു കേൾക്കുക. സാവകാശം തെറ്റുണ്ടെങ്കിൽ തിരുത്തിക്കൊടുക്കുക. ഇനിയും നമ്മൾക്ക് സൗമ്യമായ സമീപനമാണ് നല്ലത്. അവരുമായി കൂട്ടുപിടിക്കുക. അവരെ നമ്മളിലേയ്ക്ക് പതിയെ അടുപ്പിക്കുക. വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യണം. അവർക്ക് changes

ഉണ്ടാകുന്ന സമയമാണ്. പല ഇമോഷനുകളും ഹോർമോൺ ചേയ്ഞ്ചസും ഉണ്ടാകുന്ന സമയമാണ്. അങ്ങനെ കാര്യങ്ങൾ ഡീലുചെയ്യാനാവും.

സൗണ്ട് വ്യത്യാസം വരുന്ന സമയങ്ങൾ ഒക്കെയാണ്. അപ്പോൾ കൂട്ടുകാരുമായി ഇരിക്കാനും സംസാരിക്കാനുമാണ് താൽപര്യം. കൂടുതലും മാതാപിതാക്കളെ എതിർക്കും. അവരു വേറൊരു ലോകത്തിലേക്ക് ആണ് പോകുന്നത്. അവരെ അറിയാൻ ശ്രമിക്കണം. നമ്മുടെ ശ്രദ്ധ അവരിൽ എപ്പോഴും ഉണ്ടാകണം. മാതാപിതാക്കൾ എപ്പോഴും ആ സമയങ്ങളിൽ സൗമ്യമായി ഇടപെടുക. അവരെ പ്രാർത്ഥിക്കാൻ വിളിക്കുക. വന്നില്ലെങ്കിൽ സാരമില്ല നമ്മൾ അവർക്കുവേണ്ടി പ്രാർത്ഥിക്കണം. ഉറച്ചുതന്നെ പ്രാർത്ഥിക്കണം. അവരുടെ പേരുപറഞ്ഞു നിരന്തരം പ്രാർത്ഥിക്കണം. അവര് അത് കേൾക്കണം. അനുഗ്രഹിച്ചുതന്നെ പ്രാർത്ഥിക്കണം. അത് അവരുടെ പേരുപറയുമ്പോൾ എന്താണ് അമ്മ പ്രാർത്ഥിക്കുന്നത് എന്ന് അവര് ശ്രദ്ധിക്കും. അങ്ങനെ ദിവസവും പ്രാർത്ഥിക്കുമ്പോൾ അവരും അതു കേൾക്കും. അങ്ങനെ അത് കേട്ടുകൊണ്ടിരുന്നാൽ. പിന്നെ അവർക്ക് എന്തെങ്കിലും കാര്യങ്ങൾ വരുമ്പോൾ അവരുതന്നെ നമ്മളോടു പറയും അമ്മേ എനിക്ക് പരീക്ഷയാണ് അമ്മ പ്രാർത്ഥിക്കണം എന്ന്. അങ്ങനെ പറയാൻ കുട്ടികളെ നമ്മൾ പ്രേരിപ്പിക്കണം. അവർക്ക് എന്തെങ്കിലും കാര്യങ്ങൾ പ്രാർത്ഥിച്ചപ്പോൾ നടന്നു എങ്കിൽ അവരു പറയും അപ്പോൾ അവർക്ക് മനസ്സിലാകും അമ്മ പ്രാർത്ഥിച്ചതുകൊണ്ടാണ് നടന്നത് എന്ന്. അവരിൽ അങ്ങനെ വിശ്വാസം വന്നുകൊണ്ടേയിരിക്കും. നമ്മളുടെ കഷ്ടപ്പാട് അവര് അറിയണം. അവർക്കുവേണ്ടിയിട്ടാണ് നമ്മൾ കഷ്ടപ്പെടുന്നത് എന്ന അവർക്ക് ബോധ്യമാകണം.

എല്ലാ കാര്യങ്ങളും അവരോടു പറയണം. നമ്മൾ വീട്ടിൽ എന്തു കാര്യങ്ങൾ ഉണ്ടെങ്കിലും അവരോട് മറച്ചുവയ്ക്കരുത്. സാമ്പത്തിക വിഷയങ്ങൾ എല്ലാം ഉണ്ടെങ്കിലും പ്രയാസപ്പെടുന്ന വിഷയങ്ങൾ ആണെങ്കിലും അവരെ നമ്മൾ അറിയിക്കണം. കാരണം അവരും വീട്ടിലെ കാര്യങ്ങൾ മനസ്സിലാക്കണം. 'അവര് സാരമില്ല' എന്ന് അമ്മയോട് പറയാൻ സാധിക്കണം. അങ്ങനെ അവരെ കുടുംബത്തോട് അടുപ്പിക്കണം. പിന്നെ അവർ കുടുംബത്തിൽ നിന്ന് അകന്നു പോകാൻ സാധിക്കത്തില്ല.

പറയുന്നത് എല്ലാം വാങ്ങിക്കൊടുത്തും, പറയുന്ന food ഒക്കെ കൊടുത്തു കഴിഞ്ഞാൽ എല്ലാം കിട്ടികഴിയുമ്പോൾ അവർ പുതിയ പുതിയതു തേടി പോകും. നമ്മളു വിചാരിക്കും എന്റെ മക്കൾക്ക് എനിക്ക് കിട്ടാത്തത് ഞാൻ കഴിക്കാത്തത് എല്ലാം വാങ്ങികൊടുത്ത് അവരുടെ കൊതി എല്ലാം തീർന്നിരിക്കുന്നതാണ് നല്ലത് എന്ന്. രുചിയില്ലാതെയും ഫുഡ് കഴിപ്പിക്കണം. എന്നും രുചിയിൽ വച്ചുകൊടുത്താൽ വേറെ സ്ഥലങ്ങളിൽ താമസിക്കുമ്പോൾ അവർക്ക് അവിടുത്തെ ഫുഡ് കഴിക്കാൻ പറ്റാതെ വരും. ചെറിയപ്രായത്തിൽ തന്നെ മണ്ണിലും, ചെരിപ്പിടാതെയും, മഴ നനഞ്ഞും ഒക്കെ കുഞ്ഞുങ്ങളെ ശീലിപ്പിക്കണം. എന്നാലെ കുഞ്ഞുങ്ങൾക്ക് ശരീരത്തിന് പ്രതിരോധിക്കാൻ സാധിക്കത്തുള്ളൂ. എല്ലാത്തരം കുട്ടികളുമായി കളിക്കാൻ വിടണം. വലിയവരുമായി സംസാരിക്കണം. കടയിൽ വിടണം, തനിയെ പോകാൻ വിടണം സാധാനങ്ങൾ വാങ്ങിക്കാൻ വിടണം. രൂപ കൊടുത്തുവിടണം. ചിലപ്പോൾ തെറ്റുകൾ സംഭവിക്കും. അത് പിന്നീട് അവർ മനസ്സിലാക്കിക്കൊള്ളും. വീട്ടിലെ ചെറിയ ജോലികൾ ചെയ്യിക്കണം. കാർ, സൈക്കിൾ, ബൈക്ക്, വാഹനങ്ങൾ ഉണ്ടെങ്കിൽ അത് ഓടിക്കാൻ പഠിപ്പിക്കണം, ഓടിക്കാൻ കൊടുക്കണം.

മക്കൾ എന്തു പ്രവൃത്തികൾ ചെയ്യാൻ തുടങ്ങുമ്പോഴും മാതാപിതാക്കൾ നല്ലവണ്ണം പ്രാർത്ഥിക്കണം. നമ്മൾക്ക് ദൈവം മക്കളെ തന്നത് വളർത്താൻ ആണ്. മക്കളെ കിട്ടിയതിനുശേഷം വളരെ ശ്രദ്ധാലുവാകണം ദൈവം തന്ന ദാനം ആണ് എന്നു നന്ദിയുള്ളവരാകണം. ഉടമസ്ഥൻ ദൈവം ആണ്. അവരുടെ എല്ലാ കാര്യങ്ങളിലും ദൈവത്തോട് ആലോചന ചോദിക്കണം. അവർക്കുവേണ്ടി നിത്യം പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. നല്ല ആലോചന കിട്ടാനും. അത് ദൈവഹിത പ്രകാരം അവരിൽ നടക്കാൻ നമ്മൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. കാരണം അവർക്ക് എന്തു പഠിക്കണം. അവരുടെ ഭാവി, ജോലി ഇതെല്ലാം ദൈവത്തിനേ അവർക്ക് ചേരുന്നത് അറിയത്തൊള്ളൂ. നമ്മൾ മാതാപിതാക്കൾക്ക് അറിയത്തില്ല. അതുകൊണ്ട് നിത്യം പ്രാർത്ഥിക്കുക. എന്നും മാതാപിതാക്കൾ പ്രാർത്ഥിക്കാൻ കഴിയുന്നിടത്തോളം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അത് അവർക്ക് എല്ലാ കാര്യത്തിലും അനുഗ്രഹമായിരിക്കും. അവരുടെ ശക്തിയായിരിക്കണം മാതാപിതാക്കൾ. നമ്മളും നല്ല കാര്യങ്ങൾ ചെയ്തു മാതൃക കാണിക്കണം എന്നാലേ അവർ അതു ചെയ്യുകയുള്ളൂ. കാരണം അവർ ജനിച്ചപ്പോൾ തന്നെ കണ്ടുകൊണ്ടിരിക്കുന്നത് മാതാപിതാക്കളെയാണ്, ശരിക്കും മാതൃകയാക്കും. ഭൂമിയിൽ ജീവിക്കുമ്പോൾ മറ്റുള്ളവർക്ക് ബഹുമാനം കൊടുത്തും തെറ്റുകൾ വന്നാൽ ക്ഷമ ചോദിക്കാനും തിരുത്താനും കഴിവുള്ളവർ ആയിരിക്കണം. നമ്മുടെ കഷ്ടപ്പാടുകൾ അവർ കണ്ടു മനസ്സിലാക്കണം. എന്നാലേ അവർ അതുപോലെ നമ്മളെയും, മറ്റുള്ളവരെയും സ്നേഹിക്കാൻ പഠിക്കത്തുള്ളൂ. എല്ലാ ആൾക്കാരുമായിട്ട് ഇടപെട്ടു ജീവിക്കുക. ഏതൊരു മനുഷ്യരേയും സ്നേഹിച്ചും പുഞ്ചിരിയോടു സംസാരിച്ചു ജീവിക്കണം. നമ്മൾ ഒരു കാര്യം സംസാരിക്കുമ്പോൾ നല്ല രീതിയിൽ സ്നേഹത്തോടും സത്യമായിട്ടുമായിരിക്കണം ഇടപെടാൻ. അതിൽ ഒരു കളങ്കവും പാടില്ല. അവർ എങ്ങനെയും ആയിക്കൊള്ളട്ടെ. നമ്മുടെ ഭാഗം ക്ലിയർ ആയിരിക്കണം. അപ്പോൾ ദൈവം നമ്മളിൽ പ്രവർത്തിക്കും അവർക്കും നമ്മളോടു ശത്രുവായിരിക്കാൻ സാധിക്കത്തില്ല.

നമ്മൾ പ്രാർത്ഥിക്കുമ്പോൾ എന്താണ് പ്രാർത്ഥിക്കേണ്ടത്. നാടിനും, വീടിനും, എനിക്കും, നിനക്കും (ദൈവത്തിനും) കൊള്ളാവുന്നവരായിരക്കണമേ എന്നു നിത്യം പ്രാർത്ഥിക്കണം. മക്കൾ യാത്ര പോകുമ്പോൾ 'നമ്മൾ പ്രാർത്ഥിക്കേണ്ടത്' ദൈവമേ അവൻ യാത്ര പോകുന്നു. കർത്താവ് അവരോടു കൂടെയായിരിക്കണമേ എന്നു പ്രാർത്ഥിക്കുക. അതിനുശേഷം പിന്നെ അവരെപ്പറ്റി ആകുലപ്പെടരുത്, ദൈവത്തെയാണ് നമ്മൾ ഏൽപ്പിച്ചത്. പിന്നെയുള്ള കാര്യം ദൈവം നോക്കിക്കൊള്ളും, തിരികെ മടങ്ങി വരുന്നതുവരെ. അങ്ങനെയൊരു വിശ്വാസം നമ്മളിൽ വളർത്തിയെടുക്കണം. ഒരു അമ്മയുടെ പ്രാർത്ഥനക്കു വളരെ ശക്തിയുണ്ട്. മക്കൾ എത്ര പഠിച്ചില്ലെങ്കിലും നമ്മൾ ആത്മാർത്ഥമായിട്ട് പ്രാർത്ഥിക്കണം. പഠിക്കാത്ത കുഞ്ഞുങ്ങളിൽ അത്ഭുതം സംഭവിക്കും. അത് സത്യമായ കാര്യമാണ്. അവർ വിവാഹം കഴിച്ചാലും പ്രായമായാലും അമ്മ എന്ന സത്യം മക്കൾ എത്ര തെറ്റു ചെയ്താലും മക്കളെ അനുഗ്രഹിക്കണമേ അവർക്ക് ആയുസ്സും ആരോഗ്യവും കൊടുക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അമ്മ വഴക്കു പറഞ്ഞാലും നിമിഷനേരം കൊണ്ടു അവർ മറന്നുപോകും. മക്കൾ മറന്നില്ലെങ്കിലും അമ്മ മറക്കും അതാണ് അമ്മ. വലിയ ഒരു സത്യമാണ് അമ്മ, ഒരു ശക്തിയാണ്, പ്രാർത്ഥനയാണ്. ദൈവത്തെ കൂട്ടുപിടിക്കും. അമ്മ പ്രസവിച്ച അന്നു മുതൽ ദൈവത്തെ കൂട്ടുപിടിക്കും. അമ്മയ്ക്ക് മക്കളെപ്പറ്റി പറയാൻ ദൈവത്തോടു മാത്രമായിരിക്കും ഉള്ളത്. അവരുടെ ഭർത്താവ് മക്കൾ ഇതായിരിക്കും അവരുടെ ജീവിതം. മക്കൾ കല്യാണം കഴിച്ചു കഴിഞ്ഞാൽ പിന്നെ അവരുടെ കുടുംബത്തിനുവേണ്ടിയായി പ്രാർത്ഥന. കൊച്ചുമക്കളൊക്കെ അവരുടെ ജീവിതത്തിന്റെ ഭാഗങ്ങൾ. അങ്ങനെയുള്ളവർ പൊതു സമൂഹത്തിൽ നേരായിരിക്കും. സമൂഹനന്മയ്ക്കായിട്ട് നമ്മൾ ജീവിക്കണം. ഇത് പേപ്പറിൽ എഴുതിവച്ചിട്ടും വായിച്ചിട്ടും കാര്യമില്ല. നമ്മൾ ഓരോരുത്തരും അങ്ങനെ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി ശ്രമിക്കും എന്ന് തീരുമാനിക്കുക.

# രണ്ടാം വരവ്

കൊച്ചുമോൻ, പള്ളിക്കപറമ്പിൽ, ചിങ്ങവനം

യേശു രണ്ടാമത് വരുകയില്ലെന്നും അത് വെറും ഒരു വിശ്വാസം മാത്രമാണെന്നും സമീപകാലത്ത് ഒരു പാസ്റ്ററിന്റെ പ്രസംഗം കേൾക്കാനിടയായി. അതിന് അദ്ദേഹം ഉദ്ധരിച്ച വാക്യം മത്താ. 10:23ൽ മനുഷ്യപുത്രൻ വരുവോളം നിങ്ങൾ യിസ്രയേൽ പട്ടണങ്ങൾ സഞ്ചരിച്ചു തീരുകയില്ലെന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ഈ വചനപ്രകാരം 2000 വർഷങ്ങൾ ഇന്നു കഴിഞ്ഞിട്ടും തന്റെ ശിഷ്യന്മാർ മരണം പ്രാപിക്കാതെ ഇപ്പോഴും ജീവിച്ചിരിക്കണം. ശിഷ്യന്മാരെല്ലാവരും മരണം പ്രാപിച്ചശേഷം ഇപ്പോഴും അവർ സഞ്ചരിക്കുന്നു എന്നതു തികച്ചും അനുയോജ്യമല്ലെന്നും അതിനാൽ ഈ വചനാടിസ്ഥാന പ്രകാരം രണ്ടാം വരവ് ഉണ്ടാകയില്ലെന്നുമാണ് തന്റെ പ്രസംഗവിഷയം.

എന്നാൽ ഇപ്രകാരം സന്ദർഭത്തിന് അനുസരിക്കാത്തവരെപ്പറ്റി ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ "ഫണ്ടെമെന്റലിസ്റ്റ് എന്നാണ് വിളിക്കുന്നത്. സന്ദർഭത്തിനനുസരിച്ച് വാക്യങ്ങളുടെ അർത്ഥം മനസിലാക്കേണ്ടതാണ്. യേശുവിന്റെ വരവിന്റെ പ്രധാന ഉദ്ദേശം ഭൂമിയിൽ ദൈവരാജ്യ സ്ഥാപനമായിരുന്നു. ദൈവരാജ്യം വരുവോളം മരണം ആസ്വദിക്കാത്ത ചിലർ ഈ നിൽക്കുന്നവരിൽ ഉണ്ട്. (മർക്കോ. 9:1). ജറുശലേം ദൈവാലയം എ.ഡി. 70 ൽ നശിക്കപ്പെട്ടു. അന്നാണ് ദൈവരാജ്യസ്ഥാപനത്തിന്റെ പരിപൂർണ്ണത. മിസ്രേം ദേശത്ത് ഫറവോന്റെ ഹൃദയം കഠിനമാക്കിയ ദൈവം റോമൻ സൈന്യാധിപനായ തീത്തൂസിന്റെ ഹൃദയവും കഠിനമാക്കി ജറുശലേം ദൈവാലയവും നിശ്ശേഷം നശിപ്പിച്ചു. അതോടെ പഴയനിയമ ബലിയും പൗരോഹിത്യവും നിന്നുപോയി. അത് നടക്കുന്നത് കാണുന്നതുവരെ തന്റെ ശിഷ്യന്മാരിൽ ചിലർ മരണമാസ്വദിക്കുകയില്ലെന്നുള്ളതാണ് ഈ വചനത്തിന്റെ പൊരുൾ. ഇതുവരെ തന്റെ ശിഷ്യന്മാരും യിസ്രയേൽ പട്ടണങ്ങൾ സഞ്ചരിച്ചു തീരുകയില്ലന്നാണ് മത്താ. 10:23. മനുഷ്യപുത്രൻ എന്ന പദപ്രയോഗം, ജറുശലേമിന്റെ നാശത്തിൽ ദൈവാലയവും നശിപ്പിക്കപ്പെടമെന്നതിന് മനുഷ്യപുത്രനെന്ന തെറ്റായ പരാവർത്തനത്താൽ ദൈവരാജ്യസ്ഥാപനമെന്ന് തിരുത്തി വായിക്കുമ്പോൾ വചനത്തിന്റെ പൊരുൾ മനസ്സിലാക്കാം.

യേശു എന്തിനാണ് ദൈവരാജ്യം സ്ഥാപിച്ചതെന്ന് ചിന്തിക്കാം. യിസ്രയേൽ ജനത്തിന്റെ കർമ്മപാപങ്ങൾക്കായി മോശ മുഖാന്തിരം ദൈവം മൃഗബലി ഏർപ്പാടാക്കി. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനമില്ലെന്നുള്ള ദൈവപ്രമാണത്താൽ ബലി വസ്തുക്കൾ കോലാടും, കുറുപ്രാവും, കാളക്കിടാവും ആയ ഊമ മൃഗങ്ങളുടെ രക്തമായിരുന്നു. പാപമോചനത്തിനുള്ള മദ്ധ്യസ്ഥർ ഇതായിരുന്നു ഒന്നാം ഉടമ്പടി. എന്നാൽ ക്രമേണ യഹൂദ പ്രമാണിമാരായ സപ്രേന്മാരും, പരീശന്മാരും, പുരോഹിതന്മാരും തങ്ങളുടെ ദ്രവ്യാഗ്രഹം നിമിത്തം ബലി വസ്തുക്കൾക്കു ഭീമമായ തുക ഈടാക്കുകയും പാവപ്പെട്ട ജനങ്ങളെ ചൂഷണംചെയ്ത് കൊള്ള അടിക്കുകയും ചെയ്യുന്നത് മാറ്റി ശുദ്ധീകരണത്തിനായി ദൈവം തന്റെ പുത്രനായ കുഞ്ഞാടിനെ സ്വർഗ്ഗത്തിൽ നിന്നും അയച്ച പുതിയ നിയമത്തിന്റെ പാപമോചനത്തിനായി മൽക്കിസദേക്കിന്റെ ക്രമപ്രകാരം അപ്പവീഞ്ഞുകൾ കൊണ്ടുള്ള രണ്ടാം ഉടമ്പടി യേശുവും ശിഷ്യന്മാരും ചേർന്ന് സെഹിയോൻ മാളികയിൽവച്ച് സ്ഥാപിച്ചു. ഇതാണ് എബ്രാ. 8:7 ൽ പറഞ്ഞിരിക്കുന്ന രണ്ടാം ഉടമ്പടി. ഒന്നാം ഉടമ്പടിയുടെ പാപമോചന മദ്ധ്യസ്ഥ ഊമമൃഗങ്ങൾ പലതായിരുന്ന സ്ഥാനത്ത് സ്വർഗ്ഗത്തിൽനിന്നു വന്ന ജീവനുള്ള കുഞ്ഞാട് എന്ന ഏക മദ്ധ്യസ്ഥൻ നമുക്ക് ഉണ്ടെന്ന് 1 തീമൊ. 2:5 ൽ പറഞ്ഞിരിക്കുന്നു. ഈ ഏക മദ്ധ്യസ്ഥൻ എന്ന പദപ്രയോഗം വളച്ചൊടിച്ച് മദ്ധ്യസ്ഥ പ്രാർത്ഥന വിഗ്രഹാരാധനയ്ക്കു സമമാണെന്ന് എതിർ ക്രിസ്തുവിന്റെ ഏജന്റുമാർ ദുരുപദേശം പ്രചരിപ്പിക്കുന്നുണ്ടെന്നും അവരെപ്പറ്റിയാണ്, 2 പത്രോ. 3:16 ൽ തിരുവെഴുത്തുകളെ വളച്ചൊടിക്കുന്നു"എന്നു പറഞ്ഞിരിക്കുന്നത്. ഇവർ സഭയുടെ വിശ്വാസത്തെ തെറ്റായി പഠിപ്പിക്കുന്നു.

യേശുവിന്റെ രണ്ടാം വരവിനെപ്പറ്റിയുള്ള വചനങ്ങളും സഭയുടെ പഠിപ്പിക്കലിനെപ്പറ്റിയും നമുക്കു പരിശോധിക്കാം. യേശുവിന്റെ ശിഷ്യന്മാർ അവനോട് നിന്റെ വരവിനും, ലോകാവസാനത്തിനും അടയാളം ആവശ്യപ്പെട്ടതിന് യേശു അവരോട് മിന്നൽ കിഴക്കുനിന്നും പടിഞ്ഞാറുവരെ വിളങ്ങുന്നപോലെ ആയിരിക്കും മനുഷ്യപുത്രന്റെ വരവ്. സൂര്യൻ ഇരിണ്ടുപോകും ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും, നക്ഷത്രങ്ങൾ ആകാശത്തുനിന്നും പൊടിഞ്ഞുവീഴും, അപ്പോൾ മനുഷ്യപുത്രന്റെ അടയാളം (കുരിശ്) ആകാശത്ത് വിളങ്ങും, മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ മഹാശക്തിയോടും, തേജസ്സോടും കൂടെ വരുന്നത് കാണും. തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടു കൂടെ അയക്കും, അവർ അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ലോകത്തിന്റെ നാലു ദിക്കുകളിൽനിന്നും കൂട്ടിച്ചേർക്കും (മത്താ.24:31). ഇതിന്റെ തിരഞ്ഞെടുപ്പിന്റെ ഉപമയായിട്ടാണ് യേശു പത്ത് കന്യകമാരുടെ ഉപമയിൽ നമ്മെ പഠിപ്പിക്കുന്നത്. അഞ്ചു പേര് ബുദ്ധിയുള്ളവർ എണ്ണ കരുതിയിരുന്നവരായി സൽഗുണ സമ്പൂർണ്ണ ജീവിതം നയിച്ചപോലെ പരിശുദ്ധാത്മാവിന്റെ പ്രകാശനമുള്ള സ്നേഹം, കരുണ, ദയ എന്നീ എണ്ണ സംഭരിച്ചുള്ള ക്രിസ്തു യേശുവിന്റെ ഭാവമുള്ളവരായി ജീവിക്കുമ്പോൾ നാം അവനോടൊപ്പം എടുക്കപ്പെടാനുള്ള ജീവിത വിശുദ്ധിയുള്ളവരായി ജീവിക്കണം.

ശിഷ്യന്മാരുടെ അന്ത്യകാലത്തെ സംബന്ധിച്ച് അവർ യേശുവിനോടു ചോദിച്ചതിനു പത്രോസിനോടു താൻ ഏതുവിധം ദൈവത്തെ മഹത്വപ്പെടുത്തി മരിക്കുമെന്നു സൂചിപ്പിച്ചതിനുശേഷം, തന്നെ ഒറ്റികൊടുക്കുന്നതാരെന്ന് സർവ്വജ്ഞനായ ദൈവം യൂദയാണെന്ന് വെളിപ്പെടുത്തിയപ്പോൾ പത്രോസ് അവന് എന്തു സംഭവിക്കുമെന്ന് യേശുവിനോടു ചോദിച്ചു. അപ്പോൾ യേശു ഞാൻ വരുവോളം അവൻ ഇരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നിനക്ക് എന്ത്. യോഹ. 21:22 ഇവിടെ ഞാൻ വരുവോളം എന്ന് യേശുവിന്റെ രണ്ടാം വരവിനെപ്പറ്റിയാണ് സൂചിപ്പിക്കുന്നത്.

എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്, അങ്ങനെ ഇല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. യഹോവ. 14:2 ഇത് ഭൂമിയിലല്ലെന്നു നമുക്ക് അറിയാം. ഈ സ്ഥലത്ത് നമുക്ക് തന്റെ രണ്ടാം വരവിൽ അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരായിരിപ്പാൻ ദൈവത്തെ പ്രാർത്ഥനയാലും, നോമ്പാലും പ്രസാദിപ്പിച്ച് ജീവിക്കാം.

ഗലീല പുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടപോലെതന്നെ വീണ്ടും അവൻ വരും എന്നു പറഞ്ഞു. (അപ്പോ. 1:11).

നമ്മുടെ കർത്താവിന്റെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്നു. 1. കൊരി 1:7 നമ്മുടെ സഭയുടെ വിശ്വാസപ്രമാണത്തിലും നിന്റെ രണ്ടാം വരവിനായി ഞങ്ങൾ നോക്കി പാർക്കുന്നുവെന്ന് നാം എപ്പോഴും ഏറ്റുപറയുന്നുണ്ട്. നമ്മുടെ വലിയ നോമ്പിലെ പ്രഭാത പ്രാർത്ഥനയുടെ രണ്ടാം അപേക്ഷയിൽ നിന്റെ മാലാഖമാരുടെ വലിയ സ്തുതിയാൽ നീ എഴുന്നള്ളി വരുമ്പോൾ എന്നും രണ്ടാംവരവിനെ അനുസ്മരിക്കുന്നു. ഇത്രയും ഭാഗങ്ങൾ യേശുവിന്റെ രണ്ടാം വരവിന് വെളിച്ചം തരുന്നതാകയാൽ അത് സംഭവിക്കുമെന്ന് ഉറപ്പായി വിശ്വസിക്കാം.

പരാവർത്തനങ്ങളിൽ ചില പിശകുകൾ വരുന്നതിനൊരു ഉദാഹരണമാണ്. ആദാം വിലക്കപ്പെട്ട കനി ഭക്ഷിച്ചപ്പോൾ അവർ ഇപ്പോൾ നമ്മിൽ ഒരുവനെപ്പോലെ ആയി തീർന്നിരിക്കുന്നു. ഉല്പ. (3:22). ഇവിടെ ശരിയായ പരാവർത്തനം. അവർ ഇപ്പോൾ നമ്മിൽ ഒരുവനെപ്പോലെ അല്ലാതായി തീർന്നിരിക്കുന്നു എന്നതാണ് ശരിയായ വിവർത്തനം. അതുപോലെ മത്താ. 10:23 ൽ മനുഷ്യപുത്രനെന്നതിന് യേശു എന്ന അർത്ഥത്തിലല്ല, ദൈവരാജ്യത്തിന്റെ സ്ഥാപനത്തിന്റെ പൂർണ്ണതവരെ ശിഷ്യന്മാർ യിസ്രയേൽപട്ടണം ചുറ്റിസഞ്ചരിച്ചു തീരുകയില്ലെന്നാണ് ശരിയായ സത്യ പരാവർത്തനം. പിശക് പലതും ദുരുപദേശ പ്രചരണത്തിനു കാരണമായിട്ടുണ്ട്. എങ്കിലും സഭയുടെ പാരമ്പര്യത്തിൽ നാം ഉറച്ചു വിശ്വസിക്കണം.

# Commit Your Burdens to the Lord—His Care Is Unfailing.

**Seema Shinto Kanniyel Ranni**

Our life is a blessing from the sky. Welive each day through God's grace, yet we often face burdens, trials, and temptations. Life is not always as smooth as a flowing river or as gentle as a flower. We may encounter sorrow along the way. However, those who believe in God have the faith to understand that these hardships are temporary. Just as mourning comes in the night, joy will arrive with the morning. In life, we face many kinds of burdens—emotional, physical, financial, and mental. Sometimes, overthinking these challenges can make us lose our peace of mind. Yet, we must remember that God, our Savior, is our ultimate protector, defender, and strong tower of refuge. We need to entrust all our burdens to the Lord.

Psalm 34:17-18 – "When the righteous cry for help, the Lord hears and delivers them out of all their troubles. The Lord is near to the brokenhearted and saves the crushed in spirit."

In the Holy Bible, we see many people who gave their burdens to the Lord, David is one of them. The Lord Almighty is with those who cry out for help, with those who seek rest, and with those in need of food and shelter. God supports those who take risks in life and guides them toward achieving their goals. God is our refuge and strength, a very present help in trouble.

In the Holy Bible, in 1 Samuel, we see that when David went to fight Goliath, Saul gave him his own armor, including a bronze helmet. But David didn't take it. He don't know how to use that. He picked up five smooth stones from a stream and put them in his shepherd's bag, then armed only with his shepherd's staff and sling. He started across to fight Goliath. Goliath walked out toward David with his shield bearer ahead of him, sneering in contempt at this ruddy- faced boy he roared at David "Come over here, I will give your flesh to the birds and wild animals "David Shouted in reply You come to me with sword, spear and javelin, but I come to you in the name of the Lord Almighty – The God of the armies of Israel, whom

you have defied. Today the Lord will conquer you. And I will kill you and cut offyour head. And then I will give dead bodies of your men to the birds and wild animals. And whole world will know that there is a God in Israel and all will know that the Lord does not need weapons to rescue his people. It is his battle, not ours. David had strong faith in God. He knew that God would protect him, which is why he relied on Him. He gave his burdens to the Lord. As Goliath Moved closer to attack, David quickly ran out to meet him. Reaching into his shepherd's bag and taking out a stone. He hurled it from his sling and hit the philistine in the forehead. The stone sank in, and Goliath stumbled and fell face downwards to the ground. So David triumphed over the philistine giant with only a stone and a sling. And since he had no sword, He ran over and pulled Goliath's sword from its sheath, David used it to kill the giant and cut off his head.

David was a young boy who did not know how to use weapons, yet he stepped forward to face Goliath. He trusted in God's strength rather than his own ability. Though he could have been afraid, he chose faith over fear and believed that God would protect him. David was not afraid or overwhelmed; instead, he acted with courage because he had already placed his burden in God's hands. That is why God gave him victory. Like David, we should trust in God, cast all our burdens upon Him, and live with peace and confidence.

**" Cast all your anxiety on him because he cares for you"**

# മഹതിയാം ബാബിലോൺ

ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ, ഇരവിപേരൂർ

എ.ഡി. 63 ൽ യോഹന്നാൻ ശ്ലീഹാ ദർശനത്തിൽ കണ്ടതും, എ. ഡി. 30 ലെ കർത്താവിന്റെ ഒലിവ്മല പ്രഭാഷണത്തിന്റെ മത്തായി, മർക്കോസ്, ലൂക്കോസ് എന്നീ സുവിശേഷത്തിന്റെ വിപുലീകരിച്ച ഒരു പതിപ്പാണ് വെളിപാട് പുസ്തകം. എ.ഡി. 70 ൽ സംഭവിക്കാനിരിക്കുന്ന യുഗാവസാനം, അന്ത്യകാലം, യരുശലേമിന്റെ നാശം, ദൈവാലയത്തിന്റെ അന്ത്യം, പുതിയ നിയമസഭയുടെ തുടക്കം എന്നിവയാണ് ഇതിലെ ഇതിവൃത്തം. എ. ഡി. 70 ന് മുമ്പ് രചിക്കപ്പെട്ട മൂന്ന് സുവിശേഷങ്ങളിൽ ഇതിനെപ്പറ്റി കാണാം.എ. ഡി. 70 ന് ശേഷം രചിക്കപ്പെട്ട യോഹന്നാന്റെ സുവിശേഷത്തിൽ ഇതിനെപ്പറ്റി പരമാർശം ഇല്ല. എ.ഡി. 30 ലെ പെസഹായിൽ കർത്താവിനെ ക്രൂശിച്ചു എ.ഡി. 70 ലെ പെസഹായിൽ ഈ പ്രവചനം നിവൃത്തിയായി. സുറിയാനി സഭയിലെ ആരാധനാക്രമങ്ങളിൽ ഇതിനെപ്പറ്റി കാണാം. പ്രത്യേകിച്ച് കഷ്ടാനുഭവ ആഴ്ചയിൽ.

"ഉത്ഥാനം ചെയ്തുടനെ ത
ന്നെ ക്രൂശിച്ച സെഹിയോനെ നശിപ്പിച്ചു
സഭാ പാണീഗ്രഹണത്തെ"

ചുളപോലെ കത്തുന്നനാൾ വരുന്നു, ഇത് അന്ത്യകാലമാണെന്നും മനം തിരിഞ്ഞില്ലെങ്കിൽ യഹോവ വാളിന് മൂർച്ച കൂട്ടും, യഹോവയുടെ വാൾ രക്തം പുരണ്ടും മേദസ്സ് നിറഞ്ഞുമിരിക്കുന്നുവെന്ന് പറഞ്ഞ് ജനത്തെ വഞ്ചിച്ച് ധനലാഭമുണ്ടാക്കുന്നു. എന്നാൽ പുതിയ നിയമത്തിൽ അത്തരം ഒരു ദൈവത്തെയല്ല മറിച്ച് സ്നേഹനിധിയും കരുണാമയനും, തന്നെ മുഖത്തടിച്ചപ്പോഴും തുപ്പിയപ്പോഴും മുഖത്തെ രോമങ്ങൾ പിഴുതെടുത്തപ്പോഴും, ചാട്ടവാർ കൊണ്ട് 39 അടി അടിച്ചപ്പോഴും വിലാപ്പുറത്ത് കുത്തിയപ്പോഴും വസ്ത്രം പങ്കിട്ടപ്പോഴും ക്രൂരമായി പീഡിപ്പിച്ച് ക്രൂശിച്ചപ്പോഴും ക്രൂശിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ച ദൈവത്തെയാണ് കാണുന്നത്. യഹൂദാ ചരിത്രകാരനായ ജോസഫസ്, സഭാചരിത്രത്തിന്റെ പിതാവായ യൗസേബിയോസ്, റോമൻ യൂറോപ്യൻ ചരിത്രകാരന്മാർ ഈ ചരിത്ര സംഭവത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യമായി മഹതിയാം ബാബിലോൺ ഏതെന്ന് നോക്കാം. മഹതിയാം ബാബിലോൺ വേശ്യമാരുടെയും മ്ലേഛതകളുടെയും മാതാവ് എന്നൊരു പേര് അവളുടെ നെറ്റിയിൽ എഴുതിയിരിക്കുന്നു. വിശുദ്ധന്മാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ച് സ്ത്രീമത്തയായിരിക്കുന്നു (വെളി.17;:5–6). "വിശുദ്ധനഗരം വേശ്യയായിത്തീർന്നതെങ്ങനെ? ഒരിക്കൽ അതിൽ നീതി വസിച്ചിരുന്നു. ന്യായം നിറഞ്ഞിരുന്നു. ഇപ്പോഴോ, കൊലപാതകന്മാർ (യെശ.1:21). "അവരുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും ആത്മീയമായി സോദോം എന്നും മിസ്രയിം എന്നും പേരുള്ള മഹാനഗരം" (Great City) (വെളി.11:8, 18:19, 18:10). "മഹാരാജാവിന്റെ നഗരം (മഹാനഗരം) (സങ്കീ. 48:2). "ഹാഗാർ എന്നത് അറബിദേശത്തെ സീനായ് മലയെക്കുറിക്കുന്നു. അത് ഇന്നത്തെ യറുശലേമിന് തുല്യം. അത് തന്റെ മക്കളോടു കൂടി അടിമയിലിരിക്കുന്നു, മീതെയുള്ള യരുശലേമോ സ്വതന്ത്രയാകുന്നു അതാകുന്നു നമ്മുടെ അമ്മ"(ഗലാ.4:25–26) "ഭൂരാജാക്കന്മാരുടെ മേൽ ആധിപത്യമുള്ള നഗരം" (വെളി.17:18). ലോകത്തിലെ പ്രധാന മതങ്ങളിലൊന്ന് മാത്രമായ ക്രിസ്തുമതത്തിലെ ഒരു വിഭാഗം മാത്രമായ കത്തോലിക്കാ സഭയുടെ ആസ്ഥാനം മാത്രമാണ് റോമിലെ വത്തിക്കാൻ. എന്നാൽ ലോകത്തിലെ മൂന്നു പ്രധാന മതങ്ങളായ ക്രിസ്തുമതം, എബ്രായ മതം, ഇസ്ലാം മതം എന്നിവർ ഒരുപോലെ അവകാശവാദം ഉന്നയിക്കുന്നതും ലോകം ഏറ്റവും അധികം ഉറ്റുനോക്കുന്നതും പരാമർശിക്കപ്പെടുന്നതുമായ ഏകനഗരം ഇസ്രായേലിലെ യെരുശലേം അത്രേ. ലോകത്തിലെ ഏറ്റവും വൻശക്തിയായ അമേരിക്ക, യൂറോപ്യൻ യൂണിയൻ, കാനഡ, ആസ്ട്രേലിയ എന്നീ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാജ്യങ്ങളെ തങ്ങളുടെ ആജ്ഞാനുവർത്തികളാക്കാൻ കഴിവുള്ളതും യെരുശലേം മാത്രമാണ്. "യരുശലേമേ, യരുശലേമേ പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചവരെ കല്ലെറിയുകയും ചെയ്യുന്നവളേ, തള്ളക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർത്ത് രക്ഷിക്കുന്നതുപോലെ നിന്റെ മക്കളെ ചേർത്തുകൊള്ളുവാൻ എനിക്ക് എത്ര വട്ടം സമ്മതമായിരുന്നു. നിനക്കോ സമ്മതമായില്ല. നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും" (മത്തായി 23:37–38).

"പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്ന്യേ
യൂദന്മാരെ നിങ്ങളുടെ നിലയം സർവ്വം ശൂന്യം"
(ദുഃവെള്ളി)

ഒരു പ്രവാചകൻ യെരുശലേമിന് പുറത്ത് നശിച്ചുപോകുന്നത് അസംഭവ്യം അത്രേ" (ലൂക്കോ.13:33). "യഹൂദന്മാർ ക്രിസ്തുവിനെയും പ്രവാചകന്മാരെയും കൊന്നവർ" (1 തെസ്സ.2:15) "അതുകൊണ്ട് പ്രവാചകന്മാരെയും ജ്ഞാനികളെയും ശാസ്ത്രിമാരെയും നിങ്ങളുടെ അടുക്കൽ അയച്ചു അവരിൽ ചിലരെ നിങ്ങൾ കല്ലെറിഞ്ഞു കൊന്നു. ചിലരെ ക്രൂശിച്ചു കൊന്ന്, ചിലരെ നിങ്ങളുടെ പള്ളികളിൽ ചമ്മട്ടി കൊണ്ടടിച്ചു. ചിലരെ പട്ടണത്തിൽ നിന്നും പട്ടണത്തിലേയ്ക്ക് ഓടിച്ചു നീതിമാനായ ഹാബേലിന്റെ രക്തം മുതൽ യാഗപീഠത്തിൽവച്ച് കൊലചെയ്യപ്പെട്ട സഖറിയാവിന്റെ രക്തംവരെയും നിങ്ങളുടെ മേൽ വരേണ്ടതാകുന്നു. അതൊക്കെയും ഈ തലമുറയിൽത്തന്നെ വരുമെന്ന് സത്യമായിട്ടും നിങ്ങളോടു പറയുന്നു" (മത്തായി 24:34–36, ലൂക്കോസ് 11:47 –51). "പ്രവാചകന്മാരെയും ഭൂമിയിൽ വച്ച് കൊന്നുകളഞ്ഞ എല്ലാവരുടെയും രക്തം അവളിലല്ലേ കണ്ടത്" (വെളി.18:24). "അങ്ങനെ നിങ്ങൾ പ്രവാചകന്മാരെ കൊന്നവരുടെ മക്കൾ എന്ന് നിങ്ങൾ തന്നെ സാക്ഷ്യം പറയുന്നു" (മത്തായി 23:30 –33, റോമ. 11:3, അപ്പോ.7:52, മത്തായി 21:33–42) തുടങ്ങി നിരവധി വാക്യങ്ങളിൽ നിന്ന് മഹതിയാം ബാബിലോൺ യെരുശലേം എന്ന് വ്യക്തമാകുന്നു.

**എന്താണ് അന്ത്യകാലം**

കർത്താവിന്റെ ആഗമനത്തോടെ അന്ത്യകാലം ആരംഭിക്കുന്നു (എബ്രാ.1:1–2, അപ്പോ.2:16–21, യോവേ.2:28–30). എന്നാൽ അതിന്റെ പൂർത്തീകരണം എ. ഡി. 70 ലെ യരുശലേം ദൈവാലയത്തിന്റെ നാശത്തോട് കൂടിയായിരുന്നു (എബ്ര. 9:8–9). ദൈവം ദാനിയേലിനോട് "ഇത് അവസാനനാളിൽ സംഭവിപ്പാനുള്ളതാകയാൽ പ്രവചനത്തിന് മുദ്രയിടരുത്" എന്നാണ് പറയുന്നത് (വെളി. 22:10). ശ്ലീഹന്മാർ കർത്താവിനോട് "നിന്റെ വരവിനും ലോകാവസാനത്തിനും അടയാളമെന്ത്? (മത്തായി 24:3). അതിന്റെ അർത്ഥം ന്യായപ്രമാണ

യുഗത്തിന്റെ അന്ത്യം (ലൂക്കോ. 16:16, മത്തായി 11:3). മേശെയിക ഉടമ്പടിയുടെ അന്ത്യം, (1 തീമോ.2:5) എന്നൊക്കെയാണ്. ന്യായപ്രമാണം കർത്താവുവരെമാത്രമായിരുന്നു (ഗല.3:19) ബൈബിളിന്റെ മൂലഭാഷയിൽ 'യുഗാവസാനം' എന്നർത്ഥം വരുന്ന 'ഐയോനിയോ' എന്ന പദമാണ് കാണുന്നത് അല്ലാതെ ലോകാവസാനം എന്നർത്ഥം വരുന്ന (Cosmos) എന്ന പദമല്ല. ഇത് പരിഭാഷയിലുള്ള വ്യത്യാസമാണ്.

**ആദ്യം സംഭവിക്കേണ്ടത്.** "കർത്താവിന്റെ വലുതും ഭയങ്കരവുമായ നാൾവരും മുമ്പ് ഏലിയാ പ്രവാചകനെ അയയ്ക്കും" (മാലാഖി 4:5, 3:1, യെശ. 40:3) കർത്താവിന്റെ യോഹന്നാൻ സ്നാപകനെക്കുറിച്ചുള്ള സാക്ഷ്യം. "നിങ്ങൾക്ക് പരിഗ്രഹിപ്പാൻ കഴിവുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻ തന്നെ" (മത്തായി 11:10-13)

**ഇത് എപ്പോൾ സംഭവിക്കും** ''ഈ തലമുറയിൽ (മർക്കോ. 13:30, ലൂക്കോ.21:32, മത്തായി 23:36). കർത്താവും ശ്ലീഹന്മാരും ജീവിച്ചിരുന്ന തലമുറയിൽ. ഒരു തലമുറയെന്നത് 40 വർഷമാണ് ബൈബിൾ ഭാഷയിൽ അത് ഒരു വൈദിക പദ്ധതിയെയും പൂർത്തീകരണത്തേയും സൂചിപ്പിക്കുന്നു.

**ലക്ഷണം** "സൈന്യങ്ങൾ യരുശലേമിനെ വളഞ്ഞിരിക്കുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തുവെന്ന റിവീൻ' (ലൂക്കോ. 21:20). "അത്തിയെ നോക്കി ഒരു ഉപമ പഠിപ്പീൻ, അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തുവെന്ന് അറിയുന്നു'' (മർക്കോ. 13:28) അങ്ങനെ ഇസ്രായേലിന്റെ രാഷ്ട്രീയസ്ഥിതിയെ കാണിക്കുന്നു. യഹൂദാമതാനുസാരിയായിരുന്ന ഹേരോദാവിന്റെ കാലം യഹൂദന്റെ സുവർണ്ണകാലമായിരുന്നു. അവൻ യഹൂദന്റെ പ്രീതിക്കുവേണ്ടി അനേകവർഷം കൊണ്ട് ദൈവാലയം പുതുക്കിപണിതിരുന്നു. ആ സമയത്താണ് കർത്താവിന്റെ പ്രവചനം. "കല്ലിന്മേൽ കല്ല് ശേഷിക്കയില്ലെന്ന് (മത്തായി 24:2, ലൂക്കോ. 21:6-7). എ.ഡി. 66 ൽ റോമൻ സൈന്യാധിപനായിരുന്ന ടൈറ്റസിന്റെ സൈന്യം യറുശലേമിനെ വളഞ്ഞു ശക്തമായ ഉപരോധം ഏർപ്പെടുത്തി. യരുശലേം ദൈവാലയത്തിലെ മഹാവിശുദ്ധസ്ഥലത്ത് റോമൻ ദേവന്റെ വിഗ്രഹം സ്ഥാപിച്ചു. (മർക്കോ. 13:14, മത്തായി 24:15, ദാനി. 12:11). അന്ന് മുതൽ മൂന്നര വർഷക്കാലം അതികഠിനമായി പീഡനം (മഹോദ്രവകാലം) (ദാനി. 12:11-12, വെളി. 13:5). ജാതികൾ യരുശലേമിനെ മൂന്നരവർഷം അശുദ്ധിയാക്കി. ജാതികളുടെ കാലം തികയുവോളം യരുശലേം ജാതികളാൽ ചവിട്ടപ്പെടും (ലൂക്കോ. 21:24, വെളി.11:2). എ.ഡി. 70 ലെ പെസഹായിൽ എ.ഡി. 30 ലെ പെന്തിക്കോസ്തിയിലെപ്പോലെ (അപ്പോ.2:5) യഹൂദാജനം യഹൂദാമതാനുസാരികളും യറുശലേമിൽ നാനാഭാഗത്തുനിന്നും എത്തി. യാതൊരു നിയന്ത്രണവുമില്ലാതെ സൈന്യം അവരെ ഉള്ളിലേയ്ക്ക് കടത്തിവിട്ടു. തിക്കിലും തിരക്കിലുംപെട്ട് അനേകർ കൊല്ലപ്പെട്ടു. ചേരിതിരിഞ്ഞുള്ള ആക്രമണങ്ങളിലും അനേകർ കൊല്ലപ്പെട്ടു. ഭക്ഷ്യസാധനങ്ങൾ നശിപ്പിക്കപ്പെട്ടതിനാൽ വലിയലഹളയും ക്ഷാമവും ഉണ്ടായി (മത്തായി 24:7). റോമൻ സൈന്യം തങ്ങളെ ആക്രമിക്കാൻ വരുന്നുവെന്ന കിംവദന്തിയുണ്ടായി (മത്താ. 24:6). തീവ്രവാദികളായ യഹൂദന്മാർ ഒരു സായുധസമരത്തിന് തയ്യാറായി. ഈ സമയം യഹൂദ തീവ്രവാദികളെക്കൊണ്ട് റോമൻ ഉടനീളം ഉണ്ടായിക്കൊണ്ടിരുന്ന കൊള്ളയും കൊലപാതകവും തീവ്രവാദവും നിമിത്തം റോമൻ സൈന്യം ദൈവാലയത്തിൽ തീയിട്ടു. യഹൂദന്മാരെ നാലുവശത്ത് നിന്നും വളഞ്ഞിട്ട് ആക്രമിച്ചുകൊന്നൊടുക്കി. ദൈവാലയത്തിന്റെ അടിയിൽ വമ്പിച്ച നിധിശേഖരണം ഉണ്ടെന്ന് ധരിച്ച് ദൈവാലയത്തെ ഇടിച്ചു നിരത്തി. അന്ന് യറുശലേമിൽ 11 ലക്ഷം പേർ കൊല്ലപ്പെട്ടു. 97000 പേരെ അടിമകളാക്കി (ലൂക്കോ.21:24) ശേഷിച്ചവർ നാലുപാടും ചിതറി. ലോകാരംഭം മുതൽ അന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിയും സംഭവിക്കാത്തതുമായ കഷ്ടത അന്നുണ്ടായി (മത്തായി 24:21). അങ്ങനെ എ.ഡി 30 ലെ കല്ലിന്മേൽ കല്ല് ശേഷിക്കയില്ലായെന്ന കർത്താവിന്റെ പ്രവചനവും (മത്താ. 24:2, ലൂക്കോ. 21 :6-7), സീയോനെ വയൽപോലെ ഉഴുതിമറിക്കും എന്ന മീഖായുടെ പ്രവചനവും (മീഖാ. 3:12), ചൂളപോലെ കത്തുന്ന നാൾ വരുമെന്നു മാലാഖിയുടെ പ്രവചനവും (മാലാഖി 4:1) നിവൃത്തിയായി. മരിച്ചവരുടെ രക്തം കുതിരകളുടെ കടി വാളങ്ങളോളം പൊങ്ങി 20 നാഴിക ദൂരത്തേക്ക് ഒഴുകി (വെളി.14:20). അന്ന് യഹൂദ്യയിലുള്ളവർ മലകളിലേയ്ക്ക് ഓടിപ്പോകട്ടെ (ലൂക്കോ.21:21, മത്തായി 24:16-21). യരുശലേമിനെ വിട്ടോടുവീൻ (വെളി.18:4) തുടങ്ങി അനേകം മാർഗ്ഗങ്ങൾ ശ്ലീഹന്മാരിൽ നിന്നും കേട്ടിരുന്ന ക്രിസ്ത്യാനികൾ 'ബെല്ലാ' യെന്ന മലയോര ഗ്രാമത്തിലേയ്ക്ക് ഓടി രക്ഷപ്പെട്ടു (എ.ഡി. 66 ൽ തന്നെ). അന്ന് ഒരു ക്രിസ്ത്യാനിയും കൊല്ലപ്പെട്ടില്ല. അതിനാലാണ് പൗലോസ് ശ്ലീഹാ തെസ്സലോന്യർക്ക് എഴുതുമ്പോൾ ഈ ന്യായവിധി ക്രിസ്ത്യാനിക്ക് ബാധകമാവില്ലായെന്ന് പറയുന്നത് (1 തെസ്സ.5:4). ഒരു പ്രാദേശിക ന്യായവിധിയാണ് യെരുശലേമിന്റെ മാത്രമാണ്. യോഹന്നാൻ ശ്ലീഹാ എഴുതുന്നത് ആസ്യയിലെ ഏഴു സഭകൾക്കാണ് ആ സഭകൾ ഇന്നില്ല. ഇനിയും ഉണ്ടാകുകയും ഇല്ല. ഇനിയും നടക്കാനുള്ളതാണെങ്കിൽ ആ സഭകൾ ഇന്നും കാണണമായിരുന്നു.

**ആരാണ് ഭാഗ്യവാന്മാർ**

ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്പ്രമാണിക്കുന്നവർ (വെളി.1:37) രക്ഷപെടാനുള്ള മാർഗ്ഗം കർത്താവ് ഉപദേശിച്ചിരുന്നു. അങ്ങനെ ഓടി രക്ഷപെട്ടവരാണ് ഭാഗ്യവാന്മാർ. ഇവിടെ നിത്യരക്ഷയെയല്ല ഉദ്ദേശിക്കുന്നത്.

**എന്താണ് ന്യായവിധിയ്ക്ക് കാരണം**

അകൃത്യങ്ങൾ, പാപങ്ങൾ, മ്ലേഛതകൾ, ന്യായപ്രമാണത്തിന്റെ ലംഘനം (യിരമ്യാ.13:22, യെശ.13:6, യെശ.1:21). യഹൂദന് തങ്ങളുടെ ദൈവവുമായി 613 ഉടമ്പടികൾ ഉണ്ടായിരുന്നു. സൂര്യൻ, ചന്ദ്രൻ, നക്ഷത്രം (മത്തായി. 24:19,യെശ.13:10) എന്ന് ഇവിടെ ഉദ്ദേശിക്കുന്നത്, പുരുഷൻ, സ്ത്രീ, മക്കൾ എന്നിവരെയാണെന്ന് യാക്കോബിന്റെ സ്വപ്ന വ്യാഖ്യാനത്തിൽ കാണാം. (ഉല്പ. 37:9-10) ലോകം (ലൂക്കോ.2:1) ആകാശത്തിൻ കീഴിൽ അപ്പോ.2:5) ആകാശം ഭൂമി (മത്താ 16:2, മർക്കോ. 13:25, ലൂക്കോ.16:17) ഇവയെല്ലാം യഹൂദന്റെ ഭാഷയിൽ അവരുടെ എല്ലാമായ സമാനതകളില്ലാത്ത യെരുശലേം ദൈവാലയം എന്നിവയാണ്. ഗോത്രം (വെളി.1:7, മത്തായി 16:19), ഇത് ഇസ്രായേലിലെ 12 ഗോത്രങ്ങൾ മാത്രമാണ് അല്ലാതെ 13-ാ മത് ഒരു ഗോത്രത്തെപ്പറ്റി പരമാർത്ഥം എങ്ങും ഇല്ല. ഏഴു മലകൾ (വെളി 17:9-10). ഈ മലകൾ റോമിലെ ക്യാപ്പിറ്റോളിൻ, പാലറൈൻ, അവന്റൈറെൻ, കോവിലിയൻ, എസ്ക്വിലെൻ, ക്യൂറിനൻ, വിമിനൻ എന്നീ മലകൾ അല്ലെന്നും അത് ഏഴ് രാജാക്കന്മാർ ആണെന്നും വെളി 17:10 ൽ കാണാം. ന്യായവിധിയെ കുറിക്കുന്ന പദങ്ങൾ. കർത്താവിന്റെ വലുതും ഭയങ്കരവുമായ നാൾ (മാലാഖി 4:5) ആ നാൾ (1 തെസ്സ.5:4). ദൈവത്തിന്റെ പ്രതികാരദിവസം (യെശ. 61:2) യഹോവയുടെ ദിവസം (യെശ.13:6). പുതിയ നിയമസഭയായ കർത്താവിന്റെ മണവാട്ടിയായ സഭ പുതിയ യെരുശലേം സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരുന്നതായി വെളി.21:1 മുതൽ കാണാം.

"സഭയാം തിരുസഭയാം മീ ഞാൻ
അത്യുന്നതനുടെ മണവാട്ടി"




# ക്രിസ്തുവിന്റെ പുനരുത്ഥാനം നൽകുന്ന സന്ദേശം എന്ത്?

മരണം എന്ന പ്രതിഭാസത്തെ ജീവിതത്തിന്റെ അന്ത്യമായും ഭയാനകരമായ ഒരു സംഭവമായും കണ്ടിരുന്ന മനുഷ്യന് വളരെ പ്രത്യാശയും ധൈര്യവും സന്തോഷവും പ്രദാനം ചെയ്ത ഒരു സംഭവമായിരുന്നു യേശുവിന്റെ പുനരുത്ഥാനം. ഇത് അസാധാരണമായ ഒരു സംഭവമായതിനാൽ അന്നും ഇന്നും മാനുഷിക ബുദ്ധിയ്ക്കും യുക്തിയ്ക്കും വിശ്വസിക്കുവാനും ഉൾക്കൊള്ളുവാനും പ്രയാസമുള്ള സംഗതിയുമാണ്. യേശുവിന്റെ പുനരുത്ഥാനം ഒരു സാങ്കല്പിക കഥയല്ല. നാലു സുവിശേഷകരും മറ്റു ശിഷ്യന്മാരും ചരിത്രകാരന്മാരും ഒക്കെ അതൊരു ചരിത്ര സംഭവമായി പ്രതിപാദിച്ചിരിക്കുന്നു. പുനരുത്ഥാന ശേഷം അഞ്ഞൂറിലധികം പേർക്ക് കർത്താവു പ്രത്യക്ഷപ്പെട്ടു എന്നു പറയുമ്പോൾ ആ സത്യത്തെ ആർക്കും നിഷേധിക്കാൻ സാധിക്കാതെ വരുന്നു. സത്യത്തെ ആർക്കും ഒരു നാളും അത്യന്തികമായി നശിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നും ആരെങ്കിലും മനഃപൂർവ്വം അതിനു ശ്രമിച്ചാൽ അവരെ ലജ്ജിപ്പിക്കുമാറ് സത്യം പൂർവ്വാധികം ശക്തിയോടെ താമസം വിനാ ഉയർത്തെഴുന്നേൽക്കും എന്നുള്ള ഒരു വലിയ ദൂതാണ് ഈസ്റ്റർ നമുക്കു നൽകുന്നത്.

ക്രൈസ്തവ സഭയുടെ ജീവനും വിശ്വാസത്തിന്റെ അടിസ്ഥാനവും ക്രിസ്തുവിന്റെ ഉയർപ്പാണ്. "ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' എന്നാണ് കോരിന്ത്യസഭയെ വി. പൗലോസ് ഓർമ്മിപ്പിക്കുന്നത് (1.കോരി.15:14). വിശ്വാസികൾക്ക് ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള നിത്യജീവന്റെ അച്ചാരമായിട്ടാണ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ പരി. സഭ കാണുന്നത്. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' എന്നുള്ള തന്റെ പഠിപ്പിക്കലുകൾ ക്രിസ്തു തന്നിൽ തന്നെ പൂർണ്ണമാക്കിയ സംഭവമായിരുന്നു തന്റെ പുനരുത്ഥാനം. പീഢാനുഭവത്തേക്കാളും കുരിശുമരണത്തേക്കാളും പൗരസ്ത്യ സഭ പ്രാധാന്യം കല്പിക്കുന്നതും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനാണ്. അതിന്റെ അടയാളമായി കുരിശുരൂപത്തിന് പകരം ഒഴിഞ്ഞ കുരിശാണ് സഭ ആരാധനയ്ക്ക് ഉപയോഗിക്കുന്നത്. അത് ഉയർത്തെഴുന്നേറ്റ കർത്താവിന്റെ സാമീപ്യത്തെ കുറിക്കുന്ന പ്രതീകമാണ്.

പഴയ നിയമകാലത്ത് ദൈവം സ്വപ്നങ്ങളിലൂടെയും മാലാഖമാരിലൂടെയും, പ്രവാചകന്മാരിലൂടെയും ഒക്കെ ഭാഗികമായി മാത്രം മനുഷ്യന് വെളിപ്പെട്ടിരുന്നതിനാൽ കർത്താവിന്റെ അനശ്വരതയെക്കുറിച്ചുള്ള മനുഷ്യന്റെ അറിവും ഭാഗികമായിരുന്നു. എന്നാൽ ക്രിസ്തുവിൽ ദൈവം പൂർണ്ണമായി വെളിപ്പെട്ടതിനാൽ (എബ്രാ:1:1) തന്റെ പുനരുത്ഥാനം ആത്മാവിന്റെ അനന്തതയെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും മനുഷ്യന് വലിയ വിശ്വാസവും പ്രത്യാശയും ഉണ്ടാകുവാൻ കാരണമായി. "മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു" എന്ന് വിശ്വാസപ്രമാണമായി ദിവസം പലപ്രാവശ്യം പ്രഖ്യാപിച്ചുകൊണ്ട് ജീവിതത്തിൽ പ്രശ്നങ്ങളും, പ്രതിസന്ധികളും തരണം ചെയ്യുവാൻ വിശ്വാസി ശക്തിയാർജ്ജിക്കുകയും ചെയ്യുന്നു

ക്രൈസ്തവ വിശ്വാസത്തിൽ പുനരുത്ഥാനത്തിന് രണ്ടു തലങ്ങളുണ്ട്. ആത്മാവിന്റെ പുനരുത്ഥാനവും, ശരീരത്തിന്റെ പുനരുത്ഥാനവും. വിശ്വാസികൾക്ക് ആത്മാവിന്റെ പുനരുത്ഥാനം സ്നാനത്തിൽ സംഭവിക്കുന്നതിനാൽ ക്രൈസ്തവ ജീവിതം ഒരു പുനരുത്ഥാന ജീവിതമായി സഭ കാണുന്നു. (റോമ. 6:4-11, കൊലോ. 2:12, 3:1). വിശ്വാസികൾക്ക് ഇനി ഒരു മരണവും പുനരുത്ഥാനവും ഉണ്ടെങ്കിൽ അതു ശരീരത്തിന്റേതു മാത്രമാണ്. സഭ ഉയർപ്പിന്റെ ശക്തിയിൽ ജീവിക്കുന്നതിനാൽ ആശ്രയം വയ്ക്കുന്നതും ഭൂമിയിലുള്ളതിനേക്കാൾ ഉപരി ഉയരത്തിലുള്ളതിനാണ്. (കൊലോ. 3:2-3). അങ്ങനെ ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തിയിൽ പങ്കുവഹിച്ച് ജീവിക്കുന്ന സഭയുടെ ദൗത്യം ക്രിസ്തുവിന്റെ ദൗത്യം തന്നെയാണ്. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. (യോഹ. 20:21) എന്നു പറഞ്ഞ കർത്താവ് ശിഷ്യന്മാരെ അയയ്ക്കുമ്പോൾ താൻ തുടങ്ങിവച്ചത് തുടരാനുള്ള ആഹ്വാനമാണ് അവർക്കു നൽകുന്നത്. ക്രിസ്തുവിന്റെ പ്രവർത്തനം തുടരുക എന്നു പറഞ്ഞാൽ ക്രിസ്തുവിനെപ്പോലെ പ്രമാദരഹിതരായി ജീവിച്ച് ലോകത്തെ നവീകരിക്കാനുള്ള ഉത്തരവാദിത്വമാണ് സഭയ്ക്കുള്ളത്. ശുശ്രൂഷയുടെ ആരംഭത്തിൽ കാനാവിലെ വിവാഹവിരുന്നിൽ വെള്ളത്തെ വീഞ്ഞാക്കി മാറ്റിയ നവോത്ഥാനശക്തി (യോഹ.2:1-11) പിന്നീട് കുഷ്ഠരോഗിയേയും, തളർവാതരോഗിയേയും, ഭൂതബാധിതയേയും, കൂനിയായ സ്ത്രീയേയും, അന്ധനായ മനുഷ്യനേയും ഒക്കെ നിരാശയുടെ മരണാനുഭവത്തിൽ നിന്ന് ജീവന്റെ പ്രത്യാശയിലേയ്ക്ക് കൈപിടിച്ചു നടത്തിയതുപോലെ ഇന്നു സമൂഹ

ത്തിൽ രോഗബാധിതരേയും, ദാരിദ്ര്യവും പീഡയും അനുഭവിക്കുന്നവരേയും, അജ്ഞതയാൽ അന്ധകാരാനുഭവത്തിൽ കഴിയുന്നവരേയും കണ്ടെത്തി ആ അവസ്ഥയിൽ നിന്നു ക്രിസ്തുവിന്റെ നവോത്ഥാന ശക്തിയാൽ വിടുവിച്ച് പുതിയ ജീവന്റെ അവസ്ഥയിലേയ്ക്ക് അവരെ വഴി നടത്താനുള്ള ഉത്തരവാദിത്വമാണ് സഭയ്ക്കുള്ളത്.

കർത്താവു പുനരുത്ഥാനം ചെയ്തതു തന്നെ അപമാനിക്കുകയും പീഡിപ്പിക്കുകയും ക്രൂശിക്കുകയും ചെയ്തവരോട് പ്രതികാരം ചെയ്യാനല്ലായിരുന്നു. പ്രസ്തുത യേശുവിന്റെ നിസ്തുല സ്നേഹത്തിന്റെ പാരമ്യം തന്നെ കുരിശിച്ചവർക്കും ലോകത്തിനും മനസ്സിലാക്കി കൊടുക്കുവാനായിരുന്നു. തന്നെ തള്ളിപ്പറയുകയും, പ്രതിസന്ധിഘട്ടത്തിൽ പിൻവാങ്ങുകയും ചെയ്ത ശിഷ്യന്മാരെപ്പോലും പല പ്രാവശ്യം സന്ദർശിച്ചു ധൈര്യപ്പെടുത്തുകയും അവരെ സ്നേഹപൂർവ്വം സേവന സന്നദ്ധരാക്കുകയും ചെയ്തു. ആ സ്നേഹം തിരിച്ചറിഞ്ഞ ശിഷ്യന്മാർ പിന്നീട് ക്രിസ്തുവിനു വേണ്ടി മാത്രം ജീവിക്കുകയും, ആ നാമത്തിൽ രക്തസാക്ഷികളാകാൻ തയ്യാറാകുകയും ചെയ്തു.

ആദിമ ക്രൈസ്തവ സമൂഹത്തിന് ക്രിസ്തുവിന്റെ പുനരുത്ഥാന ചൈതന്യത്തിൽ ജീവിക്കാൻ സാധിച്ചതുകൊണ്ട് ആഡംബര ജീവിതരീതി ഒഴിവാക്കി പരസ്പരം ശുശ്രൂഷ ചെയ്തും, കൂട്ടായ്മ ആചരിച്ചും, അപ്പം പങ്കുവച്ചും, സമ്പാദ്യങ്ങൾ പൊതുവകയായി കരുതിയും ഭൂമിയിൽ സ്വർഗ്ഗരാജ്യാനുഭവത്തിൽ സാക്ഷ്യമുള്ള ജീവിതം നയിക്കാൻ കഴിഞ്ഞു. സുന്ദരം എന്ന ദൈവാലയഗോപുരവാതുക്കൽ ഇരുന്ന് ഭിക്ഷ യാചിച്ചിരുന്ന മുടന്തന് നശ്വരമായ സ്വർണ്ണമോ, വെള്ളിയോ കൊടുത്തു താൽക്കാലികമായി തൃപ്തിപ്പെടുത്തി മുടന്തനായി തുടരുവാൻ അനുവദിക്കാതെ 'നസ്രയനായ യേശുവിന്റെ നാമത്തിൽ നടക്ക' എന്നു പറഞ്ഞു കൈപിടിച്ച് എഴുന്നേൽപ്പിച്ച വി. പത്രോസിന്റേയും, യോഹന്നാന്റെയും വിശ്വാസധീരതയും ആജ്ഞാശക്തിയും, മുടന്തനോട് താദാത്മ്യം പ്രാപിക്കാനുള്ള സന്നദ്ധതയും എക്കാലത്തുമുള്ള സഭാ നേതാക്കന്മാരിൽ നിന്നും ലോകം പ്രതീക്ഷിക്കുന്നുണ്ട്. (അപ്പോ.3:1–8) പത്രോസ് അപ്പോസ്തോലന്റെ നിഴൽ വീണ രോഗിയും (അപ്പോ.5:15–16) പൗലോസിന്റെ മെയ്മേൽ കിടന്ന റൂമാൽ സ്പർശിച്ച രോഗിയും(അപ്പോ.19:11–14) ഒക്കെ സൗഖ്യം പ്രാപിച്ചത് ക്രിസ്തുവിന്റെ പുനരുത്ഥാന ശക്തിയിൽ അവർ ജീവിച്ചതുകൊണ്ടാണ്. പരസ്യം നൽകി ആളെ കൂട്ടാനോ, സ്വയം സിദ്ധന്മാരാകാനോ അവരാരും ശ്രമിച്ചില്ല. തേനുള്ളിടത്ത് ശലഭവും ശവം ഉള്ളിടത്ത് കഴുക്കളും താനേ കൂടിക്കൊള്ളും.

ക്രിസ്തുവിന്റെ പുനരുത്ഥാന സന്തോഷം ലോകം മുഴുവൻ ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഉപഭോഗ സംസ്ക്കാര സ്വാധീനത്താൽ സ്വന്തം സ്വാർത്ഥ താല്പ്പര്യങ്ങൾക്കു വേണ്ടി മനുഷ്യനേയും, പ്രപഞ്ചത്തേയും നശിപ്പിക്കുന്ന പ്രവണതയിൽ നിന്ന് പിൻമാറി, സകല ജീവജാലങ്ങളേയും സ്നേഹിക്കുകയും, പരിപാലിക്കുകയും ചെയ്യുന്ന ത്യാഗ മനോഭാവത്തിലേയ്ക്ക് നമുക്കു പ്രവേശിക്കാം. ക്രിസ്തുവിന്റെ പുനരുത്ഥാന ചൈതന്യം വഹിക്കുന്ന ഒരു സമൂഹമായി പ്രപഞ്ചത്തെ ഒരു പുതിയ നവോത്ഥാനത്തിലേയ്ക്ക് നയിക്കുവാൻ നമ്മാലാവുന്നതു ചെയ്യാം.

ഏവർക്കും പുനരുത്ഥാന മംഗളാശംസകൾ



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ക്നാനായ കോൺഗ്രസിന്റെയും തിരുവല്ല പുഷ്പഗിരി ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് 22–03–2026 ഞായറാഴ്ച 10.30 am ന് വികാരി ഫാ. ജേക്കബ് കല്ലുകുളം ഉദ്ഘാടനം ചെയ്തു. കെ. കെ. ചാക്കോ കൂർക്കക്കാലായിൽ, ഷൈൻ പ്ലാന്തോട്ടം, വിനോദ് പുലുത്തുരുത്തിൽ, ലിറ്റോ മണക്കാട്ട്, സേതു കോയിത്തറ, റെജി കൂർക്കക്കാലായിൽ, ജൂബി കൊച്ചുപുരയ്ക്കൽ, മാത്യു കുരുവിള പുതിയാപറമ്പിൽ, ചിക്കു കൂർക്കക്കാലായിൽ, ജോജൻ മാവേലിൽ, തമ്പാൻ കോയിത്തറ, സാബു മാത്യു പതിയിൽ എന്നിവർ പ്രസംഗിച്ചു. പുഷ്പഗിരി ആശുപത്രിയിലുള്ള വിദഗ്ധ ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകി.


## ക്ലീമ്മീസ് പ്രസ്സ് അറിയിപ്പ്

ക്ലീമ്മീസ് പ്രസ്സ് ഓഫീസിലേയ്ക്ക് Computer D.T.P - English and Malayalam അറിയാവുന്ന ഒരു ലേഡീസ് സ്റ്റാഫിനെ ആവശ്യമുണ്ട്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ക്ലീമ്മീസ് പ്രസ്സ് ഓഫീസുമായി 25-04-2026 മുമ്പായി ബന്ധപ്പെടുക.

എന്ന് **പ്രസ്സ് മാനേജർ**

Contact in e-mail: clemispress@gmail.com.,
whatsapp no. 9605250791




## വരനെ ആവശ്യമുണ്ട്

**M. 801**

Knanaya parents invite proposals for their daughter, 29 / 169 cm. She holds a Pharm-D and a Masters in Medical Biotechnology from Canada, and is currently working in a pharmaceutical company in Canada (PR in progress). Seeking alliances from professionally qualified Knanaya boys. Please contact +393206817543(whatsapp only)

**M. 802**

Knanaya parents invite proposals for their daughter (26/165 cm), MBBS, currently working as a Junior Doctor in Ireland and preparing for PG. We seek a suitable alliance from parents of professionally qualified Knanaya boys, with a strong preference for Doctors settled in Ireland or the UK. Ph: 9633916100/8921536513

**M. 803**

B.Sc in Speech and Hearing and Language Pathology and M.Sc in Health care Leadership കഴിഞ്ഞ് UK -ൽ Speech Therapist ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (28/155 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. UK -ൽ ഉള്ളവർക്ക് മുൻഗണന. Ph. 9562141338

**M. 804**

അമേരിക്കയിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നതും ഗവ.സർവ്വീസിൽ ജോലി ചെയ്യുന്നതും തുടർന്നു പഠിക്കുന്നതുമായ ക്നാനായ യുവതി (24/5'3'', ഏക മകൾ, അമേരിക്കൻ Citizen, സാമാന്യം ഭേദപ്പെട്ട സാമ്പത്തികം). B.Sc Nurse or R.N with B.Sc Nursing കഴിഞ്ഞ് European Country യിൽ ജോലി ചെയ്യുന്നതോ ആയ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. വിളിക്കേണ്ട സമയം.

7 p.m. to 10 p.m. Ph. + 1 (914) 609-3243.
8547845539

**M. 805**

Knanaya parents invite proposals for their daughter (23/155 cm), MBA graduate, professionally placed with a Big Four firm (Deloitte). Seeking suitable alliance from parents of professionally qualified and God-fearing boys.
Ph: 9447465668, 9497636967

**M. 806**

B.Sc Nursing കഴിഞ്ഞ് അബുദാബിയിൽ ഒരു പ്രമുഖ ഹോസ്പിറ്റലിൽ സ്റ്റാഫ്നേഴ്സ് ആയിട്ട് ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/155 cm) അനുയോജ്യരായ വിദ്യാഭ്യാസയോഗ്യതയുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 8330884815, 9400710547

**M. 807**

M.Sc Chemistry യും Medical Coding ഉം പാസ്സായി എറണാകുളത്ത് Medical Coder ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (28/165 cm, (27-10-1997) ഓസ്ട്രേലിയായ്ക്ക് പോകാൻ തയ്യാറെടുക്കുന്നു) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9544171195, 8301878990

## വധുവിനെ ആവശ്യമുണ്ട്

**M. 808**

കുവൈറ്റിൽ MBA കഴിഞ്ഞ് ജോലി ചെയ്യുന്ന ക്നാനായ യുവാവ് (32/175 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ക്ഷണിച്ചു കൊള്ളുന്നു. ഏപ്രിൽ മാസത്തിൽ ലീവിന് നാട്ടിൽ വരുന്നുണ്ട്. Ph. 9605008186

**M. 809**

Knanaya parents invite proposals for their son (28/173) brought up outside Kerala who did his Bsc (H&HA) and MBA (HR) from Kerala. Now working in a reputed Resort in Kerala. Seeking alliance from professionally qualified, God fearing girls. Mob- 9744392679, 9961824769

**M. 810**

U.K. യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/5'7'' ) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. U.K. യിൽ ഉള്ളവർക്ക് മുൻഗണന. (ഇൻഡ്യയിൽ ജോലി ചെയ്യുന്ന നേഴ്സ്മാരേയും പരിഗണിക്കും.
Ph. 00447961086161, 00447859933812

**M. 811**

B.Sc Hotel Mangement കഴിഞ്ഞ് ദുബായിൽ ഒരു പ്രശസ്ത ഹോട്ടലിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/174cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9446040758, 9961600978

**M. 812**

B.Tech Electrical & Elecronics Engineering പാസ്സായി അബുദാബിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (32/171cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 9847764767

**M. 813**

നാട്ടിൽ ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (31/170cm) അനുയോജ്യരായ ക്നാനായ

യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോച നകൾ ക്ഷണിച്ചു കൊള്ളുന്നു. Ph. 9744773234, 8590841827

**M. 814**

M.Com കഴിഞ്ഞ് UAE ൽ Multi Natianal Copany-യിൽ Accountant cum administrative Assistant ആയിട്ട് ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/164cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 9447564747, 9544475391, 8330073699 (Whatsapp)

**M. 815**

Knanaya parents invite marriage proposals for their son (27/167 cm), B.Pharm graduate, DHA-licensed Pharmacist, currently working in a semi-government insurance company in Abu Dhabi. Born and brought up in Kerala. Seeking suitable alliances from God fearing, well- qualified girls from Knanaya families.
Contact- + 919495396009, +919495876009

**M. 816**

Malta-യിൽ Health Profession-ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/172 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph . 9446977070, 7902776867

**M. 817**

BHM Hotel Mangement കഴിഞ്ഞ് UK-യിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph. 8157094985

**M. 818**

Knanaya parents invite proposal for our son (30 yrs 5'10") completed Pharm D and presently working as pharmacist in Canada. He is a permanent resident in Canada. Seeking alliance from parents of God fearing and professionally qualified girls. Mob: 7306600866, 8921349899 (preferably time after 7 pm)

**M. 819**

Knanaya parents invite proposal for their Son (28/164 cm), brought up outside Kerala, MBA LOGISTICS and presently employed as Analyst-CRAFT HEINZ with a US based company in Ahamedbad. Contact: 9868783659.

**M. 820**

B.Se Hotel Mangement 4 year കഴിഞ്ഞ് ഖത്തറിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/180 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
Ph. 97477359134, 790709371

## പുനർ വിവാഹം

**M. 821**

നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ ക്നാനായ യുവാവ് (32/160cm) BA, BEd, പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകൻ. അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോച നകൾ ക്ഷണിച്ചു കൊള്ളുന്നു. പുനർവിവാഹവും പരിഗണിക്കും. Ph. 9562579905

**M. 822**

നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ ക്നാനായ യുവാവ് (33/168cm), New Zealand-ൽ Masters -നു ശേഷം എൻജിനിയർ ആയി ജോലി ചെയ്യുന്നതും, PR ഉള്ളതുമായ ക്നാനായ യുവാവിന് അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. മറ്റു ബാധ്യതകൾ ഒന്നുമില്ല. Ph. +91-9446712082, +91-9446914133

# അനുഗ്രഹദായക: തിരുവചനങ്ങൾ
# മാതാപിതാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന

"നിന്റെ അമ്മയുടെ കാര്യം ഒരിക്കലും മറക്കരുത്. ജീവിതകാലം മുഴുവൻ അവളെ ആദരിക്കണം. അമ്മയുടെ ഹിതം നോക്കണം. ഒരിക്കലും അവളെ വേദനിപ്പിക്കരുത്. മകനേ. നിന്നെ ഉദരത്തിൽ വഹിക്കുന്ന കാലത്ത് അവൾ നിനക്കു വേണ്ടി വളരെ അപകടങ്ങളെ നേരിട്ടിട്ടുണ്ടെന്ന് ഓർക്കണം" (തോബിത് 4:3-4).

**പ്രാർത്ഥന**

കുരുണാനിധിയായ ദൈവമേ, ഞങ്ങൾക്ക് ജന്മം നൽകി സ്നേഹത്തോടെയും ത്യാഗത്തോടെയും ഞങ്ങളെ വളർത്തിയ ഞങ്ങളുടെ മാതാപിതാക്കൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങ് ഞങ്ങൾക്ക് നൽകിയ ഏറ്റവും വലിയ ദാനമാണ് അവർ. കർത്താവേ! ഞങ്ങളുടെ മാതാപിതാക്കളുടെ മനസ്സിനെ വേദനിപ്പിക്കാത്ത മക്കളായി ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. ചെറുപ്പത്തിൽ അവർ ഞങ്ങളെ കൈപിടിച്ചു നടത്തിയതുപോലെ, അവരുടെ വാർദ്ധക്യത്തിലും ബലഹീനതകളിലും സ്നേഹത്തോടെ അവരെ താങ്ങാൻ ഞങ്ങൾക്ക് കൃപ നൽകണമെ. മാതാപിതാക്കളെ ആദരിക്കണമെന്ന അങ്ങയുടെ കല്പന പാലിക്കാനും, അവരുടെ വാക്കുകളെ ബഹുമാനിക്കാനും എപ്പോഴും അവർക്ക് സന്തോഷം നൽകുന്നവരായിരിക്കാനും ഞങ്ങളെ പഠിപ്പിക്കണമെ.

അമ്മയുടെ ഉദരത്തിൽ ഞങ്ങൾ രൂപപ്പെട്ട നാൾ മുതൽ അവർ ഞങ്ങൾക്കായി സഹിച്ച എല്ലാ വേദനകളും നേരിട്ട അപകടങ്ങളും ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. അവരുടെ വിശ്രമകാലം സമാധാനപൂർണ്ണമാക്കണമേ. ആയുസ്സും ആരോഗ്യവും നൽകി അവരെ അനുഗ്രഹിക്കണമെ. ആമ്മീൻ.

"മകനേ, പിതാവിനെ വാർദ്ധക്യത്തിൽ സഹായിക്കുക; മരിക്കുന്നതുവരെ അവനു ദുഃഖമുണ്ടാക്കരുത്. അവന് അറിവു കുറവാണെങ്കിലും സഹിഷ്ണത കാണിക്കുക; നീ എത്ര ബലവാനാണെങ്കിലും അവനെ നിന്ദിക്കരുത്. പിതാവിനോടു കാണിക്കുന്ന കാരുണ്യം വിസ്മരിക്കപ്പെടുകയില്ല; പാപങ്ങളുടെ കടം വീടുന്നതിന് അതുപകരിക്കും.


കഷ്ടതയുടെ ദിനത്തിൽ അതു നിനക്കു കാരുണ്യത്തിനായി ഭവിക്കും. സൂര്യപ്രകാശത്തിൽ മൂടൽ മഞ്ഞെന്നപോലെ നിന്റെ പാപങ്ങൾ മറഞ്ഞുപോകും. (പ്രഭാഷകൻ 3:12-15)

**36 –ാം ചരമവാർഷികം**
**30-03-2026**

**22 –ാം ചരമവാർഷികം**
**04-08-2026**

**2 –ാം ചരമവാർഷികം**
**04-05-2026**





**പി.എസ്. തോമസ്**

**മറിയാമ്മ തോമസ്**

**പി.റ്റി. സ്കറിയ**
**(Paul Babu)**


**പുത്തൻപറമ്പിൽ, ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

---

**47 –ാം ചരമവാർഷികം**
**05-04-2026**

**20 –ാം ചരമവാർഷികം**
**17-06-2026**



**കുര്യൻ മത്തായി**

**മറിയാമ്മ മത്തായി**

**തെക്കുംമുറിയിൽ, വള്ളംകുളം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

Inserted by: Great Grand Children
Leon Joseph, Noah Joseph, Juana,
Abhigail, Joah

---

**28 –ാം ചരമവാർഷികം**
**03-05- 2026**

**15 –ാം ചരമവാർഷികം**
**04-04- 2026**




**എം.സി. ചാക്കോ**

**ചിന്നമ്മ ചാക്കോ**

**മേപ്പുറത്ത്**
**മുണ്ടപ്പുഴ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

34th Death Anniversary
08-04-2026



**C.K.Joseph**
(Pappachen)
**Cherivuparambil**
**Angadi, Ranny**
Sorrowing Family

16 – ാം ചരമവാർഷികം
16-04-2026




പി. റ്റി. പുന്നൂസ്
പ്ലാന്തോട്ടത്തിൽ മലയിൽ
ഇരവിപേരൂർ, തിരുവല്ല
സന്തപ്ത കുടുംബാംഗങ്ങൾ

16 – ാം ചരമവാർഷികം
26-04-2026



ഉതുപ്പാൻ ഏബ്രഹാം
(അവറാച്ചൻ)
തെക്കേപറമ്പിൽ
എസ്. പുരം, കുറിച്ചി
സന്തപ്ത കുടുംബാംഗങ്ങൾ

23 – ാം ചരമവാർഷികം
23-04-2026



കെ. യു. അന്ത്രയോസ്
കിഴക്കേക്കുറ്റ്
വാകത്താനം
സന്തപ്ത കുടുംബാംഗങ്ങൾ



05 – ാം ചരമവാർഷികം
21-04-2026

കുഞ്ഞമ്മ ജോർജ്
ഓച്ചാലിൽ,
വള്ളംകുളം

സന്തപ്ത കുടുംബാംഗങ്ങൾ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.

07 – ാം ചരമവാർഷികം
06-05-2026



**K.U. Mathewkutty**

22 – ാം ചരമവാർഷികം
26-04-2026



**Aleyamma Uthuppan**

**Pazhayakalam Neisseril, Kurichy**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.



## ഇമ്പങ്ങളുടെ പറുദീസയിൽ 50 വർഷം

26-04-2026

# C.T. SKARIA

**CHATHURATHUNDIYIL, S.PURAM KURICHY**

ഭാര്യ -TITTY KUTTY ZACHARIAH

| മക്കൾ | | മരുമക്കൾ |
|---|---|---|
| BEEENA | - | THOMAS |
| REV. SR. DEBORA | | |
| RANI | - | BIJU |

കൊച്ചുമക്കൾ

Mithu -Shinto, Mekha-Jubin, Jastin-Nayana, Ashin, Edwin

"ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരിക്കലും മരിക്കുകയില്ല" (St. Jn. 11:25-26)

## 1-ാം ചരമവാർഷികം

02-05-2026



**കെ.എസ്.ഫിലിപ്പ്കുട്ടി**

കൊണ്ടൂർ ചിങ്ങവനം

## 1-ാം ചരമവാർഷികം

30-04-2026



**സൂസമ്മ ഏബ്രഹാം**

കടവിൽ പുല്ലരികുന്ന്

ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവൻ ആകുന്നു

വി. യോഹന്നാൻ 17:3

സന്തപ്ത കുടുംബാംഗങ്ങൾ

# 40 – ാം ചരമദിനം

31 – 03 – 2026



# പി.ഐ. രാജൻ (രാജു)

## പുളിമൂട്ടിൽ ഹൗസ്, സീതത്തോട്

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "


നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

*In loving memory, forever and always in God's embrace.*

51$^{st}$ Death Anniversary
7$^{th}$ April 2026



Jackson Jacob

21$^{st}$ Death Anniversary
22$^{nd}$ April 2026



Saramma Jacob

## 40$^{th}$ Day Anniversary of Eternal Rest
## 2$^{nd}$ April 2026



Jacob Kurian

THYKURINJIYIL (Thiruvanvandoor)

KURICHY

*May God's everlasting love surround you.*

13-ാം ചരമവാർഷികം
25-03-2026



**ABRAHAM PAPPEN**

40-ാം ചരമദിനം
03-04-2026



**KUNJAMMA PAPPEN**



29-ാം ചരമവാർഷികം
19-01-2026



**M.P. RAJU**

03-09-2025




**JOLLY SABU**

Advt - R


**Mepparathu,
Blockpadi, Ranny**

**1st Year of Remembrance**
**10-03-2026**



**E. A. ABRAHAM**
**Elakuttoor Vadakkethil**
**West Othera**

**15th Year of Remembrance**
**22-03-2026**



**ABRAHAM JOSEPH**
**Thekkumthra**
**Thiruvanvandoor**

I am the resorrection and the life. Anyone who belives in me will live, even after death
By loving family

**04 –ാം ചരമവാർഷികം**
**06-04-2026**



**സ്കറിയ കുറിയാക്കോസ്**
**കരിമ്പന്നൂർ, കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**16 –ാം ചരമവാർഷികം**
**07-04-2026**



**കെ.എ. സ്കറിയ (തങ്കച്ചൻ)**
**മാക്കോന്തറയിൽ**
**സായ്പ്പുകവല, ചിങ്ങവനം**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

55 – ാം ചരമവാർഷികം
27-05-2026



**വെരി. റവ. പി.ജെ.തോമസ്**
**കോർ എപ്പിസ്കോപ്പാ M.A.L.T.**
(മുൻ അഡ്മിനിസ്ട്രേറ്റർ)

01 – ാം ചരമവാർഷികം
06-05-2026



**പി.റ്റി. പുന്നൂസ്**
**(കുഞ്ഞൂഞ്ഞുട്ടി)**

**പുരയ്ക്കൽ, റാന്നി**

സന്തപ്ത കുടുംബാംഗങ്ങൾ

1 – ാം ചരമവാർഷികം
19-04-2026




**കുഞ്ഞമ്മ ഏബ്രഹാം**
**മരങ്ങാട്ട്**
**പാത്താമുട്ടം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

50th Death Anniversary
05-04-2026

34th Death Anniversary
11-10-2026



**Chakunny Thomas** **Achamma Thomas**

**Chirapurayidathil**
**Chingavanam**

By sorrowing family

**04 – ാം ചരമവാർഷികം**
**11-04-2026**



**അന്നമ്മ മാത്യു**
**മംഗലത്ത് വീട്, ഇരവിപേരൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**04-ാം ചരമവാർഷികം**
**18-04-2026**



**ചെറിയാൻ ചാക്കോ (കുട്ടച്ചൻ)**
**ആയിരംതൈക്കൽ, വാകത്താനം**


**സന്തപ്ത കുടുംബാംഗങ്ങൾ**

**01-ാം ചരമവാർഷികം**
**29-04-2026**




**സാറാമ്മ ചാക്കോ**

**26-ാം ചരമവാർഷികം**
**13-04-2026**




**ചാക്കോ ചാക്കോ**

**18-ാം ചരമവാർഷികം**
**10-09-2026**



**അന്നമ്മ ചാക്കോ**

**17-ാം ചരമവാർഷികം**
**18-02-2026**



**ജോയി ചാക്കോ**

**അട്ടച്ചിറ**
**വാകത്താനം**

**സന്തപ്ത കുടുംബാംഗങ്ങൾ**

## Fond Memories!




**Thankamma Punnoose**
**Thombumannil**
**Tadathil**

Died: 27 Oct.-2024

**P. Punnoose**
**Kudakanal**

Died: 15 Apr-.2016


**40 – ാം ചരമദിനം**
**09-04-2026**



**ജോയ്ക്കുട്ടി ആൻഡ്രൂസ്**
**ആനിയ്ക്കൽ, വാകത്താനം**

നിങ്ങൾക്കെല്ലാം ഞാൻ പ്രിയപ്പെട്ടവനായിരുന്നു. എന്നാൽ നിങ്ങളിലുപരി എന്നെ ഇഷ്ടപ്പെടുന്ന എന്റെ കർത്താവ് എന്നെ നിത്യ ജീവിതത്തിലേയ്ക്ക് ക്ഷണിച്ചു. ഇനി ഞാൻ വിശ്രമിക്കട്ടെ എന്റെ കർത്താവിന്റെ പക്കൽ. നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും ഓർക്കേണമെ.

പ്രാർത്ഥനയോടെ
ഭാര്യ: ഐബി, മക്കൾ: ജിബി, ജോബി
കൊച്ചുമകൾ: അമേയാ, സഹോദരങ്ങൾ: സജി ലിസി.



**26 – ാം ചരമവാർഷികം**
**22-04-2026**

**ഇടുക്കുള (കുട്ടപ്പൻ)**
**മാലികറുകയിൽ**
**മാന്നാർ**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ.
**സന്തപ്ത കുടുംബാംഗങ്ങൾ**

11 – ാം ചരമവാർഷികം
17-04 -2026




**ചിന്നമ്മ ഏബ്രഹാം**
**കൊല്ലംപറമ്പിൽ**
**ചാന്നാനിക്കാട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

48 – ാം ചരമവാർഷികം
16-04-2026



**സി.യു. ജോൺ** (ബേബി)
**ചിറയിൽപീടിക, ജോയിഹോം, തേക്കടി**
**സന്തപ്ത കുടുംബാംഗങ്ങൾ**

**Jungle Park Resorts**
**Kripa Restaurant**
**Lake Road, Thekkady**

---

04 – ാം ചരമവാർഷികം
29-04-2026

11 – ാം ചരമവാർഷികം
19-12-2026



**ജോയി പുന്നൂസ്** **കുഞ്ഞമ്മ ജോയി**

**ചെരിക്കലേത്ത്**
**ഐത്തല, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

22 – ാം ചരമവാർഷികം
12-04-2026



**വി. കെ. സെഫനി**
**വൈക്കത്തുശ്ശേരിൽ**
**മാമ്പുഴക്കരി (വെണ്ണിക്കുളം)**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**02 – ാം ചരമവാർഷികം**
**28-04-2026**




## സാറാമ്മ ജോസഫ്
**കരിക്കാറ, തുരുത്തിക്കാട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**മക്കൾ: ദീപൂ & മഞ്ചു, ഷാലു & മരിയ**
**കൊച്ചുമക്കൾ: ഇവാന, റെയ്ച്ചൽ & ക്രിസ്റ്റൽ**

**സന്തപ്ത കുടുംബാംഗങ്ങൾ**

**25 – ാം ചരമവാർഷികം**
**12-04-2026**



## K.O. Zachariah
**Kavumkal**
**Nellickamon, Ranni**
**Sorrowing Family**

**02 – ാം ചരമവാർഷികം**
**06-05-2026**




## മറിയാമ്മ മാത്യു (കുഞ്ഞൂഞ്ഞമ്മ)
**കൊട്ടാരകളത്തിൽ (ചക്രപുരയിൽ)**
**കുറിച്ചി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**ഭർത്താവ്: പരേതനായ കെ.കെ. മാത്യു.**
**മക്കൾ: ബിന്നി, ബിജു, ബിനു**
**മരുമക്കൾ: ലീനു, ഷിബി, ലോലി**


*സ്നേഹസ്മരണയ്ക്ക്*

**16 – ാം ചരമവാർഷികം**
**11-04-2026**



**T. M. Abraham**
(Babu)
**തോമ്പുമണ്ണിൽ**
**ഇടക്കുളം, റാന്നി**


**21 – ാം ചരമവാർഷികം**
**22-04-2026**



**T. O. Kuruvilla**
(Rtd. Insp.K.S.R.T.C)
**തുണ്ടിയിൽ**
**കറ്റോട്**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**15 – ാം ചരമവാർഷികം**
**12- 04-2026**



**ഫാ. കെ.റ്റി മാത്യു**
**ആലഞ്ചേരിൽ, വാകത്താനം**

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രീയാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം
**സന്തപ്ത കുടുംബാംഗങ്ങൾ**

**24 – ാം ചരമവാർഷികം** **25 – ാം ചരമവാർഷികം**
**27-04-2026** **23-04-2026**



**മാത്യു കുരുവിള** **ചിന്നമ്മ കുരുവിള**
**കുന്നത്തിൽ**
**ചെങ്ങളം, കോട്ടയം**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**45 – ാം ചരമവാർഷികം**
**16-04-2026**



**എ.സി. കുറിയാക്കോസ്**
**ആലുങ്കൽ**
**നീലംപേരൂർ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**06 – ാം ചരമവാർഷികം**
**12-04-2026**



**എം.ജെ. ഏബ്രഹാം (കുഞ്ഞവറാച്ചൻ)**
**മുട്ടത്ത്, വെളിയനാട്**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**19 – ാം ചരമവാർഷികം**
**10-05-2026**



**ഫിലിപ്പ് ജോസഫ് (രാജു)**
**വട്ടത്തകിടിയിൽ**
**ചിങ്ങവനം**
സന്തപ്ത കുടുംബാംഗങ്ങൾ

**10 – ാം ചരമവാർഷികം**
**25-04-2026**



**T. M. Alexander**
**Thythara**
**Chingavanam**
Sorrowing Family

**03 – ാം ചരമവാർഷികം**
**21-04-2026**



**അമ്മിണി ഏബ്രഹാം**
**വാലടിത്തറ**
**മുളയ്ക്കാൻതുരുത്തി**
സന്തപ്ത കുടുംബാംഗങ്ങൾ

**17 – ാം ചരമവാർഷികം**
**21-04-2026**



**എം. റ്റി. ജോസ്**
**പുത്തൻപറമ്പിൽ**
**കുന്നങ്കരി, ചിങ്ങവനം**
സന്തപ്ത കുടുംബാംഗങ്ങൾ

**24 – ാം ചരമവാർഷികം**
**25-04-2026**



**ശോശാമ്മ മാത്യു**
**നൈപ്പള്ളിയൂഴത്തിൽ**
**കല്ലിശ്ശേരി**
സന്തപ്ത കുടുംബാംഗങ്ങൾ

**04 – ാം ചരമവാർഷികം**
**18-04-2026**




**അന്നമ്മ ജോൺ** (അമ്മാൾ)
**കരോട്ടെകുറ്റ്**
**വെള്ളൂത്തുരുത്തി**
സന്തപ്ത കുടുംബാംഗങ്ങൾ

**02 – ാം ചരമവാർഷികം**
**13-03-2026**



**Jacob Abraham**
**Kannalil**
**Ranny**
സന്തപ്ത കുടുംബാംഗങ്ങൾ

**04 – ാം ചരമവാർഷികം**
**17-04-2026**




**വി.കെ. കുര്യൻ** (പാപ്പച്ചൻ)
**വൈക്കത്തുശ്ശേരിൽ**
**കുഴിമറ്റം, കോട്ടയം,**
**(മാമ്പുഴക്കരി)**
സന്തപ്ത കുടുംബാംഗങ്ങൾ

**21 – ാം ചരമവാർഷികം**
**12-05-2026**




**ലിസ്സി ഏബ്രഹാം**
**പള്ളിയമ്പിൽ**
**കാവുംഭാഗം, തിരുവല്ല**
സന്തപ്ത കുടുംബാംഗങ്ങൾ

**04 – ാം ചരമവാർഷികം**
**19-04-2026**



**റ്റി.എസ്. കുറിയാക്കോസ്**
**തെക്കേപറമ്പിൽ**
**കുറിച്ചി**
സന്തപ്ത കുടുംബാംഗങ്ങൾ

**32 – ാം ചരമവാർഷികം**
**03-05-2026**



**എം. റ്റി. ജോസഫ്**
**കടയ്ക്കേത്ത്**
**മുരിങ്ങകാലായിൽ**
**മന്ദിരം, റാന്നി**
സന്തപ്ത കുടുംബാംഗങ്ങൾ

**27 – ാം ചരമവാർഷികം**
**24-04-2026**



**Chinnamma Pothen**
**Kavumkal**
**Angadi, Ranny**
Sorrowing Family


## ആദരാഞ്ജലികൾ



### ഫാ. ഏലിയാസ് കുരുവിള
പുതുവീട്ടിൽ

ക്നാനായ ദീപം & ക്ലീമിസ് പ്രസ്സ്





**Empower Next Conducted @ Mamangam**
St. Marys Church, Lead ByJomy Jacob IRS
& Sherly Regimon, CEO Milan Designs


## ക്നാനായദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.




**E-mail: kna.deepam@gmail.com,**
**Whats App No. 8547584440**

### Knanayadeepam Bank Details

| | |
|---|---|
| A/c.No. 57004254154<br>Chef Editor and Mg. Editor<br>Knanayadeepam<br>SBI Chingavanam<br>IFSC SBIN 0070128 | Knanayadeepam<br>A/c.No. 12990200001178<br>Federal Bank, Chingavanam.<br>IFSC. FDRL 0001299 |

പരസ്യചാർജ്ജുകളും,
വരിസംഖ്യയും
അടയ്ക്കുന്നതിന്
QR Code
സ്കാൻ ചെയ്യുക

SCAN & PAY

Contact :
മാനേജിംഗ് എഡിറ്റർ
9447563240
8547584440

Registered No. KL/CHC/29/2024-26
Published on 15 April 2026
License No. KL/CR/CHC/WPP-3/2024-26
Licensed to Post Without Prepayment

**KNANAYA DEEPAM**
Chingavanam

PRGI No. KERBIL/2006/19210
Vol. 37, Issue: 4 ₹20

Posted at RMS Kottayam




Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ABRAHAM MATHEW (ROY ACHAN) COR-EPISCOPA MULAMOOTTIL**